# സാമന്തസമുദായ ആചാരവിധി

**സാമന്തസമാജം കേന്ദ്രക്കമ്മിറ്റി പാലക്കാട്**

**അച്ചടിച്ചു പ്രസിദ്ധിപ്പെടുത്തുന്നത്**

**WITH BEST COMPLIMENTS**
**FROM**

P.K. NEDUNGADI & BROS

(WHITE SHOP)

Gandhi Bazar, Palghat- 14

# സാമന്തസമുദായ ആചാരവിധി

**സാമന്തസമാജം കേന്ദ്രക്കമ്മിറ്റി പാലക്കാട്**
**അച്ചടിച്ചു പ്രസിദ്ധിപ്പെടുത്തുന്നത്**

കോൺഗ്രസ്സ് പ്രസ്സ്, പാലക്കാട്.

# സമർപ്പണം

മാന്യരെ,

സമാജം പ്രവർത്തകരുടെ ഒരു ചിരകാലാഭിലാഷമായിരുന്നു നമ്മുടെ ഇടയിൽ ആചരിച്ചുവരുന്ന സാമൂഹ്യ ആചാരങ്ങളെ കാലത്തിനൊത്ത് യുക്തി സഹമായി പരിഷ്കരിച്ച് ബഹു: അംഗങ്ങളുടെ അറിവിലേക്കും ആവശ്യമുള്ള പക്ഷം പരസഹായം കൂടാതെ, സ്വയം ശീലിക്കുവാനും ഉതകുമാറ് ഒരു ഗ്രന്ഥരൂപത്തിൽ സമാഹരിച്ച് പ്രസിദ്ധീകരിക്കുക എന്നത്. നമ്മുടെ സാംസ്കാരത്തിന്റെ അന്തസത്ത പരമാവധി ഉൾക്കൊണ്ടുകൊണ്ടും വിവിധ സ്ഥലങ്ങളിൽ അനുഷ്ഠിച്ചു വരുന്ന സമ്പ്രദായങ്ങളിൽ യുക്തമായവ സ്വീകരിച്ചുകൊണ്ടും വ്യത്യാസങ്ങൾ എല്ലാവർക്കും സ്വീകാര്യമായ ഒരു പൊതു സംഹിതയെയാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ ഉൾകൊണ്ട വിഷയങ്ങൾ എല്ലാവർക്കും സ്വീകാര്യമായതും, പ്രതിപാദ്യം യുക്തി സഹജവുമാക്കുവാൻ ഞങ്ങൾ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. എല്ലാ സാമന്ത ഭവനങ്ങളിലും ഈ ഗ്രന്ഥത്തിന്റെ ഒരുപ്രതി സൂക്ഷിച്ചു വെക്കേണ്ടതാണന്നും ഞങ്ങൾക്കഭിപ്രായമുണ്ട്.

ഏതൊരു സമുദായത്തിന്റെയും മുതൽ കൂട്ട് ആ സമുദായത്തിന്റെ പിഞ്ചോമനകളാണ്. ഈ കാര്യം മുമ്പിൽവച്ച് അവരുടെ സാംസ്കാരികോന്നമനത്തിന് ഉതകുന്ന വിഭവങ്ങൾ ഇതിൽ ചേർക്കുവാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്.

സമുദായാംഗങ്ങൾ ഈ പരിശ്രമത്തെ സഹർഷം സ്വാഗതം ചെയ്യുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

ആചാരാനുഷ്ഠാനങ്ങളിൽ പ്രാദേശികമായി ചില

വ്യത്യാസങ്ങളെല്ലാം ഉണ്ടാവാൻ സാദ്ധ്യതയുണ്ട്. ഈ വ്യത്യാസങ്ങൾ ഇല്ലാതാക്കുവാൻ ഞങ്ങൾ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. എങ്കിലും, ആചരിച്ചുവരുന്ന സമ്പ്രദായങ്ങളിൽ യുക്തമെന്ന് അവരവർക്കു തോന്നുന്നത് സ്വീകരിക്കുന്നത് ശരിയായിരിക്കും.

സമാജത്തിന്റെ ഈ സംരംഭം വിജയപ്രദമാക്കി തീർക്കുവാൻ അനർഘമായ ഉപദേശനിർദ്ദേശങ്ങളും ഇതിന്റെ കരടുരേഖ തന്നെയും എഴുതിതന്ന് ഞങ്ങളെ അനുഗ്രഹിച്ച ശ്രീമാൻ നന്നാട് ഇട്ടിരാരിച്ചൻ നെടുങ്ങാടി അവർകളോട് ഞങ്ങൾക്കുള്ള അകൈതവമായ സ്നേഹ ബഹുമാനങ്ങൾ അർപ്പിക്കുവാൻ ഈ അവസരം ഞങ്ങൾ വിനിയോഗിക്കുകയും അദ്ദേഹത്തിനോട് സമാജത്തിനുള്ള അപാരമായ നന്ദി രേഖപ്പെടുത്തുകയും ചെയുന്നു.

അവസാനിക്കുന്നതിനു മുമ്പ് ഒരു വാക്കുകൂടി. ഈ സംരംഭം കുറ്റവിമുക്തമാക്കുവാൻ ഞങ്ങൾ പരമാവധി ശ്രമിച്ചിട്ടുണ്ട്. എങ്കിലും ചില ചില്ലറ പിശകുകൾ വന്നുപോയിട്ടുണ്ടെങ്കിൽ ബഹുമാന്യരായ അംഗങ്ങൾ ക്ഷമിക്കുമാറാകണമെന്നും അവ ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് ക്രിയാത്മകമായി സഹകരിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് ഈ ഉപഹാരം സമാജാംഗങ്ങൾക്കു സമർപ്പിക്കുന്നു.

എന്ന്

സാമന്ത സമാജം കേന്ദ്ര കമ്മിറ്റി

പാലക്കാട്

# സദ്ഗമയ!

**ആമുഖം**

"സാമന്ത സമാജം" പ്രസിദ്ധീകരിക്കുന്ന ഈ കൊച്ചു പുസ്തക 'സാമന്ത' രെന്ന കേരളീയ ജനതാ വിഭാഗത്തെ ഉദ്ദേശിച്ചു രചിക്കപ്പെട്ടിട്ടുള്ളതാണ്. അക്കാരണത്താൽ ത്തന്നെ, ഇതിലെ ഉള്ളടക്കത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ ഇതര ജനവിഭാഗീയർക്ക് തികച്ചും സ്വീകാര്യങ്ങളായിക്കൊള്ളണമെന്നില്ല എന്നും പറയണം.

ഒരു സമൂഹത്തിന്റെ ബാഹ്യവും അന്തരവുമായ ഐക്യത്തിന് ആസമുദായാംഗങ്ങളുടെ ആചാര ജീവിത ക്രമങ്ങളുടെ ഐക രൂപ്യം വളരെയധികം സഹായകവും ഉപോൽബലകവുമായിത്തന്നെ അനുഭവപ്പെടുന്നു സമുദായത്തിന്റേതായ സാംസ്കാരിക പാരമ്പര്യങ്ങളും ആചാരക്രമങ്ങളും പാലിക്കുന്നതിൽ നിഷ്കർഷയും ഹൃദയപൂർവ്വമായ ശ്രദ്ധയും ഓരോ അംഗത്തിനും ഉണ്ടായിരിക്കണം. വ്യക്തികൾ സമുദായ മര്യാദകൾക്ക് വേണ്ടത്ര പ്രാമുഖ്യം കൊടുത്ത് അവയെ അനുസരിക്കണമെന്നർത്ഥം.

അതേസമയം കാലദേശാവസ്ഥകൾക്ക് അനുസരിച്ച് നാം നമ്മുടെ ജീവിത സമ്പ്രദായങ്ങളിലും ആചാരാദികളിലും ആവശ്യമായ വ്യതിയാനങ്ങൾ വരുത്തേണ്ടതും ആ വക മാറ്റങ്ങളെ സാമുദായിക നിലവാരത്തിൽ അംഗീകരിച്ച് ആചരിക്കേണ്ടതും ആവശ്യമാണ്. ആ വിധം വേണ്ട ഭേദഗതികൾ ചെയ്യുന്നതിൽ ധർമ്മഭ്രംശം ആരോപിക്കാനില്ല മനുഷ്യർ അന്നന്നത്തെ ആവശ്യങ്ങൾക്കും കാലഗതിക്കും അനുസരിച്ച് അപ്പപ്പോൾ ആചാരദികളിൽ മാറ്റങ്ങൾ വരുത്തിപ്പോന്നിട്ടുണ്ട്. പക്ഷേ ആവകവ്യതിയാനങ്ങൾ

അടിസ്ഥാനപരങ്ങളായ സിദ്ധാന്തങ്ങളെ കീഴുമേൽ മറിക്കുന്നവയാകാതെ നോക്കുകയും വേണം. ഏതു സ്ഥിതിയിലും കാലചക്രഗതിയിലും മാറാത്തതായി വർത്തിക്കുന്നു നമ്മുടെ യഥാർത്ഥ സംസ്കാരാന്തർധാരയും അതിനെച്ചുറ്റിയുള്ള ആചാരങ്ങളും.

അല്പം കൂടെ വ്യക്തമാക്കാം. വിദ്യാഭ്യാസരീതികൾ മാറി മാറി വരുന്നു. പക്ഷെ വിദ്യാഭ്യാസം എന്ന സംസ്കാരത്തിന് മാറ്റമില്ല. വിവാഹ സമ്പ്രദായങ്ങൾ വളരെ മാറിയിട്ടുണ്ട് പക്ഷെ വിവാഹം എന്ന ആചാരം അങ്ങിനെ നിലനിൽക്കുന്നു. കാലം വരുത്തുന്ന ഏതാദൃശ വ്യത്യാസങ്ങൾ നമ്മുടെ ജീവിത ചര്യകളിൽ ഉടനീളം കാണാം.

നമ്മുടെ ജീവിത രീതികളിലും ആചാരാനുഷ്ഠാനങ്ങളിലും വന്നിട്ടുള്ള നിരവധി വ്യതിയാനങ്ങൾക്കിടയിൽ പലതും മാഞ്ഞു മാഞ്ഞ് ഇന്നില്ലാതായിട്ടുണ്ട്. കാലം ഒരു മഹാശക്തിയാണ്. മാഞ്ഞുമറഞ്ഞവയെപ്പറ്റി വേവലാതിപ്പെടുകയോ അവയെ പുന : പ്രതിഷ്ഠ ചെയ്യാൻ മുതിരുകയോ ചെയ്യുന്നത് പാഴ് വേലയാണ്. അതിന്റെ ആവശ്യവുമില്ല കാലം മുന്നോട്ടുമാത്രമേ ചുറ്റുന്നുള്ളു. പിന്നിലേക്കില്ല അതിന്റെഗതി, വിട്ടുപോയ ആചാരാദികൾ പുരോഗതിയുടെ ഭാഗമായി വന്ന വീക്ഷണഭേദങ്ങൾക്ക് ബലികളായി തിരോഭവിച്ചവയാണ് ഇന്നുള്ളവയും അടുത്തോ അകലയോ ഉള്ള ഭാവിയുടെ പിഞ്ചരികോച്ചാലനത്തിന്റെ ഫലമായി ഇല്ലാതാകയോ മറ്റൊന്നാകയോ ചെയ്യാം. അവയെചൊല്ലി വ്യാകലത അടയെണ്ടതില്ല നാം ശിലായുഗത്തിൽനിന്ന് ഇന്നത്തെ നിലയിൽ എത്തിയിട്ടുള്ളതുതന്നെ എണ്ണമറ്റ പരിവർത്തനങ്ങളിലൂടെയാണല്ലൊ.

അതിനാൽ ബാഹ്യമാത്ര വ്യതിയാനങ്ങളെ അവഗണിച്ച് നാം ആന്തര കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കേണ്ടതാണ്. കർത്തവ്യശ്രദ്ധ, സത്യം, ധർമ്മം, ദയ, ധൈര്യം സ്നേഹം, ദൈവഭക്തി മുതലായവ വിവിധ ഗുണങ്ങൾ നമ്മിലും നമ്മുടെ അനന്തര തലമുറകളിലും വളർത്തി നിലനിർത്തുന്നതിൽ നാം കൂടുതൽ നിഷ്കർഷയും ശ്രദ്ധയും സമ്പാദിക്കേണ്ടിയിരിക്കുന്നു. സംസ്കാര മൂല്യങ്ങൾ ചോർന്നുപോയിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ നിഷ്കർഷ അത്യന്താപേക്ഷിതമാണ്. സംശയമില്ല.



ഇന്നുള്ള മദ്ധ്യവയസുകരിൽ പോലും ഒരു നല്ല ശതമാനം നമ്മുടെ സംസ്കാരപാരബര്യത്തിൽനിന്ന് അകന്നു നിൽക്കുന്നവരാണ്. പരദേശവാസം, പരസമുദായങ്ങളുമായുള്ള നിരന്തരസമ്പർക്ക പരിഷ്കാരത്തിന്റെ സഫൂലാർത്ഥത്തിൽ കുടുങ്ങിപ്പോയതിനാലുള്ള വീക്ഷണഭേദം മുതലായി പലകാരണങ്ങളും ഇതിന്ന് ന്യായമായും പറയാവുന്നതാണ്. അതിൽ ആരേയും കുറ്റം പറയുവാനില്ല. ആചാരമര്യാദകൾ വ്യവച്ഛേദിക്കപ്പെട്ട ആ പഴയ കാലത്തേയും ഇന്നത്തേയും സാമുദായികവും മാനുഷീകവുമായ ജീവിത രീതികളിൽ വന്നിട്ടുള്ള മാറ്റം ചിന്തതീതമാണല്ലൊ.

ഭൗതികത്വത്തിന്ന് ആത്മീയത അല്ലെങ്കിൽ ആദ്ധ്യാത്മികത അകമ്പടി സേവിക്കാത്തതിന്റെ ന്യൂനതയാണ് ഇന്നത്തെ അശാന്തിക്കും ക്രൂരതകൾക്കും അനാശാസ്യ പ്രവർത്തികൾക്കും മൂലകാരണം ആന്യൂനത പരിഹരിക്കേണ്ടവരും നാം തന്നെ.

'താനും ജീവിക്കുക, മറ്റുള്ളവരെ ജീവിക്കാൻ അനുവദിക്കുകയും ചെയ്യുക' എന്ന മഹദ്വിചാരത്തിൽ ഊന്നിനിന്ന് 'പരമസുഖമേ സുഖമെനിക്കുനിയതം പരദു:ഖം ദു:ഖം' എന്നു തോന്നുന്ന ആ വിശാലതലംവരെ നാം വളരേണ്ടി

യിരിക്കുന്നു. അങ്ങിനെയുള്ള ഒരു മഹാമനസ്കത കൈവരുത്തുക എന്നത് തുലാം ദുഷ്കരം തന്നെയാണു താനും. പക്ഷെ പരിശ്രമാർഹമാണ് സംശയമില്ല.

"നീ നല്ലവനായിത്തീരുവാൻ യത്നിക്കുക; നല്ലവനായി ത്തീരുക എന്നാൽ ലോകത്തിൽ ഒരു ചീത്ത മനുഷ്യൻ കുറഞ്ഞുവെന്ന് നിനക്ക് തീർച്ചയായും സമാധാനിക്കാം" എന്നു ഒരു മഹാൻ പറഞ്ഞിട്ടുള്ളത് ചിന്താർഹമാണ്. ഓരോരുത്തനും ആദ്യം അനനവനെത്തന്നെ നല്ലവനാക്കുക. അപ്പോൾ സമുദായം നന്നാവും ലോകം ശാന്തി സുഖ മയമാകും.

മനുഷ്യോന്നമനത്തെയും ലോകക്ഷേമത്തേയും ഉദ്ദേശിച്ച നമ്മുടെ മഹത്തുക്കളായ പൂർവ്വാചാര്യന്മാർ പല മഹദ് ഗ്രന്ഥങ്ങളും രചിച്ച് നമുക്ക് സമ്മാനിച്ചുപോയിട്ടുണ്ട്. അവയെ നാം ആവുന്നത്ര മനസ്സിരുത്തി പഠിക്കേണ്ടിയിരിക്കുന്നു. അവ സമ്പൂർണ്ണമായ രൂപത്തിൽ നമുക്ക് സ്വീകാര്യങ്ങളല്ലെങ്കിലും അടിസ്ഥാനപരങ്ങളായ ധർമ്മ കർമ്മങ്ങളെ സംബന്ധിച്ചിടു ത്തോളം അവ വെളിച്ചം പകരുന്ന ദീപസ്തംഭങ്ങളത്രെ.

പഴയ കാലങ്ങളേയും ഇന്നത്തെ നിലയേയും താരതമ്യപ്പെടുത്തി നെടുവീർപ്പിടുന്നത് മൗഢ്യമാണ്. വളരെ കാലമായി അനുവർത്തിച്ചുപോന്നവയാണെന്ന കാരണത്താ ൽ മാത്രം പഴയ ആചാരങ്ങൾ ഇന്നും സ്വീകാര്യമാകണ മെന്നില്ല. ചില പ്രത്യേകത കാരണങ്ങളാൽ ചില പ്രത്യേകത സാഹചര്യങ്ങളിൽ ചെയ്തുപോയ ഒരു കാര്യം തുടർന്നുള്ള ആവർത്തനം കൊണ്ട് ആചാരമായി രൂപം കൊള്ളാം ഒരു പ്രവൃത്തി അതേപടി ആവർത്തിച്ചാവർത്തിച്ച് ചെയ്യുമ്പോളാ ണല്ലോ അതു ഒരു സമ്പ്രദായ ആചാരം - ആകുന്നത്, ''മുമ്പിൽഗമിച്ചീടിന ഗോവുതന്റെ പിമ്പേഗമിക്കുന്ന ഗോക്കളാണ് നാം'' കാര്യകാരണ ചിന്തയെപ്പോലും



ഗുരുത്വക്കേടും ദൈവദോഷവുമായി ഭയന്ന് , മുമ്പ് ചെയ്തുവന്നവയെ കണ്ണുമടച്ച് അനുസരിച്ച് ചെയ്തുവന്നതി നാൽ നിലനിൽക്കുന്ന പല ആചാരാഭാസങ്ങളും നമ്മുടെയിടയിലുണ്ട്. ശാസ്ത്രാനുസാരമല്ലാത്ത കാര്യ ങ്ങളിൽ മനുഷ്യനോ സമൂഹത്തിനോ ഏതെങ്കിലും പ്രകാരത്തിൽ നന്മചെയ്യുന്നവയെമാത്രം നിലനിർത്തി ബാക്കിയെല്ലാം നാം ധൈര്യപൂർവ്വം പരിത്യജിക്കയോ മാറ്റുകയോ ചെയ്യേണ്ടതാണ് സമൂഹം വ്യക്തികൾ ചേർന്നുണ്ടാകുന്നതാണ്. സാമൂഹ്യ നിയമങ്ങൾ വ്യക്തികൾ രൂപം കൊടുക്കുന്നവയാണ്. പക്ഷെ സാമൂഹ്യ രീതികൾ വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വഴങ്ങി മാറുന്നവയല്ല. മാറുകയും അരുത്. മാറുമ്പോൾ ഐകരൂപ്യം നഷ്ടപ്പെടും.

നമ്മുടെ ജീവിതരീതിയിൽ ക്രമവും അച്ചടക്കവും ഉണ്ടാക്കുന്നവയായ സദാചാരങ്ങളെയും സത്യധർമ്മ പ്രതിപത്തിയേയും വളർത്തുവാൻ ഉപകരിക്കുന്ന വിധത്തിലുള്ള സദ്ഗ്രന്ഥപാരായണവും ചിന്തനവും ആവശ്യമാണ്.

ദുശ്ശീലങ്ങൾ, ദുർവ്വിചാരങ്ങൾ, ചീത്തയായ പെരുമാറ്റങ്ങൾ എന്നിവ കുട്ടികളിൽ ഉദിക്കാതെയും വളരാതെയും സൂക്ഷിക്കണം. ശ്രീരാമകൃഷ്ണപരമഹംസ രുടെ മാതൃകയിൽ ആദ്യം മുതിർന്നവർതന്നെ ഈവക കാര്യങ്ങളിൽ മാതൃകകളായി കുട്ടികളെ ശാസിപ്പാനുള്ള അർഹതയും അധികാരവും നേടേണ്ടതാണെന്നു എടുത്തുപറയേണ്ടതില്ലല്ലോ.

ദൈവം, ദൈവഭക്തി എന്നുപറയുന്നതുപോലും പരിഷ്കാര ശൂന്യമായ പഴഞ്ചൻ ശീലമായിക്കരുതു ന്നവരുണ്ട്. യഥാർത്ഥ പരിഷ്കാരം മനസ്സിന്റെ പരിപാകത

യാണ്. അന്യന്നു മനസാ വാചാ കർമ്മണാ ഒരുതരത്തിലും ഉപദ്രവം വരാത്ത പെരുമാറ്റമാണ് യഥാർത്ഥ പരിഷ്കാരത്തിന്റെയും സംസ്കാരത്തിന്റെയും ലക്ഷ്യം.

"ശ്ലോകാർദ്ധേന പ്രവക്ഷ്യാമി
യദുക്തം ഗ്രന്ഥകോടി ഭി ഃ
പരോപകാര പുണ്യായ
പാപായപരപീഡനം"

(കോടിക്കണക്കായ ഗ്രന്ഥങ്ങളിൽ പറയപ്പെട്ടിരിക്കുന്ന സംഗതികളുടെ സാരം ഞാൻ അരശ്ലോഗത്തിൽ പറയുന്നു. പരോപകാരമായിത്തീരുന്നതെല്ലാം പുണ്യകർമ്മങ്ങളാകുന്നു. അന്യന്നു ഹിംസയായി - ഉപദ്രവമായി - വരുന്ന കർമ്മങ്ങളെല്ലാം പാപകർമ്മങ്ങളാകുന്നു)

ദൈവഭക്തിയുള്ളവന്ന് ആ യഥാർത്ഥ ഭക്തിയുടെ അകമ്പടിയായി സത്യധർമ്മ പ്രതിപത്തി, കാരുണ്യം, സാധുസഹായ മന:സ്ഥിതി, ധൈര്യം എന്നീ ഗുണങ്ങളുണ്ടാകും മറ്റൊരു വിധത്തിൽ പറയുമ്പോൾ, ആവക ഗുണങ്ങളെ ഉൾക്കൊള്ളാത്ത ദൈവഭക്തി അർത്ഥശൂന്യവും കപടവുമാകുന്നു.

ദൈവം ഉണ്ടോ ഇല്ലയോ എന്നുചോദിക്കുന്നവരുണ്ട്. 'സംശയാത്മാ വിനശ്യതി' എന്നു ഗീതയിൽ പറഞ്ഞിട്ടുള്ളത് ഈ മാതിരിയുള്ളവരെയും ഉദ്ദേശിച്ചാണ്. സകല ജഗദാധാദൂതനായി സർവ്വശക്തനായിരിക്കുന്ന ഈശ്വരന് ആരുടെയും 'സർട്ടിഫിക്കറ്റ്' ആവശ്യമില്ലല്ലൊ! പകരം ദൈവം വേണമോ വേണ്ടയോ എന്നു ചോദിച്ചാലും അല്പം സമാധാനമുണ്ട്. പേടിക്കാൻ വീട്ടിൽ ഒരു കാരണവരുണ്ടെങ്കിൽ നാം കൂടുതൽ അച്ചടക്കബോധത്തോടെയും വേണ്ടാതനങ്ങൾ ചെയ്യാതെയും ഇരിക്കുന്നപോലെ,



എല്ലാ ദിക്കിലും വ്യാപിച്ചിരിക്കുന്നവനും എല്ലാം അറിയുന്നവനും എല്ലാറ്റിനും അധീശനുമായ ഒരു ദൈവത്തിൽ വിശ്വസിക്കുന്നവൻ കാപഥങ്ങളിൽ കാലുകുത്തുകയില്ല.

"നമേഭക്താപ്രണശ്യതി" എന്റെ ഭക്തൻ നശിക്കയില്ല എന്നു ഭവാൻ ഉദ്ഘോഷിച്ചതും അതിനാലത്രെ.

"ശരീരമാദ്യം ഖലുധർമ്മസാധനം" എന്നു പറഞ്ഞതെത്രയോ ശരിയാണ് ഏതുധർമ്മ നിർവ്വഹണത്തിനും ആരോഗ്യപൂർണമായ ദേഹം വേണ്ടതുതന്നെ, അതിനാൽ ക്രമമായ ശുദ്ധ ആഹാരാധികൾ, വ്യായാമം, ത്രികരണശുദ്ധി (വിചാരം, വാക്ക്, പ്രവർത്തി) ഇവയാൽ ശരീര സംരക്ഷണം ചെയ്യണം. സൽപഥഗാമിക്ക് മനശ്ശാന്തിയും ലഭിക്കും.

സ്വർഗ്ഗനരഗങ്ങൾ ഇവിടെത്തന്നെയാണ്. രൂപീകരിക്കപ്പെടുന്നത്.

സദുപദേശങ്ങൾ അനുസരിച്ചുകൊണ്ടാവട്ടെ, അല്ലെങ്കിൽ നരകയാതനകളുടെ ഭീകരത്വം കേട്ടുഭയന്നിട്ടാവട്ടെ, ഏതോ പ്രകാരത്തിൽ ജനങ്ങൾ അകൃത്യങ്ങളിൽനിന്നും പിൻതിരിഞ്ഞു നല്ലവരായാൽ ഈലോകം അധിവാസ്യവും സുഖശാന്തി പൂർണ്ണമായതും ആയി 'സ്വർഗ്ഗം' ആയിത്തീരും. മറിച്ചായാൽ മറിച്ചും. മനുഷ്യൻ ദേവനായില്ലെങ്കിലും മനുഷ്യൻ തന്നെയായിട്ടെങ്കിലും ജീവിച്ചാൽ എല്ലാം ശുഭമാകും എന്ന സദുദ്ദേശമാണ് സർവ്വവേദശാസ്ത്രാദികളിലെ സിദ്ധാന്തങ്ങളുടെയും നീതിബോധമങ്ങളുടെയും പിന്നിൽ പുരാണകഥകളുടെ നമ്മെ പഠിപ്പിക്കുവാൻ ശ്രമിച്ചിട്ടുള്ളതും ഈ പറഞ്ഞ സന്മാർഗ്ഗചരണത്തിൽ നിഷ്കർഷയും ആന്തരപ്രതിപത്തിയും ആണ്.

സർവ്വേ ഭവന്തു സുഖിനഃ
സർവ്വേ സന്തുനിരാമയാഃ

സർവ്വേ ഭദ്രാണി പശ്യന്തു
മാകശ്ചിൽ ദുഃഖഭാഗ് ഭവേത്

സ്വസ്തി പ്രജാഭ്യഃ പരിപാലയന്താം
ന്യായ്യേണ മാർഗ്ഗേണ മഹീംമഹീശാഃ
ഗോബ്രാഹ്മണേഭ്യഃ ശുഭമസ്തു നിത്യം
ലോകാഃ സമസ്താഃ സുഖിനോഭവന്തു.

***

ഗോക്കൾ - പശുക്കൾ

പശ്ധാതുവിന്ന് ബന്ധനം എന്നർത്ഥം

മായാപാശത്താൽ ബന്ധനത്തിൽ പെട്ടിരിക്കുന്ന പ്രാണികൾ എന്നതാണ് വിവക്ഷ.

ബ്രാഹ്മണേഭ്യഃ ബ്രാഹ്മണർക്ക് (ബ്രാഹ്മജ്ഞാനം ലഭിച്ചവരും അതിനാൽ മായാബദ്ധരല്ലാത്തവരുമായവർ ബ്രാഹ്മണർ)

മായാ ബദ്ധരായിവലയുന്നവർക്കും ബദ്ധരല്ലാത്തവർക്കും ശുഭം ഭവിക്കട്ടെ.

ലോകാഃ ലോകത്തിലെ സമസ്ത ജനങ്ങളും സുഖികളാവട്ടെ.

യഥാർത്ഥ ബ്രാഹ്മണന്റെ ജപതാപാദികൾ ലോകക്ഷേമം ഉദ്ദേശിച്ചുകൊണ്ടാണ്.



## അവതാരികയും ചില ചിന്തകളും

'സാമന്തർ' എന്ന സമുദായം എന്നു എങ്ങനെ രൂപം കൊണ്ടു എന്ന രീതിയിലുള്ള അന്വേഷണങ്ങളിലേക്ക് ഇവിടെ കടക്കുന്നില്ല. മറ്റു ജനവിഭാഗങ്ങൾ പോലെ ഈയൊരു സമൂഹവും രൂപംകൊണ്ടു എന്നു ധരിച്ചാൽ മതിയാകുമെന്ന് തോന്നുന്നു.

ഒരു സമുദായത്തിനും തനതായ ചില ആചാര സമ്പ്രദായങ്ങൾ ഉള്ളപോലെ സാമന്ത സമുദായത്തിനും ഉണ്ടെന്നതു സ്വാഭാവികം മാത്രമാണ്. സാമന്തരുടെ സസ്യമാത്ര ഭക്ഷണവ്രതത്തിന് പുറമെ മറ്റു ചില സമ്പ്രദായങ്ങളും ആചാരങ്ങളും അവരെ മറ്റു സാമന്തര സമുദായങ്ങളിൽ നിന്ന് വേർതിരിച്ചു നിർത്തുന്നുണ്ട്. സാമന്തരെ മറ്റുള്ളവർ കൂടുതൽ മേന്മയുള്ളവരായി അംഗീകരിച്ചിരുന്നു. ആ പരിവേഷ വലയത്തിന്റെ വക്കുകൾ പലയിടത്തും തേഞ്ഞും മാഞ്ഞും പോയിട്ടുണ്ട്; പോയിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. കാലഗതിയിൽ അവയെ തടയുക സാദ്ധ്യമായി വരികയും ചെയ്തിരിക്കുന്നു. നഷ്ടപ്പെട്ടതും നഷ്ടപ്പെടുന്നതും സമുദായത്തിന്റെ തനതായ വ്യക്തിത്വത്തിന്റെ വർണ്ണ വിശേഷങ്ങൾ തന്നെ എന്നത് ഖേദകരമായ സത്യമാണ്.

ഇന്നത്തെ നിയമങ്ങൾ ജാതിമതഭേദാധിഷ്ഠിത വ്യത്യാസങ്ങളെ നിഷേധിക്കുകയും നിരോധിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ജാതിമേന്മയുടെ പരിവേഷം ഏതുജാതിക്കുമില്ലല്ലോ. എങ്കിലും സമുദായങ്ങൾ അവരവരുടെ ആചാര മര്യാദകളുടെ വലയങ്ങൾക്കുള്ളിൽ

തന്നെ നിൽക്കുവാനാണ് അഭിലഷിക്കുന്നത് എന്നത് ഒരുപക്ഷെ ഒരുവലിയ വിരോധാഭാസമായി തോന്നുന്നു അഥവാ ഈ ലോകം തന്നെ വിരോധാഭാസങ്ങളുടെ കേളീ രംഗമാണല്ലോ.

***

സാമന്തജനവിഭാഗത്തിൽ ചില ഉപവിഭാഗങ്ങളും ഉണ്ടല്ലോ. മറ്റൊരു തരത്തിൽ പറഞ്ഞാൽ സാമന്തസമുദായ മഹാവൃക്ഷത്തിന് താഴെപറയുന്ന ശാഖകളുണ്ട്.

| | |
|---|---|
| തിരുമുൽപ്പാട്<br>കർത്താവ് | മരുമക്കത്തായം സമ്പ്രദായത്തിൽ കുടുംബത്തിലെ സ്ത്രീകൾ 'കോൽപ്പാട്' എന്നറിയ പ്പെടുന്നു. |
| ഏറാടി, നെടുങ്ങാടി<br>വെള്ളോടി, പണ്ടാല:- | സ്ത്രീകൾ 'കോവിലമ്മ' എന്നറിയപ്പെടുന്നു. |

കുറിപ്പ് : ഇതിൽ കർത്താവ്, പണ്ടാല ഈ ജാതിപ്പേരുകളിൽത്തന്നെ സാമന്തവിഭാഗത്തിൽ പെടാത്തവരുമുണ്ട്.

പണ്ടു നമ്മുടെയിടയിൽ താലികെട്ടുകല്യാണം, തിരണ്ടുകല്യാണം, പുളിയൂൺ മുതലായി നിലവിലുണ്ടായിരുന്ന പല ആചാരാനുഷ്ഠാനങ്ങളും ഇന്നില്ലാതായിട്ടുണ്ട്: ചിലവ രൂപംമാറി ആചരിക്കപ്പെടുന്നുണ്ട്. ഈ മാറ്റങ്ങളെ ച്ചൊല്ലി നാം വിവാദിക്കയോ വിഷാദം തേടുകയോ ആവശ്യമില്ല, കാരണം ഒന്നാമതായി അവ അടിസ്ഥാന പരമായുള്ള സംസ്കാരസത്തയെ ബാധിക്കുന്നില്ല, അലങ്കോലപ്പെടുത്തുന്നില്ല. കാലികങ്ങളായി വന്നവ അതേ കാരണത്താൽ മായുന്നു, മാറുന്നു എന്നു മാത്രം. മനുഷ്യ



ക്ഷേമവും സമുദായ താൽപര്യ സംരക്ഷണവുമാണ് ആചാരങ്ങളുടെ ലക്ഷ്യം. സംസ്കാര വിശേഷങ്ങളുടെ അടിത്തറമേൽ കെട്ടപ്പെട്ടുള്ള അവയെ കാലദേശാവസ്ഥാനുസാരം മാറ്റുന്നതിൽ ദോഷമില്ല, അടിത്തറ പൊളിയരുതുതാനും.

ഏതാചാരമായാലും കൊള്ളുമ്പോഴും തള്ളുമ്പോഴും ജനക്ഷേമത്തെ അതെങ്ങിനെ ബാധിക്കുന്നു എന്നു നോക്കുകയാണ് പ്രധാന കർത്തവ്യം.

'ജാതകർമ്മം' — സന്താനം ജനിച്ച വഴിയെ ചെയ്യുന്ന വൈദികകർമ്മം നാം ചെയ്യാറില്ല. പക്ഷെ കുട്ടി ജനിച്ച അന്നു മുതൽ ആ സ്ത്രീയും മറ്റു കുടുംബാംഗങ്ങളും സൂതകാശൗചം (പെറ്റപുല) ആചരിക്കാറുണ്ടായിരുന്നു. ഇന്നും ഏറെക്കുറെ ഇത് തുടർന്ന് പോരുന്നുണ്ട് - ചില വിട്ടുവീഴ്ച്ചകളോടെ. പക്ഷെ പറഞ്ഞുവരുമ്പോൾ മറ്റു കുടുംബാംഗങ്ങൾക്കുള്ള 'അശുദ്ധി' ആചാരം മാത്രമാണ്- അതിൽ വലിയകമ്പൊന്നുമില്ല. ഒരു സങ്കൽപ്പത്തിന്റെ ചരടിൽ തൂങ്ങുന്ന ഒരു ആചാരം എന്നുമാത്രം. ശിശുവെ പ്രസവിച്ചതിന്റെ ഇരുപത്തെട്ടാം നാൾ 'സർവ്വേഷാംദശരാത്രേണ സുതകേശുദ്ധിരുച്ചതെ' - ആദ്യത്തെ ജന്മനക്ഷത്രം ദിവസമുള്ള ആചാരങ്ങളുടെ നിലയും ഏറെക്കുറെ ഇതേ നിലയിലാണ്. അതിൽ ആചാരം എന്നതിനേക്കാൾ ശിശുക്ഷേമത്തിനും അമ്മയുടെ നന്മക്കും സ്ഥാനം നൽകപ്പെട്ടിരിക്കുന്നു എന്നുപറയാം. അവയെയെല്ലാം വെറും ചടങ്ങായി കഴിക്കാതെ ശരീരം, ബുദ്ധി, മനസ്സ് ഇവയുടെ ആരോഗ്യത്തെ ലക്ഷ്യമാക്കിയുള്ള ആചാരങ്ങളായി അംഗീകരിച്ച് ആചരിക്കേണ്ടതാണ്.

പണ്ടെല്ലാം ഹിന്ദുക്കൾ കർണ്ണവേധം (കാതുകുത്തൽ) നടത്തുന്ന സാർവത്രിക സമ്പ്രദായം ഉണ്ടായിരുന്നു.

(കാതുകുത്തിക്കണ്ടിട്ടില്ലെങ്കിൽ ആ ആളെ (പുരുഷനെ) അഹിന്ദുവായി സംശയിക്കപോലും പതിവായിരുന്നു) കർണ്ണഭൂഷണങ്ങൾ അണിയുവാൻ മാത്രമായിരുന്നുവോ ഈ വേധം അതോ വേറവെല്ല ഉദ്ദേശവുമുണ്ടായിരുന്നുവോ എന്നകാര്യം നിശ്ചയമില്ല. പെൺകുട്ടികൾക്കു കർണ്ണവേധം തീർച്ചയായും ആവശ്യമാണല്ലോ. ഇരുപത്തെട്ടാം നാൾ കാതുകുത്തുവാൻ 'ദിവസ' പരിചിന്ത ആവശ്യമില്ല. മറ്റെന്നായാലും നല്ല മുഹൂർത്തം നോക്കിയേ ചെയ്യറുള്ളു എന്നുമാത്രം ജന്മദിവസത്തിന്റെ പന്ത്രണ്ടാംനാൾ, പതിനാറാംനാൾ അല്ലെങ്കിൽ ആറ്, ഏഴ്, എട്ട് മാസങ്ങളിൽ കാതുകുത്താമെന്ന് 'കാലാമൃത' ത്തിൽ പറഞ്ഞിട്ടുണ്ട്.

'നാമകരണ'വും അന്നപ്രാശനവും നാം സാധാരണ യായി ഒരേ സമയത്താണു (ഒന്നിച്ചാണ്) നടത്താറ്. ഇരുപത്തെട്ടാം നാൾ നാമകരണകർമ്മം നിർവ്വഹിക്കുന്ന വരുമുണ്ട്.

കുട്ടി ജനിച്ചാൽ ഉടനെ തന്നെ ബാലന്റെ ചെവിയിൽ പേർ രഹസ്യമായി പറയണമെന്ന് ശാസ്ത്രമുണ്ട്. പതിനൊന്നാം നാൾ പേരിടുന്ന രീതി ബ്രാഹ്മണർക്കിടയിലേ ഉള്ളു തോന്നുന്നു. ജനിച്ചതിന്റെ പന്ത്രണ്ട്, പതിനാറ്, ഇരുപത്തിരണ്ട് ഈ ദിവസങ്ങളിൽ പേരിടൽ നടത്തണമെന്ന് വിധിയും ഉണ്ട്. ആൺകുട്ടികളുടെ പേരുകൾ സമാക്ഷരങ്ങൾ (അക്ഷരങ്ങളുടെ എണ്ണം ഇരട്ടിയായി) വരുന്നതായരി ക്കണം. ഉദാ: ശിവൻ, കൃഷ്ണൻ, പത്മനാഭൻ, വിജയ മോഹനൻ) പുത്രിയാണെങ്കിൽ പാർവ്വതി, ഭവാനി, ഗിരിജ, കമല എന്നപോലെ ഒറ്റപ്പെട്ട അക്ഷരസംഖ്യ വരുന്നതു മാകണം. ഇന്നിന്ന നക്ഷത്രപാദങ്ങൾക്ക് ഇന്നിന്ന അക്ഷര ങ്ങളിൽ പേർ തുടങ്ങണം എന്ന് വേറെ ഒരു നിയമവും ഉണ്ട്.

******



ഇപ്പോൾ മിക്കവാറും ചോറൂണും പേരിടലുമെല്ലാം ഏതോ ദേവസന്നിധിയിലാണ് നടത്തുന്നത്. അതിനാൽ 'ദിവസം' നോക്കുകയെന്നത് അത്ര പ്രധാനമല്ല. അത് അവരവരുടെ സമാധാനം പോലെയാവാം. വീട്ടിൽ വെച്ച് നടത്തുമ്പോൾ 'മുഹൂർത്തം' നോക്കിയെ ചെയ്യാറുള്ളു എന്നുമാത്രം. മനുഷ്യന് ആഹാരം പ്രധാനമാണല്ലോ, അതുതന്നെ ചോറൂണിന്റെ പ്രാധാന്യത്തിനും അടിസ്ഥാനം.

ആൺകുട്ടികൾക്ക് ആറ്, എട്ട്, പത്ത് എന്നീ യുഗ്മ മാസങ്ങളും പെൺകുട്ടികൾക്ക് അഞ്ച്, ഏഴ് എന്നീ ഓജമാസങ്ങളും ആണ് ചോറൂണിന് നല്ലത്. (എന്ന് 'കാലാമൃതം')

******

കുട്ടികളെ എഴുത്തിനുവെക്കുന്ന സമ്പ്രദായം ആരും അത്ര നിരാകരിച്ചിട്ടില്ലെന്നു തോന്നുന്നു. മൂന്നാം വയസ്സിൽ എഴുത്തിന്നിരുത്തുന്നതു തന്നെ ഉത്തമം. അല്ലെങ്കിൽ അഞ്ചാം വയസ്സിൽ. സാധാരണയായി വിജയദശമിയന്നാ ണല്ലോ എഴുത്തിന്നിരുത്താറ്, അതാണ് ശരിയും ഏതെങ്കിലും കാരണത്താൽ വിജയദശമിയന്നു വിദ്യാരംഭം നടത്താൻ സാധിക്കാതെ പോയാൽ വേറെ നല്ലദിവസം നോക്കി നടത്താറുണ്ട്. നാം 'വിദ്യാരംഭ' ത്തിന്റെ പ്രാധാന്യത്തെപ്പറ്റി തികച്ചും പ്രബുദ്ധരാണ്. എന്നാലും കൂട്ടത്തിൽ ഒരു കാര്യം പറയാതെ വയ്യ നമ്മുടെ കുട്ടികൾക്ക് വേണ്ടതിലധികം പാഠ്യവിഷയങ്ങൾ വിദ്യാലയങ്ങളിൽ തന്നെ പഠിപ്പിക്കാറുണ്ട്. ഭാഷകളെ സംബന്ധിച്ചെടുത്തോളം എത്ര ഭാഷകൾ പഠിച്ചാലും നല്ലതുതന്നെ. എങ്കിലും അവക്കിടയിൽ സംസ്കൃതഭാഷാ പഠനത്തിന് പ്രാധാന്യം കൊടുക്കണം. ഭാരതീയങ്ങളായ ജ്ഞാനവിജ്ഞാനങ്ങളുടെയും ആർഷ ങ്ങളായ മറ്റു കൃതികളുടെയും ഭണ്ഡാരങ്ങൾ തുറക്കു

വാനുള്ള താക്കോൽ സംസ്കൃതഭാഷാ പരിജ്ഞാനമാണല്ലൊ. ഒരു കാലത്ത് കേരളീയരുടെ സംസ്കൃത പ്രതിപത്തിയും പാണ്ഡിത്യവും പുറമെയുള്ള പ്രദേശങ്ങളിലും വിദേശങ്ങളിൽപോലും ബഹുവാനപൂർവ്വം വീക്ഷിക്കപ്പെട്ടിരുന്നു. പരബഹുമാനത്തേയോ പ്രശംസയേയോ പിടിച്ച് പറ്റാനല്ല നമ്മുടെ മാസിക - ആദ്ധ്യാത്മിക ഉന്നമനത്തിന്നുതന്നെ സംസ്കൃതഭാഷാജ്ഞാന സമ്പാദനവും പോഷണവും അനുപേക്ഷണീയമാണ്.

******

സാമന്തന്മാർ സസ്യവിഭവമാത്ര ഭക്ഷകന്മാരാണല്ലൊ മദ്യപാനവും അവർ ദുരാചാരമായിക്കണക്കാക്കുന്നു. എങ്കിലും പരദേശവാസം, സാഹചര്യങ്ങൾ വാസനാഭേദങ്ങൾ എന്നിവയാൽ ഈ വക കാര്യങ്ങളിൽ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ടെന്നതു ഖേദകരം തന്നെ, പക്ഷെ അതേ സമയം , ആവക വ്യതിയാനങ്ങൾ സമുദായതലത്തിൽ വ്യാപിച്ചിട്ടില്ലെന്നതു ആശ്വാസം പകരുന്നു. എങ്കിലും വ്യക്തിഗതങ്ങളാണെങ്കിലും ദുശ്ശീലങ്ങളും ദുരാചാരങ്ങളും പലപ്പോഴും അതത് വ്യക്തികളിൽത്തുടങ്ങി അവരിൽത്തന്നെ അവസാനിക്കാതെ മറ്റുള്ളവരിലേക്ക് സന്തതികളിലേയ്ക്ക് പകരുന്നുണ്ട്. അറിഞ്ഞോ അറിയാതെയോ ആ പകർച്ച നടന്നുവരുന്നു. സാമുദായികമായ അംഗീകാരം ഇന്നില്ലാത്ത പലതും ചിരപരിചയത്താലും വ്യക്തിപ്രഭാവത്താലും സമുദായത്തിന്റെ തലത്തിൽ അംഗീകരിക്കപ്പെടേണ്ട നിർബന്ധംവരാം അതു ആസന്നഭാവിയിലായാലും വിദൂരഭാവിയിലായാലും സംഭവിച്ചുകൂടാ എന്നതിനാൽ മുളയിൽത്തന്നെ നുള്ളിക്കളയേണ്ടവയാകുന്നു.

******



സർക്കാരിന്റെ റിക്കാർഡുകളിലും ഫോറങ്ങളിലും സമുദായപ്പേര് ജാതിപ്പേരും എന്ത് എന്ന അസംബന്ധ ചോദ്യങ്ങൾ ഉള്ളത്രയും കാലം ജാതികളും നിലനിൽക്കും. സർക്കാർ എന്നുപറയുന്ന ജീവി 'പൊതുജനഹിതം' എന്ന പുതപ്പും പുതച്ചുനിൽക്കയുമാണ്. ജാതികളുണ്ട്, ജാതിഭേദങ്ങളില്ല; ജാതികളുണ്ട്, സമുദായങ്ങളുണ്ട് - മുമ്പെന്നത്തെക്കാളും സ്ഥിതിബോധത്തോടെ, കൂടുതൽ തലയുയർത്തിനിൽക്കുന്നു. പക്ഷെ അവ നിയമപരമായി ഒരേ നിലയിൽ-തുല്യപ്രധാനങ്ങളായി നിൽക്കുന്നു.

ഈ ദുരവസ്ഥവിശേഷത്തെ വൈരുദ്ധ്യങ്ങൾ എന്നോ വിരോധാഭാസങ്ങൾ എന്നോ അർത്ഥശൂന്യങ്ങളായ അസംബന്ധങ്ങൾ എന്നോ വകതിരിവില്ലായ്ക എന്നോ അല്ലെങ്കിൽ എല്ലാ 'ഗുണവും' തികഞ്ഞ ആറ്റിക്കുറിക്കിയ കഷായമെന്നോ എന്താണ് പറയേണ്ടത് ! !

ഏകദശിവ്രതം, ശിവരാത്രിവ്രതം, സോമവാരവ്രതം, ആർദ്രാവ്രതം മുതലായ വ്രതങ്ങളെപ്പറ്റിയും.

ഓണം, വിഷു, തിരുവാതിര മുതലായ ആഘോഷങ്ങളെപ്പറ്റിയും എല്ലാവർക്കും അറിയാം.

'തിരുവോണഗണപതി' എന്നൊരു ചടങ്ങിനെപ്പറ്റി കേൾക്കാത്തവരുണ്ടായെന്നുവരാം.

ഋതുമതികളാത്ത പെൺകുട്ടികൾക്കുവേണ്ടി നടത്തിവന്നിരുന്ന ഒരു ആരാധനയാണ് 'തിരുവോണഗണപതി'

ഇതു ഇന്ന് ആരും ചെയ്തുവരാറില്ലെന്നു തോന്നുന്നു. അതുകൊണ്ടു ഈ ചടങ്ങിനെകുറിച്ച് വിശദമായി പ്രതിപാദിക്കുന്നില്ല.

തുലാമാസത്തിലെ തിരുവോണത്തിൻനാൾ ആണു നടത്താറ്.

“പുടമുറി” യെന്നറിയപ്പെട്ടിരുന്ന ആ ചെറിയചടങ്ങ് ഇന്നത്തെ രീതിയിലുള്ള വിവാഘോഷമാകുവാൻ പലവർഷങ്ങളും കടന്നുപോരേണ്ടി വന്നിട്ടുണ്ട്. അതിനിടയിൽ വന്ന മാറ്റങ്ങളും പലതാണ്. വിവാഹത്തിന് ജാതകപോരുത്തം നോക്കുന്ന ഏർപ്പാട് വന്നിട്ട് അരശ്ശതാബ്ദത്തിനുമേൽ ആകയില്ല എന്നു തോന്നുന്നു. വിവാഹച്ചടങ്ങ് അതർഹിക്കുന്ന പ്രാധാന്യവും പരിവേഷവും കൈകൊണ്ടപ്പോഴെ അതു അർത്ഥവത്തായുള്ളു. താലികെട്ടും, മോതിരം മാറ്റവും, മാലമാറ്റവും പതിവായി. (താലികെട്ടൽ നിന്നശേഷമാണ് വിവാഹങ്ങളിൽ വരൻ തന്നെ വധുവിന്റെ കഴുത്തിൽ താലികെട്ടുന്ന ആചാരം നടപ്പിലായത്.)

പുടവ കൊടുക്കുമ്പോഴും താലികെട്ടുമ്പോഴും മാലകൾ മാറുമ്പോഴും നമ്മുടെ നാദസ്വര - തവിൽക്കാർ ഒരു നല്ല കസർത്തു നടത്തുന്നു. ഓലപ്പടക്കമാല കത്തിച്ചാൽ പൊട്ടുമ്പോലെ എന്ന ഉപമ ശരിയാകില്ല.

പക്ഷെ ചില ‘ചെലവു ചുരുക്കൽ’ പദ്ധതിക്കാരായവർ നാദസ്വരമേളത്തിന് പകരം ‘കൈ കൊട്ടാൻ’ ആളെ ഏർപ്പാടുചെയ്യാറുണ്ട്. അവർ തോട്ടിവാങ്ങുവാൻ കാശുതികയാത്ത വിധം ആനക്ക് അധികം വിലകൊടുത്ത വരായിരിക്കാം. (ആ കൈകൊട്ടൽ കാതിൽ വീഴാതിരിപ്പാൻ ഞാൻ സവിനയം കാതുപൊത്തി നിൽക്കയാണ് പതിവ്.) നാദസ്വരത്തിന്റെ ‘മംഗളത്വം’ കൈകൊട്ടലിനു ലഭിക്കയില്ലല്ലൊ.

അങ്ങിനെ വിവാഹമെന്ന സാംസ്കാരികച്ചടങ്ങ് മറ്റ് ആഘോഷങ്ങളുടെ വളർച്ചയുടെ സ്ഥിതി വെച്ചുപറയുമ്പോൾ - വളരെ മോടി ആർജിച്ചിട്ടുണ്ട്. ‘വീഡിയോ’ വരെ വളർന്നു നിൽക്കുന്നു. പാലടയുടെ മാധുര്യത്തിൽ രസിച്ചു



നുണഞ്ഞു നിൽക്കുന്നു. അങ്ങിനെ നിൽക്കട്ടെ.

സാമന്തസമാജം അംഗങ്ങളെ സഹായിക്കേണ്ടത് ഈ രംഗത്താണ് എന്നു ഞങ്ങൾക്ക് അഭിപ്രായമില്ലായ്കയില്ല. ഒരു വിവാഹ ബ്യൂറോ ഏർപ്പെടുത്തുകയും വരദക്ഷിണ മുതലായ ദുസ്സമ്പ്രദായങ്ങളും വലിയ സദ്യൾ നടത്തുന്നതിനുള്ള അധിക വ്യയങ്ങളും ഇല്ലാതാക്കാൻ ഞങ്ങളാൽ ആവതുചെയ്യണമെന്നും ഉദ്ദേശമുണ്ട്.

******

## വിവാഹച്ചടങ്ങുകൾ:-
## കതിർമണ്ഡപം ഒരുക്കുന്നത്

കതിർമണ്ഡപം ഒരുക്കുന്നത് വധുവിനും വരനും ഉപവിഷ്ടരാകുവാനും, വിളക്ക്, നിറകുടം മുതലായവ വെക്കുവാനും അവർക്ക് അനായാസേന പ്രദക്ഷിണം വെക്കുവാനും അത്യാവശ്യം വേണ്ട ബന്ധുമിത്രാദികളെ ഉൾക്കൊള്ളുവാൻ കഴിയുന്നതും ആയിരിക്കണം. കതിർമണ്ഡപം സാധാരണ പുഷ്പമാല്യങ്ങളായാലും വർണ്ണകടാലാസ്സുകൾകൊണ്ടും വൈദ്യുത ദീപാലങ്കാരങ്ങൾകൊണ്ടും അലങ്കരിച്ചിരിക്കും കതിർമണ്ഡപത്തിൽ സാധാരണയായി താഴെ പറയുന്നവ സജ്ജാമാക്കിയിരിക്കും.

1. രണ്ടു വലിയ നിലവിളക്ക് അഞ്ചുതിരിയിട്ടു കത്തിച്ചുവക്കും.
2. അരിയും നെല്ലും നിറച്ച നിറപറ.
3. വെള്ളികുടം അലങ്കരിച്ച് അതിൽ തെങ്ങിൻ പൂക്കുല വിടർത്തി വെച്ചത്.
4. ചന്ദനത്തിരി കളഭം മുതലായവ.

5. നല്ല ഒരുചീർപ്പ് പഴം വെറ്റില അടയ്ക്ക.
6. താലത്തിൽ ചെറുനാരങ്ങ നിറച്ചത്.
7. വെള്ളയും കരിമ്പടയും വിരിച്ച് വേദി ഒരുക്കിയത്.
8. അക്ഷതം ആവശ്യാനുസൃതം.
   (അരി നെല്ല് ചേർത്തത്)
9. പനിനീർവീശി പനിനീർ നിറച്ചത്.
10. അഷ്ടമംഗല്യം.
11. ഉതിർപൂവ് താമ്പാളത്തിൽ ഒരുക്കിയത്.
12. വരണമാല്യം 2 എണ്ണം മുഴുത്ത നാക്കിലയിൽ
    അല്ലെങ്കിൽ താലത്തിൽ.

## സാമന്ത സമുദായാംഗങ്ങളുടെ വിവാഹ ചടങ്ങുകൾ:

നമ്മുടെ ഇടയിൽ സാധാരണയായി വിവാഹം സ്വന്തം വീടുകളിൽവെച്ചും, കല്യാണമണ്ഡപം, ക്ഷേത്രപരിസരം മുതലായ സ്ഥലങ്ങളിൽ വെച്ചും ആണ് നടത്തിവരാറുള്ളത്. ഇന്ന് സൗകര്യം പരിഗണിച്ച് മിക്കവാറും ഒരു പൊതു സ്ഥലത്തുവെച്ച് വിവാഹാദി കർമ്മങ്ങൾ നടത്തുന്നത് കൂടുതൽ സൗകര്യപ്രദമായി അനുഭവപ്പെടുന്നു എന്നതിനാൽ അപ്രകാരം ചെയ്യാറാണ് പതിവ്. ഏതായും ഈ കാര്യത്തിൽ ഓരോ വ്യക്തികളുടെയും സൗകര്യം മുൻനിർത്തി ചെയ്യേണ്ടകാര്യമായതിനാൽ കല്യാണം എവിടെവെച്ച് നടത്തേണം എന്നതിനെ കുറിച്ച് കൂടുതൽ പ്രതിപാതിക്കുന്നില്ല എന്നാൽ വിവാഹ കർമ്മസംബന്ധമായി നാം ഇന്ന് അനുഷ്ഠിച്ചുവരുന്ന ചടങ്ങുകളുടെ ഒരു രൂപം ഇവിടെ പ്രതിപാദിക്കുന്നത് ഉചിതമായിരിക്കുമെന്നും വിശ്വസിക്കുന്നു.

നമ്മുടെ ഇടയിൽ ഇന്നു തുടർന്നുവരുന്ന ആചാരക്രമ



മനുസരിച്ച് വധുവിന്റെ വീട്ടിലോ അവർക്ക് സൗകര്യപ്രദമായ സ്ഥലത്തോ അല്ലെങ്കിൽ രണ്ടുകൂട്ടർക്കും സ്വീകാര്യമായ ഒരു പൊതു സ്ഥലത്തുവെച്ചോ ആണ് വിവാഹം നടത്തുവാൻ ഏർപ്പാട് ചെയ്യുന്നത്. ഏതായാലും കല്ല്യാണം നടത്തിപ്പിന്റെ ചുമതല വധുവിന്റെ കുടുംബക്കാർക്കാണ്. അതുകൊണ്ട് കല്ല്യാണം നടത്തേണ്ട സ്ഥലത്ത് വധുവിന്റെ ഉത്തരവാദിത്വപ്പെട്ട ആൾക്കാർ നേരത്തെ എത്തി കല്ല്യാണം നടത്തിപ്പിനുവേണ്ട ഏർപ്പാടുകൾ അതായത് കതിർമണ്ഡപം സദ്യ മുതലായവക്കുള്ള ഏർപ്പാടുകൾ ചെയ്തിരിക്കണം.

വിവാഹ മുഹൂർത്തത്തിന് മുമ്പുതന്നെ വരനും പാർട്ടിയും വിവാഹം നടത്തുവാൻ തീരുമാനിച്ച സ്ഥലത്ത് എത്തിച്ചേരുന്നു. വരനേയും പാർട്ടിയേയും യഥാവിധി സ്വീകരിച്ച് അതായത് അഷ്ടമംഗല്യം മുതലായവയോടുകൂടി കതിർമണ്ഡപത്തിലേക്ക് ആനയിക്കേണ്ടത് വധുവിന്റെ ആൾക്കാരാണ്. സ്വീകരണത്തിന് ശേഷം മുഹൂർത്ത സമയമാകുമ്പോൾ വരൻ കതിർമണ്ഡപത്തിൽ പ്രവേശിച്ച് വെള്ളയും കരിമ്പടവും വിരിച്ചതിൽ കിഴക്കു ദർശനമായി ഉപവിഷ്ഠനാകുന്നു. അതിനുശേഷം സർവ്വാഭരണ വിഭൂഷിതയായ മന്ത്രകോടി അണിഞ്ഞു വധുവിനെ ബന്ധുക്കളാലും സ്നേഹിതകളാലും അനുഗതയായി കതിർമണ്ഡപത്തിലേക്ക് ആനയിക്കപ്പെടുന്നു. ഈ സമയത്ത് മംഗള വാദ്യ ധ്വനികൾ മുഴങ്ങികൊണ്ടിരിക്കും. അങ്ങിനെ കതിർ മണ്ഡപത്തെ മൂന്നു വലംവെച്ച് വധുവിനെ വരന്റെ ഇടതുവശത്തായി ഉപവിഷ്ഠയാക്കുന്നു.

മുഹൂർത്ത സമയമാകുമ്പോൾ വരൻ വധുവിന്റെ കഴുത്തിൽ താലിചേർത്തുള്ള ചങ്ങല കെട്ടുന്നു. തുടർന്ന് വരനും വധുവിനും മാലയും (പുഷ്പമാല്യം) ബൊക്കയും നൽകപ്പെടുന്നു. ആദ്യം വധു വരന്റെ കഴുത്തിലും പിന്നീട്

വരൻ വധുവിന്റെ കഴുത്തിലും പുഷ്പമാല്യം അണിയിക്കുന്നു. വധൂവരൻമാർ അന്യോന്യം മോതിരം കൈമാറുന്നതും ഈ സമയത്താണ്. തുടർന്ന് പസ്പരം ബൊക്കകൾ കൈമാറുന്നു. വരൻ വധുവിന്റെ ഇടതുകൈ തന്റെ വലതുകയ്യാൽ ഗ്രഹിച്ച് കതിർ മണ്ഡപത്തിൽ മൂന്ന് പ്രദക്ഷിണം നടത്തുന്നു. പിന്നീട് വരൻ വധുവിന് ഓണപ്പുടവ സമ്മാനിക്കുന്നു. വധു അത് സ്വീകരിക്കുകയും ചെയ്യുന്നു. തുടർന്ന് അവിടെ സന്നിഹിതരായ ബ്രാഹ്മണർക്ക് യഥാശക്തി ദക്ഷിണകൊടുത്ത് അവരുടെ അനുഗ്രഹാശ്ശിസ്സുകൾക്ക് ശേഷം കതിർ മണ്ഡപത്തിൽ ഉപവിഷ്ഠരായിരാക്കുന്ന വധൂവരന്മാരെ കാരണന്മാരും തലമുതിർന്ന ബന്ധുമിത്രാദികളും അരിയും നെല്ലുമട്ട് ശിരസ്സിൽ അനുഗ്രഹാശ്ശിസ്സുകൾ ചൊരിയുന്നു. ഇത്രയും ആയിക്കഴിഞ്ഞാൽ കതിർ മണ്ഡപത്തിലെ ചടങ്ങുകൾ അവസാനിച്ചു. പിന്നീട് വധുവിനേയും വരനേയും സൗകര്യപ്രദമായ ഒരു സ്ഥലത്തേക്ക് ആനയിച്ച് ഇരുത്തി പാലും പഴവും നല്കുന്നു. അടുത്ത ബന്ധുക്കളും സ്വന്തക്കാരും ആണ് ഇതിൽ പങ്കൊള്ളാറ്. ഇതുകഴിഞ്ഞാൽ സാധാരണയായി ഓരോരുത്തരുടെയും കഴിവനുസരിച്ച് ഗംഭീരമായ ഒരു സദ്യ ഒരുക്കാറുണ്ട്. സദ്യകഴിഞ്ഞാൽ നവദമ്പതിമാരെ ആശീർവ്വദിച്ച് ക്ഷണനം സ്വീകരിച്ചു ചെന്നവർ അവരുടെ സ്ഥലങ്ങളിലേക്കും കല്യാണം കഴിഞ്ഞ ദമ്പതികൾ സാധാരണഗതിയിൽ വധുവിന്റെ വീട്ടിലേക്കും യാത്രയാകുന്നു. ഇതോടുകൂടി കതിർ മണ്ഡപത്തിലെ വിവാഹ ചടങ്ങുകൾ അവസാനിക്കുകയായി.

******



## സദ് ഗമയ

മായയാം വിളക്കതിൽ കർമ്മമാം തൈലമൊഴി-
ച്ചായതിൽ മനസ്സായീടുന്ന വർത്തിയുമിട്ട്
ആത്മാവാകുന്നോരഗ്നി കലർന്ന ദീപപ്രഭ
അജ്ഞാനാന്ധകാരത്തെക്കളയു മറിഞ്ഞാലും

(ചിന്താരത്നം)

(മായയുടെ പ്രതീകം ദീപം - വിളക്ക്
അതിൽ കർമ്മമാകുന്ന എണ്ണ പകരണം
മനസ്സാകുന്ന തിരിയിടണം. ആത്മാവാകുന്ന
അഗ്നിയാൽ തിരികൊളുത്തണം
ആ ദീപം പ്രകാശിക്കെ, മായതെളിയുമ്പോൾ
അജ്ഞാനമാകുന്ന ഇരുട്ട് അകലുന്നു.)

******

# കുട്ടികൾക്കുവേണ്ടി

**സന്ധ്യാനാമം**

**സന്ധ്യാദീപവന്ദനം**

ശിവംഭവതുകല്യാണം
ആയുരാരോഗ്യവർദ്ധനം
മമദുഃഖവിനാശായ
ദീപരാജായതേനമഃ

**സന്ധ്യാനാമം**

* അസതോമാ സദ് ഗമയ
* തമസോമാ ജ്യോതിർഗമയ
* ആനോഭദ്രാഃ ക്രതവോയന്തു വിശ്വതഃ
* ഓം ശാന്തി : ശാന്തി : ശാന്തി :

ഓം നമഃശിവായ നമഃ
നാരായണായ നമഃ
അച്ച്യുതായ നമഃ
അനന്തായ നമഃ
അമൃതായ നമഃ
ഗോവിന്ദായ നമഃ
ഗോപാലായ നമഃ
വാസുദേവായ നമഃ
ശ്രീ കൃഷ്ണായ നമഃ
ശ്രീ വിഷ്ണുവേ നമഃ
ഓം ശ്രീഹരി

(അവനവന്ന് കേൾക്കുവാൻ മാത്രം വേണ്ട ശബ്ദത്തിൽ അഞ്ചോ പത്തോ പതിനൊന്നൊ പ്രാവശ്യം ഉരുവിടുക. അങ്ങുമിങ്ങും നോക്കാതെ നിവർന്നിരുന്ന് തൊഴുകയ്യോടെ ജപിക്കുക.)



**ഗുരുവന്ദനം**

ഗുരുർബ്രഹ്മാഃ ഗുരുർവ്വിഷ്ണു
ഗുരുർദേവോ മഹേശ്വരഃ
ഗുരുസാക്ഷാൽ പരബ്രഹ്മഃ
തസ്മൈ ശ്രീ ഗുരവേ നമഃ

അജ്ഞാന തിമിരാന്ധസ്യ
ജ്ഞാനാഞ്ജന ശലാകയാ
ചക്ഷുരുന്മീലിതം യേന
തസ്മൈ ശ്രീ ഗുരവേ നമഃ

ഗുരവേ സർവ്വലോകനാം
ഭിഷജേ ഭവരോഗിണാം
നിധയേ സർവ്വ വിദ്യാനാം
ദക്ഷിണാ മൂർത്തയേ നമഃ

## ശ്രീ മഹാഗണപതി

ശുക്ലാംബരധരം വിഷ്ണും
ശശിവർണ്ണം ചതുർഭുജം
പ്രസന്നവദനം ധ്യായേ
സർവ്വ വിഘ്നോപ ശാന്തയേ

(ശുക്ല + അംബര + ധരം = വെളുത്ത വസ്ത്രം ധരിച്ചവനെ
വിഷ്ണു — എങ്ങും വ്യാപിച്ചിരിക്കുന്നവനെ
പ്രസന്ന + വദനം = ആനയുടെ മുഖം ഉള്ളവനെ
(പ്രസന്ന — കൊമ്പനാന)
സർവ്വ + വിഘ്ന + ഉപശാന്തയെ = ധ്യായെ ധ്യാനിക്കുന്നു)

കാരണം സമ്പദാം, ആപദ്-
വാരണം വാരണാനനം
നമാമി വിഘ്നഹന്താരം
ശ്രേയസേ ഭ്രയസേ നമഃ
(വാരണ + ആനനം വാരണം = ആന

അഗജാനന പത്മാർക്കം
ഗജാനന മഹർന്നിശം
അനേകദം തം ഭക്താനാം
ഏകദന്തം ഉപാസ്മഹേ
(ഗജാനനം + അഹർ + നിശം)

## സരസ്വതീദേവി

സരസ്വതീ നമസ്തുഭ്യം
വരദേ കാമരൂപിണീ
വിദ്യാരംഭം കരിഷ്യാമി
സിദ്ധിർ ഭവതുമേസദാ

സുരാ / സുരാ സേവിത പാദപങ്കജം
കരേവിരാജൽ കമനീയ പുസ്തകാ
വിരിഞ്ചപത്നീ കമലാസനസ്ഥിതം
സരസ്വതീ നൃത്യതു വാചിമേ സദാ

സരസ്വതീ സരസിജ കേസരപ്രഭാ
തപസ്വിനീ സിതകമലാസപ്രിയാ
ഘനസ്തനീ കമല വിലോല ലോചനാ
മനസ്വിനീ ഭവതു വരപ്രസാദിനീ



## മഹാലക്ഷ്മീദേവി

പത്മാസനസ്ഥിതാം ദേവീം
പത്മിത്രായുതപ്രഭാം
പത്മജാദിസ്തുതാം ശാന്താം
പത്മപത്രായതേക്ഷണാം

ധൃതപാശാങ്കുശാ / ഭീതി
വരദാം ഭ്രതി ദായിനീം
സപീതാംബര സത്ഭ്രഷാ-
ലംകൃതാം വിശ്വമോഹിനീം

സുവർണ്ണവർണ്ണാം സൗന്ദര്യ
ജിതകോടിരതീം സതീം
ശ്രീ പത്മനാഭ ദയിതാം
മഹാലക്ഷ്മീം വിഭാവയെ

യാ സാ പത്മാസനാസ്ഥാ വിപുല കടിതടീ പത്മ
പത്രായതാക്ഷീ
ഗംഭീരാവർത്ത നാഭീഃ സ്തനഭരനമിതാ ശുഭ്രവസ്ത്രോ
ത്തരീയാ
ലക്ഷമീഃ ദിവ്യൈഃ ഗജേന്ദ്രൈഃ മണി ഗണഖചിതൈഃ
സ്നാപിതാ ഹേമകുംഭൈഃ
നിത്യംസാ പത്മഹസ്താ മമവസതു ഗൃഹേ സർവ്വ
മംഗല്യയുക്താ

## ശ്രീ പാർവ്വതീദേവി

അമരീ കബരീ ഭാര-
ഭ്രമരി മുഖരീകൃതം
ദൂരികരോതു ദുരിതം
ഗൗരീ ചരണ പങ്കജം

സർവ്വമംഗള മാംഗല്യേ
ശിവേസർവ്വാർത്ഥ സാധികൈ
ശരണ്യേ ത്ര്യംബകേഗൗരി
നാരായണി നമോസ്തുതേ

അരുണാം കരുണാതരംഗിതാക്ഷീം
ധൃതപാശാങ്കുശ പുഷ്പബാണചാപാം
അണിമാദിഭിരാവതാം മയൂഖൈഃ
അഹമിത്യേവ വിഭാവയേ ഭവാനീം

ലൗഹിത്യ നിർജ്ജിത ജപാ കുസുമാനുരാഗാം
പാശാങ്കുശേ ധനുരിഷൂന പിധാരയന്തീം
താമ്രായതാം അരുണമാല്യ വിശേഷഭൂഷാം
താംബൂലപൂരിതമുഖീം ത്രിപുരാം നമാമി

## ശ്രീ പരമേശ്വര

ശിവം ശിവകരം ശാന്തം
ശിവാത്മാനം ശിവോത്തമം
ശിവ മാർഗ്ഗ പ്രണേതാരം
പ്രണതോ സ്മിസദാശിവം

ത്രയീവേദ്യം ഹൃദ്യംത്രിപുരഹരം ആദ്യം ത്രിണനയനം
ജടാഭാരോദാരം ചലദുരഗഹാരം മൃഗധരം
മഹാദേവം ദേവം മായിസദയഭാവം പശുപതിം
ചിദാലംബം സാംബം ശിവമതിവിഡംബംഹൃദിഭജേ

ദുഃസ്വപ്ന ദുശ്ശകുന ദുർഗ്ഗതി ദൗർമനസ്യ
ദുർഭിക്ഷ ദുർവ്യസന ദുസ്സഹ ദുര്യശാംസി
ഉൽപാത താപ വിഷഭീതിം അസൽഗ്രഹാർത്തീം
വ്യാധിംച നാശയതുമേ ജഗതാമധീശഃ



## ശ്രീമഹാവിഷ്ണു

നാരായണായ നളിനായതലോചനായ
നാമാവശേഷിത മഹാബലി വൈഭവായ
നാനാചരണ ചരാവിധായകജന്മദേശ-
നാഭീപുടായ, പരുഷായനമഃ പരസ്മൈ.

അച്യുതാച്യുത ഹരേപരമാത്മൻ !
രാമകൃഷ്ണ പുരുഷോത്തമ വിഷ്ണോ !
വസുദേവ! ഭഗവാൻ അനിരുദ്ധ !
ശ്രീപതേ ശമയ ദുഃഖമശേഷം

അവികാരായ ശുദ്ധായ
നിത്യായ പരമാത്മനേ
സദൈക രൂപരൂപായ
വിഷ്ണവേ സർവ്വജിഷ്ണവേ

യസ്യ സ്മരണമാത്രേണ
ജന്മസംസാര ബന്ധനാത്
വിമുച്യതേനമഃ തസ്മൈ
വിഷ്ണവേ പ്രഭ വിഷ്ണവേ

നമഃ സമസ്ത ഭൂതാനം
ആദിഭൂതായ ഭൂഭൃതേ
അനേകരൂപ രൂപായ
വിഷ്ണവേ പ്രഭ വിഷ്ണവേ

**(ശ്രീ രാമചന്ദ്ര:)**

ആപദാം അപഹർത്താരം
ദാതാരം സർവ്വ സമ്പദാം
ലോകാഭീരാമം ശ്രീരാമം

ഭൂയോ ഭൂയോ നമാമ്യഹം
രാഘവം കരുണാകരം മുനിസേവിതം സുരവന്ദിതം
ജാനകീവദനാരവിന്ദ ദിവാകരാ ഗുണഭാജനം
ബാലിസൂനുഹിതൈഷിണം ഹനുമൽപ്രിയം കമലേക്ഷണം
യാതുധാന ഭയങ്കരം പ്രണമായി രാഘവകഞ്ജര

രാമായ രാമഭദ്രായ
രാമചന്ദ്രായ വേധസേ
രഘു നാഥായ നാഥായ
സീതായാഃപതയേനമഃ

**ശ്രീകൃഷ്ണ : )**

മന്ദാരമൂലെ മദനാഭിരാമം
ബിംബാധരാപൂരിത വേണുനാദം
ഗോഗോപ ഗോപിജന മദ്ധ്യസംസ്ഥം
ഗോപം ഭജേഗോകുല പൂർണ്ണചന്ദ്രം

മുരളീ നിഹിത കരാബ്ജം
തരളീ കൃത ഗോപാലോകഹൃദയാബ്ജം
വിരളീ കരോതു ദുഃഖം
വൃന്ദാവന സംസ്ഥിതംതേജഃ

ബാലായ നീലവപുഷേ നവകിങ്കിണീക
ജാലാഭിരാമ ജഘനായ ദിഗംബരായ
ശാർദൂലദിവ്യ നഖഭൂഷണ ഭൂഷിതായ
നന്ദാത്മജായ നവനീതമുഷേ നമസ്തേ.

ഹരേ രാമ ഹരേ രാമ
രാമ രാമ ഹരേ ഹരേ
ഹരേകൃഷ്ണ ഹരേകൃഷ്ണ
കൃഷ്ണ കൃഷ്ണ ഹരേ ഹരേ



**ഓർമ്മയിൽ നിർത്തുക :**

* "ഏകമേവാദ്വയം ബ്രഹ്മ"
  ബ്രഹ്മാ-ഈശ്വരൻ-ദൈവം ഒന്നേയുള്ളു പലതില്ല.
* "ഏകംസത് വിപ്രാഃ ബഹുധാവദന്തി"
  സത്തായ സർവേശ്വരൻ ഒന്നുമാത്രം. വിദ്വാൻമാർ ഒന്നിനെത്തന്നെ പല പ്രകാരത്തിൽ പറയുന്നു എന്നു മാത്രം.
* "ഈശ്വരഃ സർവ്വഭൂതാനാം
  ഹൃദ്ദേശേ/ജർജശൂന തിഷ്ഠതി"
  ഹേ അജർജശൂന ! ഈശ്വരൻ എല്ലാ ജീവജാലങ്ങളുടെയും ഉള്ളിൽ സ്ഥിതിചെയ്യുന്നുണ്ട്.
* "ദൈവാധീനം ജഗത്സർവ്വം"
  ഈ ലോകവും ലോകകാര്യങ്ങളും ഈശ്വരന്റെ ഇച്ഛാനുസാരം പ്രവർത്തിക്കുന്നു.
* നമ്മുടെ ദേഹം തന്നെ ക്ഷേത്രം
* പഞ്ചഭൂത നിർമ്മിതമായ ഈ ദേഹത്തിന്റെ പ്രതീകം തന്നെ മരവും കല്ലും മണ്ണും ഉപയോഗിച്ചുണ്ടാക്കുന്ന ക്ഷേത്രം.
* നമ്മുടെ ശിരസ്സിന്റെ പ്രതീകം താഴികക്കുടം.
* നട്ടെല്ലിന്റെ പ്രതീകം കൊടിമരം.
* മനസ്സുതന്നെ ശ്രീകോവിൽ.
* ഹൃദയത്തിൽ വിളങ്ങുന്ന സർവ്വേശ്വരന്റെ പ്രതിഫലനമത്രേ നാം ശ്രീകോവിൽ കാണുന്ന ദൈവം (ഹൃദി-അയം എന്നതു ഹൃദയം ആയി)
* നമ്മുടെദേഹമാകുന്ന ക്ഷേത്രത്തിൽ ഈശ്വരൻ ഉണ്ടെന്നു ബോധ്യമുള്ളവനെ മറ്റു ക്ഷേത്ര ദർശനത്താൽ ഫലം ലഭിക്കും.

* തന്നുടെ ക്ഷേത്രം തന്നിലുണ്ടെന്നു ബോധ്യമായാൽ
അന്യക്ഷേത്രങ്ങളിലും സേവിച്ചാൽ ഫലമുണ്ടാകും.
**- തുഞ്ചത്താചാര്യൻ 'ചിന്താരത്ന' ത്തിൽ**

യാതൊരു സ്വരൂപമായ് ചിന്തിച്ചീടുന്നതെന്നാൽ
ആയതുപോലെപരം ചൈതന്യം ശോഭിക്കുന്നു
ക്ഷേത്രങ്ങളൊന്നും ഭഗവാന്റെ സാന്നിദ്ധ്യം കൊണ്ടു
ചേഷ്ടിച്ചിടുന്നില്ല. ചേഷ്ടിക്കുന്നിതീ ഗാത്രക്ഷേത്രം
**(ചിന്താരത്നം)**

## അമൃതംഗമയ

"മൃത്യോർമാ അമൃതംഗമയ"

''മൃതിയിൽനിന്ന്, വിനാശത്തിൽനിന്ന് എന്നെ അനശ്വരത്വത്തിലേക്ക് ''- നാശമില്ലായ്മയിലേക്ക് നയിച്ചാലും!" എങ്ങിനെയാണത് സാധിക്കുക.

"ജാതസ്യഹിധ്രുവോമൃത്യുഃ ധ്രുവം ജന്മാമൃതസ്യച" എന്നു ഗീതയിൽ പറഞ്ഞിരിക്കുന്നു. "ജനിച്ചവനുമരണം നിശ്ചയമാണ് ; മരിച്ചവന് (വീണ്ടും) ജനനവും നിശ്ചയമാണ്"

മറ്റൊരുതരത്തിൽ പറയുമ്പോൾ ജനിച്ചവന്നേ മരണമുള്ളൂ മരിച്ചവന്നേ ജനനമുള്ളൂ അതിനാൽ ഒന്നുകൂടാതെ കഴിയണമെങ്കിൽ മററൊണുള്ളത് ഇല്ലാതാവണം. മരണം കൂടാതെ കഴിയണമെങ്കിൽ ജനിക്കാതിരിക്കണം. ജനനം കൂടാതെ കഴിണമെങ്കിലോ?

"പുനരപിജനനം പുനരപിമരണം
പുനരപി ജനനീ ജഠരേശയനം'' എന്നു പോകുന്ന ആവർത്തന വിരസത എങ്ങിനെ ഒഴിവാക്കാം. അതു എങ്ങിനെയെന്നു പറയുവാൻ എളുപ്പമാണ് ജന്മജന്മങ്ങൾ കൊണ്ടും സാധിക്കുന്ന കാര്യവുമല്ല.



പുണ്യപാപങ്ങളാണ് ജന്മാന്തരങ്ങളെ ഉണ്ടാക്കുന്നത് പാപം ചെയ്തവൻ പാപഫലാനുഭവശേഷം ദുരിതഭ്രഷ്ഠമായ മറ്റൊരു ജന്മമെടുപ്പാനായി ഒരു ജനനിയുടെ ജാരത്തിൽ പ്രവേഷിക്കുന്നു. ജനിക്കുന്നു, ജീവിക്കുന്നു. പുണ്യം ചെയ്തവൻ പുണ്യങ്ങളുടെ സൽഫലം അനുഭവിച്ചു തീർന്നാൽ നല്ലജന്മത്തിന്നു നാന്ദിയായി ഒരു മാതൃജഠര ത്തിൽ പ്രവേശിക്കുന്നു. ജനിക്കുന്നു, ജീവിക്കുന്നു.

പൂർവ്വജന്മവാസനകളുടെ പ്രതിഫലനം ഈ ജന്മങ്ങലിൽ പ്രതിഫലിക്കുന്നു. ഇവിടെ രണ്ടു നിലയിലും നാശനമില്ലായ്മ സംഭവിക്കുന്നില്ല. പാപഫലത്താലുള്ള ബന്ധനം ഇരിമ്പു ചങ്ങലയിലാണെങ്കിൽ പുണ്യഫലംകൊണ്ടുള്ള ബന്ധനം തങ്കചങ്ങലയാണെന്നഭേദമേഉള്ളു. രണ്ട് സ്ഥിതിയിലും ബന്ധനം ഇല്ലാതാകുന്നില്ല.

പാപംചെയ്യാതിരിക്കുകയും ചെയ്യുന്ന പുണ്യകർമ്മ ങ്ങളും അവയുടെ ഫലങ്ങളും അവയോടുബന്ധപ്പെടാതെ എല്ലാം ഭഗവദർപ്പണമാക്കുകയുമാണ് വേണ്ടത്, തന്റെ കർമ്മങ്ങളും കർമ്മഫളങ്ങളും താൻബന്ധം അവകാശപ്പെടാ തെ ഭഗവത് പാദങ്ങളിൽ അർപ്പിക്കുമ്പോൾ, തന്റെ കർമ്മങ്ങളോടും അവയുടെ ഫലങ്ങളോടും സംബന്ധ മില്ലാതെയാകുന്നു. പുണ്യങ്ങൾക്കുള്ള സ്വർഗ്ഗവും അതുപോലെ പാപകർമ്മങ്ങൾക്കുള്ള നരകവും രണ്ടും അവന് അനുഭവിക്കേണ്ടിവരുന്നില്ല. അവന്നുമേലിൽ നല്ല ജന്മവുമില്ല ചീത്തജന്മവുമില്ല. വീണ്ടും ജനനവും മരണവും ഇല്ല ബങ്കിലെ കടം തീരുവാൻ പണം അടച്ചുകൊണ്ടേ ഇരുന്നാൽ മതിയല്ലോ. പിന്നെയം അതിൽനിന്ന് കടം വാങ്ങാതിരുന്നാൽമതി.

പക്ഷെ ഇതത്ര എളുപ്പമല്ലെന്നു പറയേണ്ടതില്ല എന്നല്ല,

ലൗകിക ജീവിതത്തിൽ സാധാരണക്കാരന്നു സാധിക്കാത്ത ഒരു കാരണമാണിത് അതിനാൽ ആവതും സൽക്കാര്യങ്ങൾ പുണ്യകർമ്മങ്ങൾ മാത്രം ചെയ്തു വരിക രണ്ടോ മൂന്നോ ജന്മങ്ങൾക്കുശേഷമെങ്കിലും അമൃതത്വം നേടാം. അങ്ങിനെ എല്ലാവരും സൽക്കർമ്മശ്രദ്ധയോടെ നല്ല ജീവിതം നയിക്കുമ്പോൾ അവർ നന്നാവും, അവരുടെ സമുദായം നന്നാവും, രാജ്യംനന്നാകും ലോകം സുഖശാന്തിമയവും സ്വർഗ്ഗതുല്യവും ആകും. അങ്ങിനെയാകണമെന്ന സദുദ്ദേശമാണ് ഇവയെല്ലാറ്റിന്റേയും പിന്നിൽ.

സൽക്കർമ്മങ്ങളിലുള്ള നിഷ്കർഷയും പ്രതിപത്തിയും മൂലമാകട്ടെ, ദുഷ് കർമ്മങ്ങൾക്ക് വിധിക്കുന്ന നരക യാതനകളെ ചിന്തിച്ചുള്ള ഭീതികൊണ്ടാവട്ടെ, ഏതുകൊണ്ടാ യാലും മനുഷ്യൻ പാപകർമ്മങ്ങൾ ചെയ്യാതിരിക്കകയും പുണ്യകർമ്മങ്ങൾ മാത്രം ചെയ്യുകയും ചെയ്തു ലോകക്ഷേമം വർദ്ധിക്കട്ടെ എന്ന മഹത്തായ ആഗ്രഹമാണ് ഇതിന്റെയെല്ലാം കേന്ദ്രബിന്ദു.

മൃത്യു അഥവാ മരണം എന്ന വാക്കുപോലും നമുക്ക് ഭീതിയുളവാക്കുന്നതാണ്. എപ്പോൾ എവിടെ വെച്ച് എങ്ങിനെ നമ്മുടെ മേൽചാടി വീഴുമെന്നോ നമ്മെ ഏതെല്ലാം തരത്തിൽ ഉപദ്രവിക്കുമെന്നോ നമുക്കറിയാത്ത ഒരു പുള്ളിപ്പുലിയാണ് മരണം. ഈ അജ്ഞതയാണ് നമ്മുടെ ഭയത്തെ വർദ്ധിപ്പിക്കുന്നതും.

യാത്രക്കുവേണ്ട പെട്ടിയും കിടക്കയുമെല്ലാം ശരിയാക്കി യാത്രക്ക് ഒരുക്കത്തോടെ പ്ലാറ്റ്ഫോമിൽ ഇരിക്കുന്ന യാത്രക്കാരന് വണ്ടിയുടെ വരവിനെപ്പറ്റി വ്യാകുലതയോ ഭയമോ ഇല്ല.

ജീവിതകാലത്ത് ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്യുകയും ചെയ്യരുതാത്തത് ചെയ്യാതിരിക്കുകയും വേണം. അവന് ചാരിതാർത്ഥ്യക്കുറവുമില്ല. പശ്ചാത്താപം അവനെ തീണ്ടുന്നില്ല. അവൻ സംതൃപ്തനും മനശാന്തിയുള്ളവനു



മായി ഭവിക്കും.

മനുഷ്യൻ എത്രതന്നെ 'വേദാന്തം' പറഞ്ഞാലും പഠിച്ചാലും മരണത്തെക്കുറിച്ചുള്ള അവന്റെ ഭയം നിലനില്ക്കുന്നു. പ്രകൃതി ഇത് നമസ്സിലാക്കിയിട്ടാണ് മൃതിയുടെ 'മിനി' പ്പതിപ്പായ 'നിദ്ര' എന്ന അവസ്ഥയെ നമുക്ക് സമ്മാനിച്ചിട്ടുള്ളത് ഉറക്കം മരണത്തിന്റെ സമാന്തരച്ഛാ യയുള്ളതാണല്ലോ. നിത്യാനുഭവംകൊണ്ട് അസാധാര ണത്വം പോയി പോയ ഉറക്കം, സ്ഥിരനിദ്രയാകുന്നതാണ ല്ലോ മരണം.

മരണത്തെക്കുറിച്ച് മനുഷ്യനുള്ള ഭയം കുറക്കുവാൻ വേദാന്തികളും കവികളും ശ്രമിച്ചിട്ടുണ്ട്.

| | |
|---|---|
| 'ജാതസ്യഹിധ്രുവോമൃത്യുഃ<br>ധ്രുവംജന്മമൃതസ്യച<br>തസ്മാദപരിഹര്യാർത്ഥേ<br>നത്വം ശോചിതുമർസി ! | ജനിച്ചവന്നുണ്ടു ചാവ്<br>മരിച്ചോനുണ്ട് ജന്മവൂ<br>ഒഴിച്ചുകൂടാക്കാര്യത്തിൽ<br>അതിനാൽ ദുഃഖിയായ് |

**കനീ - സ്വന്തം**

(ജനിച്ചവന്നുമരണവും മരിച്ചവന്നു ജനനവും തീർച്ചയാണ്. ഒഴിച്ചുകൂടാനാവാത്ത ഈ കാര്യത്തിൽ - മരണത്തിൽ - നീ ദുഃഖിക്കേണ്ട ആവശ്യമില്ല എന്നു ഭഗവാൻ പറയുന്നു.) മരണത്തിൽ അസാധാരണത്വം ഒട്ടുമില്ല. ഗീതപറയുന്നു.

| | |
|---|---|
| 'വാസാംസി ജീർണ്ണാനി<br>യഥാവിഹായ<br>നവാനി ഗൃഹ്ണാതി<br>നരോപരാണി<br>തഥാശരീരാണിവിഹായ<br>ജീർണ്ണാ—<br>ന്യന്യാനി സംയാതിന<br>വാനി ദേഹി' | ജീർണ്ണിച്ച വസ്ത്രത്തെ<br>വെടിഞ്ഞു നമ്മൾ<br>നവം നവം വസ്ത്രമണി<br>ഞ്ഞിട്ടം പോൽ<br>ജീർണ്ണിച്ച ദേഹത്തെ<br>വെടിഞ്ഞു വേറെ<br>പുത്തൻ ശരീരത്തയെ<br>ടുപ്പു ജീവൻ **- സ്വന്തം** |

എത്ര സർവ്വസാധാരണമായ കാര്യം ! ഇപ്പോൾ ഭയം പോയോ? ഇല്ലേ? എന്നാലിതുകേൾക്കു.

| | |
|---|---|
| 'നവദ്വാരവപുഃ കുംഭേ<br>ജീവിതാംഭഃ പ്രതിഷ്ഠിതം<br>തിഷ്ഠതീത്യത്ഭുതം ലോകേ<br>ഗച്ഛതീതികിമത്ഭുതം | ദ്വാരമൊമ്പതെഴും ദേഹ<br>ക്കുടത്തിൽ ജീവനാംജലം<br>തങ്ങുന്നതേ മഹാശ്ചര്യം<br>ഉണ്ടോപോവതിലത്ഭുതം |

**- സ്വന്തം**

അതാണുവാസ്തവം. ഒന്നല്ല ഒമ്പതു ദ്വാരങ്ങളുള്ള ശരീരത്തിൽ - ദേഹമാകുന്ന കുടത്തിൽ ജീവനാകുന്ന ജലം വെച്ചിട്ടുള്ളത് ചേർന്നുപോകാതെ നിൽക്കുന്നത് തന്നെയാണ് ആശ്ചര്യകരം. പോകുന്നതിൽ അത്ഭുതമില്ലതന്നെ.

കാളിദാസൻ പറയുന്നതോ?

'മരണം പ്രകൃതിശ്ശരീരിണാം
വികൃതിർ ജീവിതമുച്യതേ ബുധൈഃ
ക്ഷണമപ്യവതിഷ്ഠതേശ്വസൻ
യതിജന്തുർന്നനു ലാഭവാനസൗ'

(സ്വാഭാവികം മരണ, മോർക്കുകിൽ ജീവികൾക്ക- (ക്ക് അ)
സ്വാഭാവികത്വമിയലുന്നതു ജീവിതം താൻ
ഓതുന്നു പണ്ഡിതരിവണ്ണ, മവന്നുലാഭം
ശ്വാസത്തോടിങ്ങു ഞൊടിപോലിരിക്കുമെങ്കിൽ

**-സ്വന്തം)**

അപ്പോൾ ഇനിയൊന്നും പറയുവാനില്ല, വേവുന്ന പുരയിൽ ഊരിയ കഴുക്കോൽ എല്ലാം ലാഭം തന്നെ!
കുഞ്ചനമ്പ്യാർ ഉള്ള കാര്യം പറയുന്നു.

'മരണദിവസവും ശിരസ്സിലാക്കി
ധരണിതലം പ്രവശന്തി മാനുഷന്മാർ'



| | |
|---|---|
| <br>പരിവർത്തിനിസംസാരേ<br>മൃതകോവാനജായതേ<br>സജാതോയേനജാതേന<br>യാതിവംശഃസമുന്നതിം | അർത്ഥം:<br>'ചുഴലും സംസാരത്തിൽ<br>മൃതനേവൻതാൻ പുനർജ്ജനിപ്പീല<br>എവനുടെ ജന്മം വശ-<br>ശ്രേയസ്സേറ്റീടു മായവൻ<br>ജാതൻ' - സ്വന്തം |

# അമൃതംഗമയ

മുൻകുറിപ്പുകൾ - സൂചനകൾ

* ഇതിൽ അവിടവിടെയായി പലയിടത്തും കൊടുത്തിട്ടുള്ള കുറിപ്പുകൾ വായിക്കുക.
* എല്ലാ കാര്യങ്ങളിലും ശ്രദ്ധയും വിശ്വാസവും തന്നെ പ്രധാനം.
* ക്രിയാദികളിൽ ചില ചില്ലറ പ്രാദേശിക ഭേദങ്ങളുണ്ടെ ങ്കിലും എല്ലാം അടിസ്ഥാനപരമായി ഒന്നുതന്നെയാണ്. എങ്കിലും ആ വക സ്വൽപ ഭേദങ്ങളേയും ഇല്ലാതാക്കി ഐകരൂപ്യം വരുത്തുവാനാണ് ഇതിൽ ശ്രമിച്ചിട്ടുള്ളത്.
* പണ്ടുള്ളവർ ചെയ്തിരുന്ന കാര്യങ്ങളോ അവർ നിശ്ച യിച്ച ആചാരങ്ങളോ തെറ്റായവയാണെന്ന് ആർക്കും പറ യുവാൻ അധികാരമില്ല. അവയെല്ലാം അവരുടെ കാല ത്തിനും സാമൂഹ്യരീതിക്കും ആചാരങ്ങൾക്കും അനുരൂ പമായിട്ടാണ് അവർ നിശ്ചയിച്ചത്.
* അതേസമയം, ആ വക നിശ്ചയങ്ങളിൽ, അതാതു കാല ദേശാദികൾക്കും , വ്യത്യാസപ്പെട്ടുവരുന്ന സാമൂഹ്യ വ്യവ സ്ഥിതികൾക്കും, യോജിക്കുന്ന വിധത്തിലുള്ള ഭേദഗതി കൾ ചെയ്യുന്നതിൽ തെറ്റില്ലാതാനും. അടിസ്ഥാന പര മായി യാതൊരു തരത്തിലും ആ ഭേദഗതികൾ പൂർവ്വ

നിശ്ചയങ്ങളെ മറികടക്കുന്നില്ല. കേവലം ബാഹ്യങ്ങളായ മാറ്റങ്ങളാണവ. ആയതുകൊണ്ട് പഴയ ചില നിയമങ്ങൾ ഇപ്പോൾ വ്യത്യസ്ഥമായ നിലയിൽ ആചരിച്ചുകണ്ടാൽ അതിൽ നാം അക്ഷമരാകയോ അമർഷം കൊള്ളുകയോ വേണ്ടതില്ല.

* ശവസംസ്ക്കാരത്തിന് ദഹനം തന്നെയാണ് ഉത്തമം. അതോടെ ഭൗതിക ശരീരത്തെപ്പറ്റി വിചാരപ്പെടേണ്ട ആവശ്യം മറ്റുള്ളവർക്ക് ഇല്ലാതാകുന്നു.
* കോണിയുണ്ടാക്കാൻ പച്ചമുള് വേണമെന്നതും, ദാഹിപ്പിപ്പാൻ പുളിമാവു (മൂച്ചി) വേണമെന്നും, പറയാറുണ്ട്. പക്ഷെ ആമാതിരിയുള്ള കാര്യങ്ങൾ സൗകര്യാനുസരണം ഭേദപ്പെടുത്താവുന്നതാണ്. ശവശരീരം-ജഡം-ദഹിപ്പിക്കുന്നത് മൂച്ചികൊണ്ടായാലും അകിലുകൊണ്ടായാലും - ചന്ദനം കൊണ്ടായാലും പരേതന്ന് അതിനാൽ യാതൊരു കാര്യവുമില്ല.

" സുകൃതം ദുഷ്കൃതം ചൈവ
ഗച്ഛന്തമനുഗച്ഛതി"

സുകൃതവും ദുഷ്കൃതവും - പുണ്യവും പാപവും -മാത്രമേ പരേതാത്മാവിന്റെ കൂടെ പോകുന്നുള്ളു.

'അദ്ദേഹം' പോയി ഇപ്പോൾ 'അതാ'ണ്
'അദ്ദേഹ'ത്തോടുള്ള സ്നേഹ ബഹുമാന പ്രകടനമാണ് നാം 'അതി'നോടു ചെയ്യുന്നത്.

* ദാനങ്ങൾ അർഹതയുള്ള ബ്രാഹ്മണന്നേ കൊടുക്കാവൂ എന്ന് വിധിയുണ്ട്. പക്ഷെ ആ അർഹതയുടെ മാനദണ്ഡങ്ങളായ ആചാരാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നവർ എത്ര പേരുണ്ട്.
* ബ്രാഹ്മണന് കൊടുക്കുന്ന ദാനഫലം വരുണൻ ഏറ്റു



വാങ്ങി മഹാവിഷ്ണുവെ ഏൽപ്പിക്കുന്നു. മഹാവിഷ്ണു സൂര്യദേവന് അത് എത്തിക്കുന്നു. സൂര്യഭഗവാനിൽ നിന്ന് പരേതാത്മാവിന്റെ കണക്കിൽ വകയിരുത്തപ്പെടുവാൻ ധർമ്മ രാജാവ് സ്വീകരിക്കുന്നു.

("ഗൃഹണാതി വരുണോദാനം മമഹസ്തേപ്രയച്ഛതി

അഹംചഭാസ്ക്കരേദേവേ ഭാസ്ക്കാരാത് സോശ്നുതേ ഫലം") -ഗാരുഡം

(മുൻകുറിപ്പ് : മൃതിസംഭവിക്കുന്നത്, സാമാന്യം കഴിവും പഴമയുമുള്ളതും മക്കളും മരുമക്കളുമായി കുറെ അംഗങ്ങളുള്ളതുമായ ഒരു കുടുംബത്തിലെ (തറവാട്ടിലെ) പുരുഷാംഗത്തിന്നാണെന്ന് എന്ന് സങ്കല്പിച്ചാണ് എഴുതപ്പെട്ടിരിക്കുന്നത്. സ്ത്രീയാണെങ്കിൽ അതിന്നനുസരിച്ച് എന്നാൽ അടിസ്ഥാനങ്ങൾ വിടാതെ വേണ്ട വ്യതിയാനങ്ങൾ വരുത്താമെന്നു പറയേണ്ടതില്ലല്ലോ.)

## ദാനങ്ങൾ

ആസന്നമരണനായിരിക്കുന്ന വ്യക്തിക്കുവേണ്ടി ദാനങ്ങൾ ചെയ്യുവാൻ ഉദ്ദേശമുണ്ടെങ്കിൽ പ്രാണൻ വെടിയും മുമ്പ് ചെയ്യുന്നതാണ് ഉത്തമം. സങ്കൽപാദികൾക്കുശേഷം അദ്ദേഹത്തെക്കൊണ്ട് തൊടുവിച്ച് ദാനം നടത്തുക വിശേഷമാണ്). (ബോധമുള്ള ആൾ ആണെങ്കിൽ പ്രത്യേകിച്ചും നന്ന്). ദാനങ്ങൾ വാങ്ങുവാൻ ആചാരാദികളുള്ള ബ്രാഹ്മണരെ നേരത്തെ ഏർപ്പാടുചെയ്യണം. ഒരു ബ്രാഹ്മണന്ന് ഒരു ദാനം വാങ്ങാനെ അർഹതയുള്ളു.

(സ്വല്പേനാപി ഹി വിത്തേന സ്വയം ഹസ്തേനയത്
കൃതം അക്ഷയം യാതി തത്സർവ്വം
യഥാജ്യം ചഹു ലാശനേ.

(ഗരുഡ പുരാണം)

"കുറഞ്ഞമട്ടിലായാലും തൻ കൈയാൽ ദാനമുത്തമം
തീയിൽ ഹോമിച്ച നെയ്പോലെ അതക്ഷയ ഗുണം
തരും")

(അപാത്രേ സാച ഗൗർദ്ദത്താ, ദാതാരം നരകം നയേത്)
യോഗ്യനല്ലാത്തവന്നേകും ഗോദാനം നരകം തരും.......
ആചാരങ്ങളനുഷ്ഠിക്കും വിപ്രക്കേർക്കുക ഗോക്കളെ.
(പശു കുറവുള്ളതും കട്ടിയുള്ളതുമാകണം എന്നും കൂടി
യാകുമ്പോൾ വിഷമം അധികരിക്കുന്നു.

## ദാനധർമ്മങ്ങൾ

(പശു, കാള, കിടക്ക, തീർത്ഥപാത്രം, ചെരിപ്പ്, കുടവടി,
ധാന്യങ്ങൾ വസ്ത്രം, എള്ള്, എണ്ണ, ഉപ്പ് (പാത്രങ്ങളോടെ
വിളക്ക് (എണ്ണയും തിരിയുമിട്ട് കത്തിച്ച് കത്തുന്നവിളക്ക്)
മുതലായവ)

******

മരിയ്ക്കുന്ന ആളുടെ വാക്ക് മനസ്സിലും (സംസാരശേഷിയില്ല; ചിന്താശക്തിയുണ്ട്) മനസ്സ് പ്രാണനിലും (ആലോചനശക്തി യില്ല, ശ്വാസോച്ഛ്വാസം തുടരുന്നു) പ്രാണൻ തേജസ്സിലും (ജീവന്റെ അടയാളമായ ചൂടുമാത്രം) തേജസ്സ് പരദേവതയിലും (ആത്മാവിലും ) ജീവൻ ദേഹത്തെവിട്ട് ആത്മാവിൽ ലയി ക്കുന്നു) ആകുന്നു.

കിടക്കുന്ന ആൾ ബോധവാനാണെങ്കിൽ ചുറ്റുമുള്ളവർ വാക്കിലും പെരുമാറ്റത്തിലും മിതത്വവും ഔചിത്യവും ദീക്ഷി ക്കണം.

## അന്ത്യ നിമിഷങ്ങൾ

അന്ത്യം അകലെയല്ലെന്നറിയുമ്പോൾ ഒരു പാത്രത്തിൽ ഗംഗാതീർത്ഥം (ഇല്ലെങ്കിൽ ശുദ്ധജലം) എടുത്ത് തുളസീദള



ങ്ങളുമിട്ട, വേണ്ടപ്പെട്ടവരെയെല്ലാം ആ തീർത്ഥം തൊട്ട ശേഷം ഒരാൾ ആസന്ന മരണമെന്റെ അടുത്തിരുന്നു ആതീർത്ഥം അല്പാല്പമായി വായിൽ വീഴ്ത്തുക. ശ്വാസ ഗതിയ്ക്ക് തടസ്സം വരാതെയും, വായിൽ കെട്ടിനിന്ന് വിഷമ മുണ്ടാകാതെയും ഇരിപ്പാൻ ശ്രദ്ധിക്കണം. തൊണ്ട നനച്ചു കൊണ്ടിരുന്നാൽ മതി.

സാധിക്കുമെങ്കിൽ അല്പം ഉറക്കെത്തന്നെ, ഭഗവന്നാമ ങ്ങൾ തുടരെ (നാരായണ നാരായണ എന്നോ രാമ രാമ എന്നോ) ഉച്ചരിച്ചുകൊണ്ടിരിക്കുക.

******

## നിലത്തിറക്കൽ (മാറ്റിക്കിടത്തൽ)

മുൻകൂട്ടി കരുതി വെയ്ക്കേണ്ടുന്ന സാമഗ്രികൾ:

നിലവിളക്ക് - എണ്ണയും തിരികളുമിട്ട്, (നല്ലെണ്ണ വേറെ കരുതുക) അലക്കിയ മുണ്ട്, നാളികേരം, ഇടങ്ങഴി നിറയെ നെല്ല്, നാഴിനിറയെ അരി, ഉണങ്ങല്ലരിയും എള്ളും പൂവും, ചേർത്തുകെട്ടിയ 'കിഴികൾ' -2 (നാളികേരമുറികളിൽ എണ്ണ പകർന്ന് കത്തിപ്പാൻ ), ദർഭയും എള്ളും പിന്നേക്കും ധാരാളം കരുതണം.), നെയ്യ്, പുതുപ്പണം (സ്വാർണ്ണക്ക ഷ്ണം) /25 പൈസ നാണ്യങ്ങൾ, പരുത്തിക്കുരു (9 എണ്ണം), വളയ്ക്കുവാൻ (ഉണങ്ങലരി, എള്ള്, നെല്ല് കലർന്നത്) നാഴി യോളം, കോടിമുണ്ട് (സുമാർനാലുമീറ്റർ) (5 തോർത്ത് ഒന്നിച്ച് ആയാലും ശരി) മണൽ, നാക്കില

******

എവിടെയ്ക്കാണ് മാറ്റിക്കിടത്തുന്നതെന്ന സ്ഥലനിർണ്ണയം ചെയ്യുക. (വടക്കിനിയിൽ) അല്പം ചാണകവും വെള്ളവും തളിച്ച് സ്ഥലം ശുദ്ധമാക്കുക. (വടക്കിനി സൗകര്യം ഇല്ലാ

ത്തയിടത്ത് സൗകര്യാനുസാരം സ്ഥലം കാണുക)
"കർമ്മയോഗാദ്യ ദാ ദേഹി
മുഞ്ചത്യത്രനിജംവപുഃ
തദാഭൂമിഗതാ കര്യാൽ
ഗോമയേനോപലിപ്യച." (ഗാരുഡം)
(കർമ്മാനുസാരം ജീവൻ ദേഹത്തെ എപ്പോൾ വെടിയുന്നുവോ അപ്പോൾ ചാണകം മെഴുകിയ ഭൂമിയിലേക്ക് ജഡത്തെ മാറ്റിക്കിടത്തുക). നാം ചാണകം മെഴുകാറില്ലെന്നു തോന്നുന്നു)

******

പ്രാണൻ വേർപിരിഞ്ഞു എന്ന് ഉറപ്പായാൽ-

* മൃതദേഹത്തിൽ വൃത്തികേടുകളുണ്ടെങ്കിൽ നീക്കിവൃത്തിയാക്കുക.
* കൺപോളകൾ നല്ലപോലെ മൂടുമാറാക്കുക.
* വായിൽ പണവും (പുതുപ്പണം-അല്ലെങ്കിൽ സ്വർണ്ണക്കഷണം ഇല്ലെങ്കിൽ നാണ്യം) അരിയും ഇട്ട് തുറക്കാത്ത വിധം കെട്ടുക. (വെള്ളതുണി നാടകൊണ്ട്)
* വടക്കിനിയിൽ വൃത്തിയാക്കിയ സ്ഥലത്ത് മണൽ വിരിച്ചതിന്മേൽ പരിശുദ്ധിയ്ക്ക് ദർഭ (രണ്ടെണ്ണം നീളത്തിൽ) വെയ്ക്കുക.

* മൃതദേഹം എടുത്ത് തെക്കോട്ട് തലയാക്കികിടത്തുക.
* മൃതന്റെ കൈകൾ മാറിടത്തോട് ചേർത്തുവക്കുക.
* കാൽ പെരുവിരലുകൾ ദർഭയാൽ ചേർത്തെടുക്കുക.
* ഭസ്മം ധരിപ്പിക്കുക, തലയ്ക്കൽ നിലവിളക്ക് കത്തിക്കുക.
* പഴയ വസ്ത്രാദികളെ മാറ്റി അലക്കിയ വസ്ത്രംകൊണ്ടു (മുഖം കാണത്തക്കവിധം) മൂടുക.



* നാളികേരം ഉടച്ച് മുറികളിൽ എണ്ണയൊഴിച്ച് മുൻ പറഞ്ഞ കിഴികൾ ഓരോന്നു ഓരോന്നിലും വെച്ചുകത്തിച്ച് വിളക്കിന് താഴെ വെയ്ക്കുക.
* നെല്ലും അരിയും നിറച്ചുവെച്ചത് വിളക്കിനടുത്ത് നാക്കിലയിട്ട് അതിന്മേൽ വെയ്ക്കുക.
* മൃതദേഹത്തെ ചുറ്റി അരിയും നെല്ലും എള്ളും കലർന്നത് വളക്കുക (ഉറുമ്പുവന്നു കൂടാതിരിപ്പാൻ ശ്രദ്ധിക്കണം)
* കുടുംബാംഗങ്ങൾ മൃതന്റെ ആത്മശാന്തിക്കായി ദൈവത്തെ പ്രാർത്ഥിക്കുക, പരേതന്റെ കാൽക്കൽ നമസ്കരിക്കുക, സന്ദർശകരെ അനുവദിക്കുക.

******

**കുറിപ്പ് : മുൻകൂട്ടിചെയ്യേണ്ട കാര്യങ്ങൾ:**

ശ്മശാനസ്ഥലം ശരിപ്പെടുത്തൽ, വിറക് മുതലായവ ഉണ്ടാക്കൽ കോണി എന്ന പാടയ്ക്കുവേണ്ട മുള മുതലായവ ശേഖരിക്കൽ (ഇതുണ്ടാക്കാൻ മുൻപരിചയമുള്ളേവർവേണം. ഏഴുകഴികൾ വേണ്ടത്രനീളം വീതി, (പൊളിക്കാത്ത മുള)2 തണ്ടുകൾ 7 അലകുകൾ (ബലമുള്ളവ) (മാറി മാറി) ശ്മശാനത്തിൽ ആവശ്യത്തിന്ന് ഒരു നീണ്ട പച്ചമുള വേണം (10, 12 അടിനീളം) മുള ബാക്കിയാകരുത്) എന്നിവയ്ക്ക് കാലേകൂട്ടി തക്ക ആളുകളെ ചുമതലപ്പെടുത്തണം പുറമെ നിന്ന് വാങ്ങികൊണ്ടുവരേണ്ടതായ മൺകുടം, കർപ്പൂരം, ചന്ദനത്തിരി, പൂമാല, ചന്ദനമുട്ടി എന്നിവക്കും പ്രധാനമായ കോടിത്തുണിക്കും (5 തോർത്ത് മുറിക്കാതെ അല്ലെങ്കിൽ നാലു മീറ്റർ കോറമൽത്തുണി ഗാഢ) ഇവയ്ക്കും ഏർപ്പാടുചെയ്യണം ആവശ്യം പോലെ മറ്റു സാധനങ്ങൾക്കും - എണ്ണ മുതലായവയ്ക്കും.

**കുറിപ്പ് : പ്രത്യേകശ്രദ്ധയ്ക്ക്**

ക്രിയാദികാര്യങ്ങളിലേയ്ക്ക് കടക്കും മുമ്പ് ഒരു പ്രത്യേക അഭിപ്രായം പ്രസ്താവിച്ചുകൊള്ളട്ടെ.

കേരളീയരിൽ മരുമക്കത്തായത്തിൽ ഉള്ളവർ അടുത്ത കാലം വരെ (ഒരു ദശാബ്ദത്തിനുമുമ്പുവരെ) അച്ഛൻ മരിച്ചാൽ പോലും പുല ആചരിച്ചിരുന്നില്ല. അച്ഛനുവേണ്ടി ക്രിയാദികൾ ചെയ്തിരുന്നില്ല എന്നു പറയേണ്ട ആവശ്യമില്ലല്ലൊ. അവരവരുടെ മരുമക്കൾ (സ്ത്രീകളും പുരുഷന്മാരും) ചെയ്തുവന്നു. ഇന്നത്തെ ചുറ്റുപാടിൽ- കൂട്ടുകുടുംബങ്ങൾ മിക്കവാറും ഇല്ലാതായി അച്ഛൻ, അമ്മ, മക്കൾ എന്ന് തനി കുടുംബങ്ങളായി മാറിയിരിക്കുന്ന പരിതഃസ്ഥിതിയിൽ, നമ്മുടെ ഇടയിൽ അച്ഛൻ മരിച്ചാൽ പുല ആചരിക്കികയും അച്ഛനുവേണ്ടി ക്രിയാദികൾ ചെയ്കയും സമ്പ്രദായമാക്കിയിട്ടുണ്ട്. മരുമക്കത്തായ നിയമങ്ങൾക്ക് പുറമെയാണിത്.

ശേഷക്രിയാദികളിൽ കേരളത്തിലെ മരുമക്കത്തായ ക്കാരുടെ ഇടയിൽ മാത്രമെ സ്ത്രീകൾ സംബന്ധിക്കാറുള്ളു. മറ്റൊരു പ്രദേശത്തും മറ്റേത് ജാതിക്കിടയിലും ഇല്ലാത്ത ഒരു സവിശേഷതയണിത്.വാസ്തവത്തിൽ സ്ത്രീകൾ ശേഷക്രിയാദികൾ ചെയ്യണമെന്ന് പുരാണാദികളിലോ ശാസ്ത്രങ്ങലിലോ നിർബന്ധം വെച്ചിട്ടില്ല. പുത്രന്മാർ (നമ്മുടെയിടയിൽ പുരുഷന്മാരായ മരുമക്കളും) ചെയ്താൽ ധാരാളം മതി. മരുമക്കൾ ചെയ്യണമെന്നതുപോലും സ്വന്തം ഇഷ്ടാനുസരമാണ്. ഈ നിലയിൽ സ്ത്രീകളെ എന്തിന്നായി ശേഷക്രിയാദികളിൽ പങ്കെടുപ്പിച്ച് വിഷമിപ്പിക്കണം. അവർക്ക് ഗൃഹകാര്യങ്ങൾ തന്നെ വേണ്ടതിലധികം -



വിശേഷിച്ചും ഈ വക സന്ദർഭങ്ങളിൽ ഉണ്ടാകുമല്ലൊ.

അതിനാൽ സ്ത്രീകളെ ശേഷക്രിയാദികളിൽ നിന്ന് നിശേഷം ഒഴിവാക്കുക, നാം മക്കത്തായത്തോടാണല്ലൊ ദിനമനു അടുത്തുവരുന്നതും. ആ കാരണം കൊണ്ടും ആ രീതിക്കാരെപ്പോലെ സ്ത്രീകളെ ഒഴിവാക്കുന്നതായിരിക്കും നല്ലത്, ശാസ്ത്രസമ്മതവും ഇതുതന്നെ.

## ശ്മശാനയാത്രക്ക് ഒരുക്കേണ്ട സാധനങ്ങൾ:

- ♦ കോടിത്തുണി (നാലുമീറ്റർ) (മുമ്പുപറഞ്ഞത്)
- ♦ കദളി (അല്ലെങ്കിൽ ഏതെങ്കിലും വാഴയുടെ) നെടുനാക്കില.
- ♦ ദർഭപ്പുൽ (സ്വല്പം അധികം കരുതണം) (കർമ്മംചെയ്യുന്നവർക്ക് പവിത്രങ്ങൾക്ക് ചിത ചുറ്റി വളയ്ക്കുവാൻ പിണച്ചു 'കയർ' ഉണ്ടാക്കുവാൻ (20-24) (ഇത് ആരും ചെയ്യാറില്ല) ബലിയ്ക്കും മറ്റുമായും ദർഭവേണം)
- ♦ എള്ള് (തിലം പ്രാധാന്യമുള്ളതാണ്)
- ♦ ചെറുപൂള, പരുത്തിക്കുരു (10)
- ♦ ചന്ദനം (മഞ്ഞൾ) ചന്ദനമുട്ടി
- ♦ പ്ലാശിൻ കമ്പുകൾ (സുമാർ ഒരുചാൺ നീളത്തിൽ കഷ്ണങ്ങൾ)
- ♦ വെള്ളനൂൽ - ഒരുചെറുഉരുണ്ട. (ചിതയെ ചുറ്റി വളയ്ക്കാൻ)
- ♦ മൺകുടം, കിണ്ടികൾ (കിണ്ടികൾ വീട്ടിൽ ചെയ്യുന്നവയ്ക്കു മാത്രം)
- ♦ കുത്തുവിളക്ക് എണ്ണയും തിരിയുമിട്ട് (ഒരു ചെറിയ കുപ്പിയിൽ എണ്ണ കരുതുകയും വേണം)
- ♦ തീപ്പെട്ടി

## ക്രിയാദികൾ

- ♦ ക്രിയാദികളിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ (പുരുഷന്മാർ) കളിച്ച് തറ്റുടുത്ത് ചെമ്പുകുടത്തിലും മൺകുടത്തിലും കിണ്ടികളിലും ജലം കൊണ്ടുവരിക. (ഈറൻ മാറ്റേണ്ട)
- ♦ മൃതദേഹത്തിൽ നിന്ന് വസ്ത്രാദികൾ മാറ്റുക.
- ♦ കിണ്ടിയിലെ ജലത്തിൽ പൂവിട്ട്, തീർത്ഥ ഭാവനയോടെ ആ ജലം മൃതദേഹത്തിൽ ഉടനീളം തളിയ്ക്കുക.
- ♦ കദളിവാഴയിലയാൽ മൂടുക
- ♦ വേണ്ടപ്പെട്ടവർ പ്രദക്ഷിണ നമസ്ക്കാരങ്ങൾ ചെയ്യുക.
- ♦ കോടിത്തുണിയെടുത്ത്, വക്കുകൊണ്ട് അരഞ്ഞാക്കയറും വിലങ്ങനെ ചീന്തിയ കഷണത്താൽ കൗപീനവും ഉണ്ടാക്കുക.
- ♦ ഇലമേൽ തീർത്ഥം (കിണ്ടിയിലെ ജലം ) തളിച്ച്, ഇല മാറ്റുക.
- ♦ അരഞ്ഞാക്കയറും കൗപീനവും ധരിപ്പിക്കുക
- ♦ കോടിത്തുണി വിലങ്ങനെ ചുരുട്ടുക
- ♦ തലയ്ക്കൽ ഭാഗത്തു നിന്ന് കാല്ക്കൽഭാഗം വരെ എത്തത്തക്കവിധം വിരിച്ച് ബാക്കി കാൽക്കൽ ഭാഗത്തുവെയ്ക്കുക. (ശേഷത്തിന് ഒരുതുണ്ട് കരുതണം)
- ♦ ദേഹത്തെ എടുത്ത കോടിത്തുണിമേൽ കിടത്തി, കൈകൾ കാൽകൾ എല്ലാം അതേപടി ശരിയാക്കി (മുമ്പുകെട്ടിയ പടിതന്നെ ) കാൽക്കൽ ഭാഗത്തു വെച്ച തുണി നിവർത്തി തലവരെ മൂടുക.
- ♦ കാൽക്കലും നടുക്കും തലയ്ക്കലും തുണിയുടെ വക്കുകൾ കൊണ്ടുതന്നെ ബന്ധിയ്ക്കുക.

**(ദാനങ്ങൾ ഉദ്ദേശമുണ്ടെങ്കിൽ യാത്രാദാനാദികൾ ചെയ്യുക)**



- ♦ ഇനി ആർക്കുവേണ്ടിയും കാത്തുനിൽക്കേണ്ടതില്ല എങ്കിൽ 'അന്ത്യയാത്ര' യ്ക്കുവേണ്ട ശേഷം കാര്യങ്ങൾ തുടരാം.
- ♦ തെക്കെമുറ്റത്ത് അഗ്നികോണിൽ (തെക്കുകിഴക്കു മൂലയിൽ) ഒരു കഷ്ണം ഇലയിൽ നനച്ച തിരി കത്തിച്ചു വെയ്ക്കുക.
- ♦ കെട്ടിയകോണി തെക്കെമുറ്റത്തു തെക്കുവടക്കായി വെയ്ക്കുക
- ♦ കോണിമേൽ തീർത്ഥം (കിണ്ടിജലം) തളിച്ച്, ദർഭയും പൂവും ഇടുക.
- ♦ മൃതദേഹം താങ്ങി എടുത്തുകൊണ്ടുവന്ന് തെക്കോട്ടു തലയാക്കി കോണിയിൽക്കിടത്തുക.
- ♦ മൂത്തകർമ്മി താൻ ധരിച്ചിരിക്കുന്ന വസ്ത്രത്തിന്റെ കോന്തലയും പ്ലാശിൻ കമ്പും ചേർത്തിപ്പിടിക്കുക. മറ്റൊരാൾ കിണ്ടിയിലെ ജലം അതിൽ പകർന്നു കൊടുക്കവെ വീഴുന്നജലം മൃതദേഹത്തിൽ പ്രോക്ഷിക്കുക (തളിയ്ക്കുക)
- ♦ ബന്ധപ്പെട്ടവരെല്ലാം അന്ത്യോപചാരമായി നമസ്ക്കരിക്കുക.
- ♦ ദേഹത്തെ കോണിയോടു നല്ലപോലെ ബന്ധിയ്ക്കുക.
- ♦ ജലം തളിയ്ക്കുക, എടുപ്പാനുള്ളവർ തയ്യാറായി നിൽക്കുക.
- ♦ കുത്തുവിളക്ക് കത്തിച്ച് പിടിച്ച് ഒരാൾ മുമ്പിൽ നടക്കണം. (ശീതികൻ)
- ♦ നാരായണാ ഗോവിന്ദ ശിവ ശിവ എന്നു ഉറക്കെ ഉച്ചരിച്ചുകൊണ്ട് മൃതദേഹം (കോണിയോടെ) എടുത്ത് ശ്മശാനം നോക്കിപ്പുറപ്പെടുക.
- ♦ വേണ്ടപ്പെട്ടവർ പിന്നാലെ പോകുക.

(ഒരാൾ മുൻക്കൂട്ടി ശ്മശാനത്തിലേക്ക് ചെന്നു വിവരം കൊടുക്കുകയും എല്ലാം ശരിയായിരിക്കുന്നു എന്നുറപ്പു വരുത്തുകയും വേണം. മഴക്കാലമാണ്- മഴയുണ്ട് എങ്കിൽ ഉചിതമായ ഒരുക്കങ്ങൾ വേണ്ടിവരും)

- ♦ മുമ്പുപറഞ്ഞ സാധനങ്ങളിൽ ശ്മശാനത്തേയ്ക്കു കൊണ്ടു പോകേണ്ടവ എടുക്കാൻ മറക്കരുത്.
  അതായത്, കുടത്തിൽ വെള്ളം, നെയ്യ്, തീപ്പെട്ടി, പേന ക്കത്തി, ദർഭ, പ്ലാശിൻകമ്പുകൾ, നൂൽ, ചെറുപൂള, എള്ള് ചന്ദനമുട്ടി (ഉണങ്ങിയ തുളസിക്കൊമ്പുകൾ) കർപ്പൂരം, ചന്ദനത്തിരി, പരുത്തിക്കുരു, വിളക്കിന്ന് എണ്ണ വഴിയെ തന്നെ ചെയ്യേണ്ടുന്ന ഉദകക്രിയയ്ക്കുവേണ്ട ദർഭ, ചെറു പൂള, മഞ്ഞൾ, എള്ള്.

## സംസ്ക്കാരക്രിയാദികൾ (ശ്മശാനത്തിൽ)

- ♦ ദേഹം (കോണിയോടെ) തെക്കോട്ട് തലയാക്കി ചിത യുടെ പടിഞ്ഞാറുവശത്തു വെയ്ക്കുക.
- ♦ ചിത തെയ്യാറായിക്കഴിഞ്ഞാൽ, മൺകുടത്തിലെ ജലം തീർത്ഥസങ്കല്പത്തോടെ ചിതയിന്മേൽ (മൂന്നുകൈക്ക ടന്ന) തളിയ്ക്കുക.
- ♦ ദർഭപ്പുല്ല് (മുഴുവൻപുല്ല്) നാല്ലെണ്ണം വെയ്ക്കുക. പൂവി ട്ടാരാധിക്കുക.
- ♦ പ്ലാശിൻകമ്പുകൾ ചിതയിൽ ചുറ്റുമായി 9 സ്ഥലങ്ങളിൽ വെയ്ക്കുക തുളസിയുടെ ഉണങ്ങിയ കൊമ്പുകൾ, ചന്ദ നമുട്ടി മുതലായവയും വെയ്ക്കാം.
- ♦ ദേഹം (കോണിയോടെ) എടുത്ത മൂന്ന് അപ്രദക്ഷിണ ങ്ങൾ ചുറ്റിവന്നശേഷം ചിതമേൽ (തെക്കോട്ടു തലയാ ക്കി) വെയ്ക്കുക.
- ♦ കോണി ക്ഷമയോടും ശ്രദ്ധയോടും അറുത്തഴിച്ചു മാറ്റു ക.



- ♦ ദുർഭൂതബാധാനിവൃത്തിക്കായി ദർഭകൊണ്ടുപിണച്ചു (ഏച്ചുകൂട്ടി) ഉണ്ടാക്കിയ 'കയർ' കൊണ്ടും നൂലു കൊണ്ടും ചിതയെ ഓരോ ചുറ്റു ചുറ്റിക്കെട്ടുക. പരുത്തി ക്കുരുക്കൾ നവദ്വാരസ്ഥാനങ്ങളിൽ (മേലെ) ഇടുക.
- ♦ ശേഷം മുറിച്ചെടുക്കേണ്ടതുണി എളുപ്പത്തിൽ കിട്ടുമാറ് സൗകര്യമായി വെയ്ക്കുക. (ചിതയ്ക്ക് തീ കൊടുത്ത ശേഷമാണ് ഇതുമുറിച്ചെടുക്കേണ്ടത്, ചിലർ ദേഹം ചിത മേൽ വെച്ച ഉടനെ മുറിച്ചെടുക്കുന്നു. ആദ്യത്തെതാണ് ശരി).
- ♦ ദേഹത്തിൽ (മാറിടത്തിൽ) ചന്ദനമുട്ടി, കർപ്പൂരക്കട്ടകൾ, നെയ്യിൽനനച്ച തിരികൾ, ചന്ദനത്തിരിഎല്ലാം വെയ്ക്കാം.
- ♦ മൂത്ത ആൾ, മറ്റുള്ളവർ അനുഗമിക്കെ, നെയ്യിൽ മുക്കിയ ദർഭക്കെട്ടും ഒരു വിറകുകഷണവും കത്തിച്ച് ചിതയെ മൂന്ന് അപ്രദക്ഷിണം വെച്ച് മേലെ വെച്ചിരിക്കുന്ന കർപ്പൂരം മുതലായവയ്ക്കുമേൽ വെയ്ക്കുക.
- ♦ കാൽക്കലും തലയ്ക്കലും ഇരുഭാഗങ്ങളിലും തീക്കൊ ള്ളികൾ വെയ്ക്കുക.
- ♦ ശേഷം മുറിച്ചെടുക്കുക (ക്രിയചെയ്യുന്ന ആൾ ഇത് ഇടു പ്പിൽ കെട്ടിയാണ് ക്രിയകൾ ചെയ്യുക, വീട്ടിലെത്തിയാൽ ആരും തൊടാത്തവിധം ഒരു തൂണിന്മേൽ കെട്ടി വെയ്ക്കാം.
- ♦ ഇനി ആ മൺകുടം വെള്ളത്തോടെ എടുത്ത് മൂത്ത ആൾ ചുമലിൽ വെയ്ക്കണം. കാൽക്കൽഭാഗത്തു നിൽക്കുക. ഒരാൾ കുടത്തിൽ മേൽഭാഗത്ത് പേനക്കത്തികൊണ്ടോ മറ്റോ കുത്തി ഒരു ചെറുദ്വാരം (25 പൈസവട്ടം) ഉണ്ടാ ക്കുക. അപ്രദക്ഷിണം വരുമ്പോൾ വീഴുന്ന വെള്ളം മറ്റു ള്ളവർ ചിതയിലേക്ക് അർഘ്യസങ്കൽപത്തോടെ തളി ക്കണം.

- ♦ അങ്ങിനെ രണ്ടാമതൊരു ചുറ്റ് ആദ്യത്തേതിന്നു താഴെയായി കുടത്തിൽ രണ്ടാമതൊരു ദ്വാരവും-ജലം അർഘ്യമെന്നു തളിക്കുക.
- ♦ ആ വിധം തന്നെ മൂന്നാമതൊരുദ്വാരമുണ്ടാക്കി അതു വഴി വീഴുന്ന ജലം കൊണ്ടും അർഘ്യം കൊടുത്താൽ കുടം ബാക്കി വെള്ളത്തോടെ താഴെവെയ്ക്കുക.തൊഴുക.
- ♦ വിറകുവേണ്ടപോലെവെച്ച് ചിത കത്തിയ്ക്കുക. (തീ ശരിയായിക്കത്തുന്നുണ്ടോ എന്നും ചിത ചരിയുകയോ മറ്റോ ചെയ്യില്ലെന്നുറപ്പുവരുത്തുവാനും, പരിചയമുള്ളവർ ശ്രദ്ധിക്കണം.)
- ♦ നടുമുറിഞ്ഞ് ചിത അമരുമ്പോൾ നീണ്ടപച്ചമുളക്കഷണം കൊണ്ട് എല്ലാം വേണ്ടപോലെ 'തട്ടിക്കൂട്ടുക' എല്ലാവരും മാറുക.
- ♦ ശ്മശാനം വിട്ടുപോരാമെന്നായാൽ മൂത്ത ആൾ-അൽപം 'ബാഹുബലം' ഉള്ള ആളാവണം- ആ കുടം എടുത്ത് അതിലെ ജലം തീർത്ഥസങ്കൽപത്തോടെ ചിതയിലേയ്ക്ക് അർഘ്യം ചെയ്യുക.
- ♦ ചിതയുടെ കാൽക്കൽ ഭാഗത്ത് പുറംതിരിഞ്ഞുനിന്ന് ബാക്കി വെള്ളത്തോടുകൂടിയ കുടം ചിതയുടെ തലയ്ക്കൽ ഭാഗത്തിൽ തട്ടാത്തവിധം ശക്തിയോടെ തലയ്ക്കുമേലെ -പിന്നോക്കം-എറിയണം.
- ♦ പിന്നെ തിരിഞ്ഞുനോക്കാതെ എല്ലാരും ശ്മശാനം വിട്ടു പോവുക.

✱✱✱✱✱✱

- ♦ ദഹനം വീട്ടുവളപ്പിൽ ആണെങ്കിൽ, വീട്ടുമുറ്റത്ത് അല്ലെങ്കിൽ ജലാശയത്തിനടുത്തൊരു ദിക്കിൽ ഭൂമിയിൽ അൽപം കുഴിഞ്ഞുവരത്തക്കവിധം 7 വരകൾ വരയ്ക്കുക



(ഒരു ചാൺഎങ്കിലും വിട്ട്). അവയിൽ പ്രത്യേകം പ്രത്യേകമായി വെള്ളമൊഴിക്കുക. ഈ ഏഴിനേയും തീർത്ഥനദികളായും താൻ അതിൽ സ്നാനം ചെയ്തു ശുദ്ധനായിത്തീരുന്നുവെന്ന സങ്കൽപ്പത്തോടെ അവയെ ഓരോന്നായി കടക്കുക- താണ്ടുക.
(ഗംഗ, യമുന, ഗോദാവരി, സരസ്വതി, നർമ്മദ, സിന്ധു, കാവേരി, ഇവയാണ് സപ്തതീർത്ഥങ്ങൾ).

- ♦ അടുത്തതായി 'ശാഖനൂഴുക' എന്നൊരു പതിവുണ്ട്. ശ്മശാനത്തിൽ ഉപയോഗിച്ച ആയുധങ്ങളേന്തി ആളുകൾ ഇരുവശങ്ങളിലായി നിൽക്കുന്നു. ആയുധങ്ങൾ ഉയരത്തിൽ പിടിച്ചിരിക്കും. ക്രിയാദികളിൽ പങ്കെടുത്തവർ അവരിൽ ഓരോരുത്തരെയായി എല്ലാരേയും മൂന്നുപ്രദക്ഷിണം വെയ്ക്കുന്നു. (ആയുധം ഏന്തിനിൽക്കുന്ന എല്ലാവരേയും കൂടി ക്രിയാദികളിൽ സംബന്ധിച്ചവർ എല്ലാവരും ഒന്നിച്ച് മൂന്നു പ്രദക്ഷിണം വെച്ചാൽ മതി എന്നു തോന്നുന്നു.) ആയുധങ്ങൾക്കു താഴെ 'നൂഴുന്നു'. എല്ലാവരും അങ്ങിനെ നൂണുകഴിഞ്ഞാൽ ആയുധങ്ങൾ പിടിച്ചിരിക്കുന്നവർ ജാഗ്രതയോടെ ആയുധങ്ങൾ പെട്ടെന്ന് താഴെയിടുന്നതോടൊപ്പം ക്ഷണത്തിൽ പിൻമാറണം. ആരുടെയും ദേഹത്തിൽ തട്ടാതെ നോക്കണം. സാധാണ മഴുവും കൈക്കോട്ടും മാത്രമേ ഉപയോഗിക്കാറുള്ളൂ. ചിലർ 'മടാളും' (കൊടുവാളും) പിടിക്കാറുണ്ട്.

## ഉദകക്രിയാദികൾ

വേണ്ട സാധനങ്ങൾ :

- ✸ ദർഭത്തലകളാൽ ആളുക്കൊന്നുവീതം പവിത്രങ്ങൾ
- ✸ നാക്കില
- ✸ ദർഭ മുറിച്ചത് : ഒരുചാൺ നീളത്തിൽ നാലെണ്ണം.

- വിളക്ക് : രണ്ടെണ്ണം
- എള്ള്, ചെറപൂള, ചന്ദനം (മഞ്ഞൾ)
  ഉദകക്രിയ : (തെക്കോട്ടുതിരിഞ്ഞിരുന്ന്)
- എല്ലാവരും കുളിയ്ക്കുക, തറ്റുടുക്കുക. (തല തോർത്തിയില്ലെങ്കിൽ ജലദോഷം വരുമെന്ന ഭയമുള്ളവർ മാത്രം തല തോർത്താം.
- പവിത്രം ധരിക്കുക.
- വിളക്കു കൊളുത്തിവെക്കുക.
- ശേഷം ചുറ്റിയ മൂത്ത ആൾ ക്രിയാദികൾ ചെയ്യുമ്പോൾ മറ്റുള്ളവർ ശൃംഖലാന്യായേന തൊട്ടുനിന്നാൽ മതി.
- (കുളത്തിലെ/പുഴയിലെ) മണൽകൊണ്ട് കല്ലിന്മേൽ (പടവിലെ കല്ലിൽ) ഒരു തിട്ട് നിർമ്മിക്കുക. (മണൽവിരി)
- അതിന്മേൽ വെള്ളവും പൂവും എള്ളും ഇട്ടുതൊഴുക.
- നീളം കുറഞ്ഞ ദർഭ കഷ്ണങ്ങൾ നാലെണ്ണം എടുത്തു വെള്ളത്തിൽ മുക്കി പൂവും ചേർത്തു മാറോടണച്ചുപിടിച്ച് പ്രാർത്ഥിച്ച് മണൽ വിരിപ്പിന്മേൽ വെക്കുക. (പ്രേത ശയ്യയാണ് ഇതെന്നു സങ്കൽപം.
- ഇനി നീളം കൂടിയ രണ്ടു കഷ്ണം ദർഭയുള്ളതെടുത്ത് വെള്ളത്തിൽ നനച്ച് മൃതനെ സ്മരിച്ച് ആദ്യം വെച്ച ദർഭകൾക്കുമേൽ വെക്കുക. (ഇടതുവശത്തുള്ളത് ഐഹിക ജീവിതത്തേയും (ഇല്ലാതായത്) വലതുവശത്തുള്ള ദർഭ മൃതന്റെ പാരത്രിക ജീവിതത്തേയും പ്രതിനിധീകരിക്കുന്നു.
- ദർഭയിൽ ജലം തളിച്ച് പൂവിട്ടാരാധിച്ച് ഇടതുവശത്തെ ദർഭയെടുത്ത് വാസിച്ച് മുറിച്ച് പിന്നോക്കം കളയുക.
- തലയുള്ള ദർഭ (ഒന്നരച്ചാൺ നീളത്തിൽ) എടുത്ത കൂർച്ച കെട്ടി മുക്കി പൂവും ചന്ദനവും എള്ളും കൂട്ടി മാറോടു ചേർത്ത് പിടിക്കുക. മൃതന്റെ സൽഗതിക്കായി ,പ്രാർത്ഥിച്ച് മണൽത്തറമേൽ ദർഭക്കുമേലെ വെച്ച് തൊഴുക.



- എള്ളും പൂവും വെള്ളവും കൈയിലെടുത്ത ശ്മാശാനത്തിൽ നിന്ന് മൃതന്റെ പ്രേതത്തെ ആ ദർഭയിലേക്ക് ആവാഹിക്കുക. ആ പൂല്ലിൽ പ്രേത സാന്നിദ്ധ്യം സങ്കൽപിക്കുക.
- ഇനി ആദ്യം 9 പ്രാവശ്യം ജലം തീർത്ഥ സങ്കൽപ്പത്തോടെ സമർപ്പിക്കുക. (ഒടുവിൽ വെച്ച-പ്രേത സാന്നിദ്ധ്യം സങ്കൽപ്പിച്ച- ദർഭയിലാണ് ഇനി എല്ലാം ചെയ്യേണ്ടത്) (നവദ്വാര ശുദ്ധിക്കാണ് ആദ്യം 9 പ്രാവശ്യം ഉദക സമർപ്പണം)
- പിന്നെ തിലോദകാദികൾ
  1 തില (എള്ള്) ജലം - 3 പ്രാവശ്യം
  2. ശുദ്ധോദകം (ജലം മാത്രം ) - 3 പ്രാവശ്യം
  3. ഗന്ധോദകം (ചന്ദനം) മഞ്ഞൾ -3 പ്രാവശ്യം
  4. ശുദ്ധോദകം -3 പ്രാവശ്യം
  5. കേശോദകം (തലമുടിയിൽനിന്ന് ഇറ്റുവീഴുന്ന ജലം 3 പ്രാവശ്യം
  6. ശുദ്ധോദകം -3 പ്രാവശ്യം
  7. വാസോദകം (ശേഷം പിഴിഞ്ഞജലം) -3 പ്രാവശ്യം
  8. ശുദ്ധോദകം -3 പ്രാവശ്യം
  9. പൂവും ചന്ദനവും എള്ളും വെള്ളവും കൂടി അർപ്പിച്ച് തൊഴുക.
  (ഇപ്പോൾ പിണ്ഡാർപ്പണമില്ല.)
- എല്ലാവരും പരേതന് ആത്മാശാന്തി പ്രാർത്ഥിച്ച് തൊഴുത് നമസ്ക്കരിക്കുക.
- ഇനി (ക്രിയചെയ്യുന്ന മൂത്ത ആൾ തന്നെ) ശ്മശാനത്തിൽനിന്ന് ദർഭയിലേക്ക് ആവാഹിച്ചിരുത്തിയിരിക്കുന്ന മൃതപ്രേതത്തെ അടുത്തുള്ള ഒരു ഉത്തമ വൃക്ഷത്തിലേയ്ക്ക് അല്ലെങ്കിൽ കരിമ്പനയിലേയ്ക്ക്

ഉദ്യസിക്കുക (ദർഭയിൽനിന്ന് വിടുവിച്ച് വൃക്ഷത്തിലേയ്ക്ക് മാറ്റിയതായി സങ്കൽപിച്ച് ദർഭമേൽ ജലം തളിയ്ക്കുക).

(കുറിപ്പ് : പട്ടനാട്ടുമ്പോൾ ആ വൃക്ഷത്തിൽനിന്നാണ് പ്രേതത്തെ പട്ടയിലേക്ക് ആവാഹിക്കേണ്ടത്. അതിനാൽ ഏതു വൃക്ഷത്തിലേയ്ക്കാണ്. ഉദ്വസിക്കുന്നത് എന്ന് ക്ലപ്തമായധാരണ (ഓർമ്മ) വേണം).

* ക്രിയകൾ ചെയ്തസ്ഥലം വൃത്തിയാക്കുക.

******

* കുറിപ്പുകൾ : ക്രിയാദികളിൽ ബന്ധപ്പെട്ട എല്ലാരും കുളിക്കുക. വീട്ടിൻമുറ്റത്തു നെല്ലും പൊന്നും വെപ്പിച്ച് അവ തൊട്ട്, കാലും മുഖവും കഴുകി. പരേതനെ കിടത്തിയിരുന്ന ദിക്കിൽ കത്തിച്ചുവെച്ചിരിക്കുന്ന ദീപം കണ്ടു തൊഴുക. ശേഷം ഒരുതൂണിൽ കെട്ടി വെയ്ക്കുക.
* അപ്പോൾ ത്തന്നെ പട്ടനാട്ടി നിത്യക്രിയ തുടങ്ങാനുദ്ദേശമുള്ളവർ വഴിയെ പട്ടനാട്ടലിന്നുള്ള ഒരുക്കങ്ങൾ ചെയ്യാം. അതിന്ന് സൗകര്യമില്ലാത്തവർ പിന്നീട് ദിവസം നിശ്ചയിച്ച് ചെയ്യാം.
* ഇനി ചെയ്യേണ്ട ക്രിയകളിൽ പ്രധാനമായവ.

1. പട്ടനാട്ടിക്രിയ
2. സഞ്ചയനം
3. പുലപ്പിണ്ഡം
4. ശ്രാദ്ധദാനാദികൾ

ഇവ സൗകര്യം, കഴിവ് മുതലായവയുടെ അടിസ്ഥാനത്തിൽ ഭേദഗതികളോടെ ചെയ്യപ്പെടേണ്ടവയാണ്. എല്ലാ സൗകര്യങ്ങളുമുള്ള കുടുംബത്തിന്നേ നിത്യക്രിയകൾ നിർവ്വഹിപ്പാനാകു എന്നു പറയേണ്ടതില്ലല്ലൊ.



* ഇതെല്ലാം നിശ്ചയിച്ച പണ്ടത്തേയും ഇന്നത്തേയും സാമുദായിക വ്യവസ്ഥിതികളിൽ ഗണ്യമായ വ്യത്യാസങ്ങളുണ്ട്. ഇന്ന് മേൽ ജാതി കീഴ് ജാതിയില്ല. നിയമപ്രകാരം- നിയമദൃഷ്ട്യാ- എല്ലാരും സമന്മാരാണ്. പരസ്പരാശ്രിത സ്വാമിഭേദങ്ങളില്ല. ക്ലപതമായ ജാതിത്തൊഴിലുകളുമില്ല. ആർക്കും എന്തും ചെയ്യാം അതിനാൽ നമ്മുടെ ക്രിയാദികളിൽ പങ്കു ചേരുവാൻ നമ്പൂതിരി, എമ്പ്രാന്തിരി, ചാർന്നമ്മ, ശീതികൻ, മണ്ണാത്തി മുതലായവരെ കിട്ടുന്ന കാര്യവും അത്ര എളുപ്പമല്ലാതായിരിക്കുന്നു. സാധിക്കുമെങ്കിൽ ആവട്ടെ, ഇല്ലെങ്കിൽ അവനവന് ചെയ്യാവുന്നവ അവനവൻ തന്നെ നിർവ്വഹിക്കുക. അതിൽ പാപമോ ദോഷമോ ഇല്ല എന്നു നിശ്ചയിക്കുക.

## പട്ടനാട്ടലും ക്രിയകളും

കുറിപ്പ് :

* 'പട്ട' എന്നത് കരിമ്പനയിലെ മൂത്ത പട്ടയുടെ ഓലനാക്കാണ്. ഒരു ചാൺ നീളത്തിൽ മുറിച്ചെടുക്കുക. പനയോല കിട്ടാൻ വഴിയില്ലെങ്കിൽ പ്ലാശിൻകമ്പ് ആവാം. പ്രേതാവാസത്തിന് ഒരു താൽക്കാലികത്താവളമാണ് പട്ട കൊണ്ട് സങ്കൽപിക്കുന്നത്.

  വീട്ടുമുറ്റത്ത് / നടുമുറ്റത്ത് സ്ഥലം വളച്ച് ശുദ്ധമാക്കണം.

**കരുതേണ്ട സാധനങ്ങൾ :**

* പട്ട- പട്ട മൂടിവെയ്ക്കാൻ ഒരു വട്ടി, മേലെവെയ്ക്കാൻ 'ഘന' മുള്ള കല്ലും.
* കുഴച്ച മണ്ണ് - ഒരു പൊതിച്ച നാളികേരത്തോളം.
* രണ്ടു കിണ്ടികളിൽ ജലം. ഒരു കുടത്തിലും.

- നൂൽകഷ്ണം (ശേഷത്തിലെ നൂൽ മതി)
- സ്വർണ്ണക്കഷ്ണം / പണം/ കാലുറുപ്പിക നാണ്യം (ഏതെങ്കിലും ഒന്ന്.
- ചെറുപൂള, ചന്ദനം
- എള്ള്
- ദർഭ - പവിത്രങ്ങൾ ആളുക്കൊന്നുവീതം
  തലപ്പുല്ലുകൊണ്ടുള്ള 'കൂർച്ചം' ഒന്നരച്ചാൺ നീളം - 1
  ദർഭയുടെ നടുക്കഷ്ണങ്ങൾ നാല് (ഒരു ചാൺ നീളം)
  - ദർഭയുടെ നടുക്കഷ്ണങ്ങൾ ഒന്നരചാൺ നീളത്തിൽ 2 കഷ്ണം
- വിളക്ക് (കത്തിച്ചുവെക്കുക)
- ക്രിയചെയ്യുന്നവർക്ക് ഇരിക്കാൻ പലക

(പട്ടയിലും കൂർച്ചയിലും ചെയ്യുന്ന ഉദകപ്രദാനങ്ങൾ ഒലിച്ചുപോവാൻ തക്കവണ്ണം സ്ഥലം സംവിധാനം ചെയ്യണം, ഇങ്ങോട്ടൊഴുകുകാതിരിക്കാൻ)

**കുറിപ്പ്:-** ഉദകക്രിയാവസരത്തിൽ ഒരു വൃക്ഷത്തിലേക്കാണല്ലോ പ്രേതത്തെ ഉദ്വസിച്ചത്. പട്ടയിലേക്ക് ആ വൃക്ഷത്തിൽ നിന്ന് ആവാഹിച്ച ശേഷമാണ് അതിൽ തർപ്പണാദികൾ ചെയ്യുന്നത്.

(മരിച്ചദിവസം തന്നെ ഉദകക്രിയ കഴിഞ്ഞ വഴിയെ പട്ടനാട്ടി ക്രിയതുടങ്ങുന്നു എന്നുള്ള അടിസ്ഥാനത്തിലാണ് ഇതെഴുതുന്നത്.

മറ്റൊരു ദിവസമാണ് പട്ടനാട്ടുന്നതെങ്കിൽ അന്ന് തുടങ്ങുന്ന ദിവസം വരെയുള്ള ഓരോ ദിവസത്തിന് വേണ്ടതിന് മേലെ



അന്നേക്കും വേണ്ട ക്രിയകൾ ചെയ്യണം.

- പട്ടയിലേക്ക് ആവാഹിക്കപ്പെടുന്നത് മൃത 'പ്രേത'ത്തെയാണ്. (ആവൃക്ഷത്തിൽ നിന്ന്)ആദ്യത്തെ ദിവസം ക്രിയാരംഭത്തിൽ ആവാഹിച്ചു നിർത്തി ക്കഴിഞ്ഞാൽ പിന്നെ ക്രിയാവസാനം വരെ അതിൽ തന്നെ സാന്നിദ്ധ്യം നിരന്തരമായുണ്ടെന്ന് സങ്കൽപ്പം. അതിനാൽ 'പ്രേത' ത്തെ പട്ടയിൽ നിന്ന് വിസർജ്ജനം ചെയ്യുന്ന കർമ്മം അവസാനദിവസമേയുള്ളൂ.

- എന്നാൽ കൂർച്ചത്തിൽ അന്നന്ന് ക്രിയാരംഭത്തിൽ ആവാഹിക്കപ്പെടേണ്ടതും' പിതൃരാജ'നായ ആര്യമാവിനെയാണ് എന്നു വ്യത്യാസം.പിണ്ഡപ്രധാനം കഴിഞ്ഞ് കാക്കക്ക് വെക്കാൻ എടുക്കും മുമ്പ് ഈ ' വിടുവിക്കൽ കർമ്മം നടത്തണം. അപ്പോൾ പട്ടയിൽ മൃതന്റെ പ്രേതാവാസം പട്ടപറിക്കും വരെ കൂർച്ചത്തിൽ പിതൃ അധിവാസം അന്നന്ന് ക്രിയാവേളയിൽ മാത്രം എന്ന് വ്യക്തമായല്ലോ.
- ഒന്നിലേക്ക് ആവാഹിക്കുക എന്നാൽ അതിലേക്ക് ക്ഷണിച്ചിരുത്തുക എന്നാണെന്നും, ഉദ്വാസനം മറ്റൊരിടത്തേക്ക് മാറ്റി പാർപ്പിക്കലും, വിസർജ്ജനം മുമ്പുണ്ടായിരുന്ന ദിക്കിലേക്കു തന്നെ (യഥാസ്ഥാനം) വിടുവിച്ച് പറഞ്ഞയക്കലുമാണ്. ആവാഹിക്കുമ്പോൾ ' വന്നു' വെന്നും 'വിസർജ്ജനം' നടത്തുമ്പോൾ പോയി എന്നും വിശ്വാസപൂർവ്വം സങ്കൽപ്പിക്കുക അത്ര തന്നെ.

## പട്ടനാട്ടലും ക്രിയകളും

- ക്രിയകളിൽ പങ്കെടുക്കുന്നവർ കുളിച്ച് ഈറൻ തറ്റുടുക്കുക. കുടത്തിൽ വെള്ളം കൊണ്ടുവരണം.

✷ മൂത്ത ആൾ തറ്റിനുമേലെ ശേഷവും കെട്ടണം.
✷ സ്ഥലത്ത് പലകമേൽ തെക്കോട്ട് തിരിഞ്ഞിരുന്ന് മോതിരവിരലിൽ പവിത്രമിട്ട് കിണ്ടികളിൽ ജലം നിറയ്ക്കുക. ജലങ്ങളിൽ മുൻപറഞ്ഞ ഏഴു തീർത്ഥങ്ങളെ സ്മരിച്ചു സങ്കൽപ്പിക്കുക.
✷ പട്ടുനാട്ടുവാനുള്ള ദിക്കിൽ തീർത്ഥം പ്രോക്ഷിച്ച് മണ്ണു കൊണ്ട് തറയുണ്ടാക്കി അതിൽ നടുക്ക് പേനക്കത്തി കൊണ്ടു സുഷിരമുണ്ടാക്കി വെയ്ക്കണം. ( പട്ട അനായാസമായി സ്ഥാപിക്കാൻ സാധിക്കുന്നതിന്)
✷ വിഘ്നേശ്വരനെ പ്രാർത്ഥിക്കുക.
✷ പട്ട കൈയ്യിലെടുത്ത് ഇടത്തെ കിണ്ടിയിലെ ജലത്താൽ കഴുകുക.
✷ പട്ടയും പൂവും കയ്യിലെടുത്ത് ചുറ്റും നോക്കി എല്ലാവരുടേയും ശ്രദ്ധയാകർഷിക്കുമാറ് ' പട്ടനാട്ടുകയല്ലേ?' എന്ന് ചോദിക്കുക. (മൂന്നു വട്ടം)
(ശരി ആവാം എന്ന് മറ്റുള്ളവർ അനുമതി നൽകണം)
✷ പട്ടകുത്തനെ നിൽക്കത്തക്കവിധം, ഒരംഗുലം ആഴത്തിൽ നാട്ടുക.
✷ പൂവും ജലവും കൈയ്യിലെടുത്ത് മാറോടുചേർത്ത് പിടിച്ച് മൃതന്റെ പ്രേതത്തെ മുമ്പ് ഉദ്വാസനം ചെയ്ത വൃക്ഷത്തിൽ നിന്ന് ഈ പട്ടയിലേക്ക് ആവാഹിക്കുക. അതായത് ആ വൃക്ഷം ഉപേക്ഷിച്ച് പ്രേതസാന്നിദ്ധ്യം ഈ പട്ടയിൽ ആയിരിക്കുന്നു എന്ന് സങ്കൽപ്പിച്ച് പട്ടയിൽ മൂന്നു പ്രാവശ്യം പൂവും ജലവും ഇട്ട് ആരാധിയ്ക്കുക.

(ഇതു മുതൽ പട്ടപറിക്കും വരെ പ്രേതസാന്നിദ്ധ്യം നിരന്തരമായി പട്ടയിൽ തന്നെയായിരിക്കും.)
✷ പട്ടയ്ക്കുള്ളിൽ പുതുപ്പണമോ സ്വർണക്ഷണമോ കാലു



റുപ്പികത്തുട്ടോ നിക്ഷേപിക്കാം. ഒരു കൈയ്യിൽ സ്വൽപ്പം ഭസ്മവും ജലവും എടുത്ത് പട്ടമേൽത്തളിക്കുക. പൂവും ചന്ദനവും കൊണ്ട് ആരാധിയ്ക്കുക.

✷ ശേഷത്തിൽ നിന്ന് ഒരു നൂലിഴയെടുത്തു പട്ടയെ വസ്ത്രസങ്കൽപ്പത്തോടെ ചുറ്റുക.
✷ ഒമ്പതുപ്രാവശ്യം ശുദ്ധജലം (നവദ്വാരശുദ്ധിക്കും)
പിന്നെ എള്ളും വെള്ളവും -3 പ്രാവശ്യ -1 ശുദ്ധജലം
ചന്ദനവും വെള്ളവും -3 പ്രാവശ്യ -1 ശുദ്ധജലം
ശേഷം തൊട്ട് വെള്ള -3 പ്രാവശ്യ -1 ശുദ്ധജലം

✷ പൂവും ചന്ദനവും സമർപ്പിച്ച് കുടുംബക്കാരേയോ ബന്ധുജനങ്ങളേയോ മറ്റുള്ളവരേയോ ജാഗ്രത്-സ്വപ്ന സുഷുപ്തി (ഉണർന്നിരിക്കെ-സ്വപ്നത്തിൽ ഉറക്കത്തിൽ) ഒന്നിലും ഒരു വിധത്തിലും ബാധിക്കയോ ഉപദ്രവിക്കയോ ചെയ്യരുതേ എന്നു പ്രാർത്ഥിക്കുക.

✷✷✷✷✷✷

**കൂർച്ചം** (വേണ്ടവ)
♦ കവ്യം (പിണ്ഡത്തിന്) തയ്യിർ, പാൽ, നെയ്യ്, മണൽ, പൂവ്, ചന്ദനം, എള്ള്, ദർഭത്തുണ്ട് 4 കൂർച്ചം 1 (പവിത്രം വേറെ വേണ്ട) നാക്കില 1.
♦ ഇനി പട്ടവെച്ചിട്ടുള്ളതിനു തൊട്ടുതാഴെ-
♦ അൽപ്പം മണൽ വിതറുക.
♦ തീർത്ഥം തളിക്കുക.(ഇനി വലത്തെ കിണ്ടിയിലെ ജലം മാത്രം)
♦ ദർഭകഷണങ്ങൾ 4 ( ഒരു ചാൺനീളം) കൈയ്യിലെടുത്ത് ശുദ്ധി വരുത്തി പൂവും കൂട്ടി ആ മണലിന്മേൽ വെയ്ക്കുക.

- തീർത്ഥം തളിയ്ക്കുക
- കൂർച്ചം ( കെട്ടിയത്) കൈയ്യിലെടുത്ത് തീർത്ഥം തളിച്ച് പൂവും കൂട്ടി ദർഭത്തുണ്ടുകൾ വെച്ചതിനു മേലെ വയ്ക്കുക.മൃതന്റെ പ്രേതത്തിന് ഗതി കൊടുത്ത് പിതൃപദവി അനുവദിക്കേണ്ടത് പിതൃരാജാവാണ്. ആ പിതൃരാജാവിനെ ഈ കൂർച്ചത്തിലേക്ക് ആവാഹിക്കുക. കൂർച്ചത്തിൽ പിതൃരാജസാന്നിദ്ധ്യം സങ്കൽപ്പിച്ച് പൂവും ചന്ദനവും അർപ്പിച്ച് ആരാധിക്കുക. മൃതന് സൽഗതി കൊടുക്കണേ എന്ന് പ്രാർത്ഥിക്കുക.
- കൂർച്ചത്തിൽ നിന്ന് പട്ടയുടെ അടി വരെ എത്തുന്ന ഒരു ദർഭത്തുണ്ട് വെച്ച് തീർത്ഥം തളിക്കുക.
- പിന്നെ ( ഇനിയെല്ലാം കൂർച്ചത്തിൽ സന്നിഹിതനായിരിക്കുന്ന പിതൃരാജാവിനെ ഉദ്ദേശിച്ച്- മൃതന്ന് സദ്ഗതി നൽകാനുള്ള പ്രാർത്ഥനയോടെ)

| | | | | |
|---|---|---|---|---|
| എള്ളുകൂട്ടി വെള്ളം | -3 പ്രാവശ്യം | - | ശുദ്ധജലം | 1 |
| ഗന്ധം-ചന്ദനം- കൂടി | -3 " | - | " | 1 |
| വാസോദകം(ശേഷം തൊട്ട്) (വെള്ളം) | 3 " | - | " | 1 |

പൂവെടുത്ത് മാറോട്ചേർത്ത് പ്രാർത്ഥിച്ച് അർപ്പിച്ച് തൊഴുക.

ഇനി പിണ്ഡസമർപ്പണത്തിന് (മുറ്റത്ത് തെക്കുവശത്ത് ഒരിടം ചാണകം തേച്ച് തയ്യാറാക്കുക. ഇത് ആദ്യ ദിവസം തന്നെ ചെയ്യുന്നതാണല്ലൊ)

- പവിത്രമെടുത്ത് കിണ്ടി മുരലിൽ ഇടുക.
- ഇലയിൽ കവ്യം വെച്ച് എള്ളും നെയ്യും കലർത്തിക്കുഴച്ച് വെയ്ക്കുക.
- കൈകഴുകി പവിത്രം ധരിക്കുക.



(മൂത്തആൾ - ശേഷം ചുറ്റിയ ആൾ- ക്രിയ ചെയ്യുമ്പോൾ മറ്റുള്ളവർ അദ്ദേഹത്തിന്റെ അടുത്ത് തൊട്ടു കൊണ്ട് നിന്നാൽ മതി എന്ന് മുമ്പ് പറഞ്ഞുവല്ലൊ. മറ്റുള്ളവർക്കും ചെയ്യണമെന്ന് നിർബന്ധമുണ്ടെങ്കിൽ ചെയ്യാം. പക്ഷെ പിണ്ഡാർപ്പണം മൂത്ത ആൾ മാത്രം ചെയ്താൽ മതി)

- കൂർച്ചത്തിന്റെ തലയ്ക്കൽ തീർത്ഥം തളിച്ച് കെട്ടഴിയ്ക്കുക (പിതൃരാജാവാണല്ലൊ അതിൽ)
- മൂന്നു പ്രാവശ്യം വെള്ളം കൊടുക്കുക.
- പിണ്ഡം ഒരുരുളയെയുക്കുക. (രണ്ട് പിണ്ഡങ്ങൾ എടുത്താൽ ഇലയിൽ സ്വൽപ്പം ബാക്കിയും ഉണ്ടാകണം)

(തറവാട്ടിൽ എന്തെങ്കിലും കാരണവശാൽ ഏതെങ്കിലും തലമുറയിലെ ആരെങ്കിലും ഗതി കിട്ടാതെയുണ്ടെങ്കിൽ അവർക്ക് സദ്ഗതി കൊടുക്കേണമേ എന്ന് പ്രാർത്ഥിച്ച് പിണ്ഡം കൂർച്ചത്തിന്മേൽ വെയ്ക്കുക. അതിന്മേൽ തൈരും പാലും (അടുത്തതിനും ബാക്കി വച്ച്)പകരുക) 3 പ്രാവശ്യം ജലം.

- രണ്ടാമത് അതുപോലെ ഒരു പിണ്ഡമെടുക്കുക. ( മൃതന്റെ പേര്, നാള്, ക്രിയചെയ്യുന്ന ആളുമായുള്ള ബന്ധം ഇവ സ്മരിച്ച് മൃതന്ന് വിശപ്പും ദാഹവും ബാധിക്കാതെ രക്ഷിക്കണേ എന്നും സദ്ഗതി കൊടുക്കേണമേ എന്നും പിതൃരാജാവിനോട് പ്രാർത്ഥിച്ച്)പിണ്ഡം ആദ്യത്തേതിന് താഴെ വെയ്ക്കുക. അതിന്മേൽ തൈരും പാലും പകരുക-3 പ്രാവശ്യംജലം.
- ശേഷത്തിൽ നിന്ന് ഒരു നൂലിഴയെടുത്ത് അതിന്മേൽ സമർപ്പിക്കുക. (വസ്ത്രസ്ഥാനത്ത്)
- എള്ളും പൂവും ചന്ദനവും എടുത്ത് പ്രാർത്ഥിച്ച് ആരാധിച്ച് തൊഴുക. എന്തെങ്കിലും തെറ്റോ കുറ്റമോ ന്യൂനതയോ പറ്റിയിട്ടുണ്ടെങ്കിൽ ക്ഷമിക്കണേ എന്ന് പ്രാർത്ഥിക്കുക.

- എല്ലാരും ആ വിധം ആരാധിച്ചു തൊഴുതുകഴിഞ്ഞാൽ കവ്യത്തിലെ ബാക്കിയുള്ളവറ്റുക്കളോടെ ആ ഇലയെടുത്ത് ഇലകീറാത്തവിധം തല കോട്ടി (ഇടത്തോട്ട് ) അതിൽ അൽപ്പം തീർത്ഥം, നെയ്യ്, ബാക്കിയുള്ള തൈര്,പാൽ എന്നിവയും ഒഴിച്ച് വലത്തെ തള്ളവിരൽ കൊണ്ട് കലക്കി ഇലയിലുള്ളവ പിണ്ഡങ്ങളോടുകൂടിയ കൂർച്ച

ത്തിന്ന് പ്രദക്ഷിണ രീത്യാ ലഭിക്കുമാറ് (3 ചുറ്റ്) ആ ഇല കൊണ്ട് പിണ്ഡാദികളെ മൂടുക. (ഉൾഭാഗം അടിയിൽ)

- ഇലമേൽ വെള്ളം തളിച്ച് വിരൽ കൊണ്ട് മൂന്നു വട്ടം 'മിടിക്കുക' (അടച്ചുവെയ്ക്കുമ്പോൾ പിണ്ഡരസം പിതൃ രാജാവ് സ്വീകരിക്കുന്നു എന്നും ഇലനീക്കം ചെയ്യുന്നത് അതു കഴിഞ്ഞ് അനുവാദത്തോടെയാണെന്നും സങ്കൽപ്പം)
- ഇല എടുത്ത് നടുവേ ചീന്തി ഓരോ പാതി ഓരോ വശ ത്തുവെയ്ക്കുക.
- കൂർച്ചത്തിൽ നിന്ന് പിതൃരാജാവിനെ 'യഥാസ്ഥാനം നമഃ' എന്നു വിസർജ്ജനം ചെയ്യുക.
- ഇപ്പോൾ പട്ടയിൽ പ്രേതസാന്നിദ്ധ്യം നിലനിൽക്കുന്നു കൂർച്ചത്തിൽ ഒന്നുമില്ല.
- പവിത്രം ഊരി വെയ്ക്കുക.

  ഇലയുടെ വലത്തെ പാളിയിൽ അവിടെ ഉപയോഗിദർഭ, പൂവ് മുതലായവ എടുത്തു വയ്ക്കുക. (കളയുവാൻ)
- കൈകഴുകി പവിത്രം ഇടുക, പിന്നെ പിണ്ഡങ്ങൾ വെച്ചി ട്ടുള്ളതു ഇലയോടെ ഇടതുകൈയ്യിൽ കിണ്ടി (വെള്ള ത്തോടെ)വലതുകൈയ്യിൽ കിണ്ടി എടുത്ത് കാക്കയ്ക്ക് ബലിവയ്ക്കേണ്ടുന്ന ദിക്കിലേക്ക് പോവുക. മൂത്ത ആൾ ബലി എടുക്കവെ മറ്റുള്ളവർക്കും അനുഗമിക്കാം ബലി വയ്ക്കേണ്ട സ്ഥലത്ത് കിണ്ടിയിലെ വെള്ളം തളിയ്ക്കുക.



പ്രാർത്ഥിച്ച് പിണ്ഡങ്ങൾ ഇലയോടെ അവിടെ വച്ച് 3 ജലം കൊടുക്കുക. മറ്റുള്ളവരും അപ്രകാരം ചെയ്യാം. കാക്കകൾ ഭയപ്പെടാത്തവിധം അവയെ ആകർഷിപ്പാൻ വേണ്ടവിധം'താളത്തിൽ കൈ കൊട്ടുക.

******

**കുറിപ്പ്:** പിതൃക്കൾ പിണ്ഡങ്ങളിലെ ഗന്ധരസാദികളെ മാത്രം സ്വീകരിക്കുന്നു. യജ്ഞത്തിൽ ദേവന്മാർ ഹവി സ്സിനെയെന്നപോലെ.

പിതൃക്കളുടെ പ്രതിനിധികളായ വായസങ്ങൾ (കാക്ക കൾ) സ്ഥൂലപിണ്ഡങ്ങളെഗ്രഹിയ്ക്കുന്നു.

പിണ്ഡത്തിൽ പാതി പഞ്ചഭൂതങ്ങൾക്ക് (മൃതശരീരഘ ടനയ്ക്ക്) ബാക്കിയിൽ പാതി യമദൂതന്മാർക്ക് ബാക്കിയുള്ള കാൽപങ്ക് മൃതന്ന്.

("ഭാഗദ്വയം തു ദേഹാർത്ഥം പ്രീതിദാഭൂതപഞ്ചക
തൃദീയം യമദൂതാനാം ചതുർത്ഥേനോപ ജീവതി")

- ഗാരുഡപൂരാണം.-

******

- സ്ഥലശുദ്ധി വരുത്തി പട്ടയെ പുതുവട്ടി കൊണ്ട് മൂടി മേലെ ഒരു കല്ലും വെയ്ക്കുക. ഇതുനായോ മറ്റോ വന്ന് അശുദ്ധപ്പെടുത്താതിരിപ്പാനായ് മാത്രമാണ്.
- ശേഷം തൂണിൽ ചുറ്റിവെയ്ക്കുക.ഇന്ന് ഇത്ര മതി, ഇനി നിത്യവും ഈ ക്രിയാക്രമം ആവർത്തിക്കണം. 12 ദിവ സങ്ങൾ ആവർത്തിച്ചു പറയട്ടെ,പട്ടയിൽ പ്രേതസാ ന്നിദ്ധ്യം ഉള്ളതിനാൽ ഇനി പറിക്കുംവരെ ആവാഹനം വേണ്ട.

(ഈ പ്രേതസാന്നിദ്ധ്യം സങ്കൽപ്പത്താൽ, പട്ടനാട്ടിയിട്ടുള്ള വീട്ടിൽ ചെന്നാൽ എല്ലാം മുക്കിക്കുളിച്ചേ സന്ദർശകർ സ്വന്തം വീട്ടിൽ പ്രവേശിക്കാറുള്ളു.)

## പട്ടപറിക്കൽ കർമ്മം

- ♦ പട്ടപറിക്കേണ്ടുന്ന ദിവസം ക്രിയാദികൾ കഴിഞ്ഞാൽ ബലി എടുക്കു ന്നതിന് മുമ്പ്-

  1) പട്ടയിൽ സാന്നിദ്ധ്യം സങ്കൽപ്പിച്ചിരിക്കുന്ന പ്രേതത്തെ അതിൽ നിന്ന് വിസർജ്ജനം ചെയ്യുക. 'പ്രേതത്വം വിട്ട' പ്തൃപദവി ലഭിച്ചു എന്ന് സങ്കൽപ്പിച്ച് പട്ടയിന്മേൽ ജലം തളിക്കുക. ഇപ്പോൾ പിതൃപദവിയിൽ പിതൃലോകത്തേക്ക് പോകുന്നു.

  2) മൃതന്റെ പിതൃപദവി അംഗീകരിച്ചു രക്ഷിപ്പാൻ പിതൃ രാജാവിനോട് പ്രാർത്ഥിച്ച് കൂർച്ചത്തിൽ പൂവിട്ടുതൊഴു ക. പിന്നെ കൂർച്ചത്തിൽ നിന്ന് പിതൃരാജാവിനെയും യഥാസ്ഥാനത്തേക്ക് എന്ന് വിസർജ്ജനം ചെയ്യുക.

  (ഇപ്പോൾ പട്ടയിൽ പ്രേതസാന്നിദ്ധ്യം ഇല്ല കൂർച്ചത്തിൽ പിതൃരാജ സാന്നിദ്ധ്യവുമില്ല.

  ഇനി പിണ്ഡബലി എടുപ്പാൻ വേണ്ടത് ചെയ്യുക.
- ♦ പതിവുപോലെ കാക്കയ്ക്ക് പിണ്ഡസമർപ്പണം കഴിഞ്ഞ ശേഷം വീണ്ടും പട്ടനാട്ടിയിട്ടുള്ള സ്ഥലത്തേക്ക് വരിക, (എല്ലാരും)
- ♦ മൂത്ത ആൾ എല്ലാരേയും നോക്കി "ഇനി പട്ടപറിക്ക ട്ടയോ" ' പട്ടപറിക്കട്ടയോ" പട്ടപറിക്കട്ടയോ" എന്നു മൂന്നു പ്രാവശ്യം ചോദിക്കുക.
- ♦ "പറിക്കാം" എന്ന് മറ്റുള്ളവർ പ്രതിവചിക്കണം.
- ♦ പിന്നെ പട്ടപറിച്ച് ചീന്തി നാക്കിലയിൽ വച്ച് ഇലയോടെ



മടക്കി വട്ടിയിലിട്ട്, ശേഷവും അതിലിട്ട് വട്ടിയും പണവും ശീതീകന്റെ കൈയ്യിൽ കൊടുക്കണം. പട്ടയോടും ശേഷത്തോടും കൂടിയവട്ടിയെ ശ്മശാനത്തിൽ കൊണ്ടിടു വാൻ നിർദ്ദേശവും കൊടുക്കണം. പിന്നെ വളച്ചതും മറ്റും നീക്കി സ്ഥലശുദ്ധി വരുത്തുക.

✳✳✳✳✳✳

പിന്നെ ക്രിയ ചെയ്തവർ കാലും മുഖവും കഴുകുക. ഒരു പാത്രത്തിൽ ഗോമൂത്രവും, വെള്ളവും, പാലും ഒഴിക്കു ക. പൂവും രണ്ടു ദർഭക്കഷണങ്ങളും രണ്ടു മാവിലകളും ഇടു ക. എല്ലാർക്കും ഇതു (ശീതികൻ) മാവിലയാൽ എടുത്തു തളിക്കണം.

ഒരു പലകമേൽ ഒരു വസ്ത്രം വച്ച് അതിന്മേൽ പുരുഷ ന്മാർ വലതുകാൽ വെച്ചും സ്ത്രീകൾ ഇടതുകാൽ വച്ചും തളി ഏൽക്കുന്നു. തളി കഴിഞ്ഞാൽ എല്ലാരും കുളിക്കണം.

✳✳✳✳✳✳

(ഇപ്പോൾ പുലബാക്കിയാണെങ്കിലും പ്രേതാശുദ്ധിയില്ല)

✸ അന്നുതന്നെ സന്ധ്യക്ക് :

മൃതനെ ആദ്യം നിലത്തിറക്കിക്കിടത്തിയ ദിക്കിൽ എന്നും ദീപം കത്തിക്കൊണ്ടിരിക്കുന്നുണ്ടല്ലോ.

നിറച്ചുവെച്ചതും വളച്ചതുമായ നെല്ലും അരിയുമെല്ലാം അവിടെയിരിക്കുന്നുണ്ട്.

## വിളക്ക് അണയ്ക്കൽ

(ഇത് ചാർന്നമ്മയുടെ അവകാശമാണ്)

- ♦ കുടുംബക്കാരെല്ലാം വന്നു നിൽക്കയും ദീപത്തെ തൊഴുതു വന്ദിക്കയും ചെയ്ക.

- വിളക്ക് അണയ്ക്കുന്ന ആൾ (ചാന്നമ്മ) മടക്കിയ കോടി വസ്ത്രവുമായി ദീപത്തിന്റെ അടുക്കൽ വന്നു നിൽക്കണം.
- പിന്നെ ചാന്നമ്മ' വിളക്കുകെടുത്തട്ടെ' വിളക്കുകെടുത്തട്ടെ" എന്ന് മൂന്നു പ്രാവശ്യം അവിടെക്കൂടിയിരുന്നവരോട് ചോദിക്കുക.
- ചുമതലപ്പെട്ട ഗൃഹസ്ഥൻ 'ശരി കെടുത്താം' എന്ന് പ്രതിവചിക്കണം.
- മൂന്നു പ്രാവശ്യം വസ്ത്രം വീശി വിളക്കുകെടുത്തണം. (വെളിച്ചം ആവശ്യമാണെങ്കിൽ വേറെ വിളക്കു കൊളുത്തി വയ്ക്കുക.
- ഈ ദിവസങ്ങളിൽ വളച്ചനെല്ലും നിറച്ചുവെപ്പും എല്ലാം മണ്ണാത്തിക്കുള്ളതാണ്. എടുത്തുകൊള്ളട്ടെ.
- സ്ഥലം മുൻപോലെ വൃത്തിയാക്കി ചാണകം മെഴുകുക.

******

കുറിപ്പ്: - വിളക്കു കെടുത്തൽ കർമ്മം പട്ടപറിക്കൽ കഴിഞ്ഞ അന്ന് വൈകുന്നേരം സന്ധ്യക്കാണല്ലോ ചെയ്യാറ് എന്നാൽ നീട്ടിവെയ്ക്കാതെ, ഇത് പട്ട പറിച്ച് ശീതികന്റെ കയ്യിൽ കൊടുത്തു കഴിഞ്ഞ വഴിയെ ചെയ്യുന്നതല്ലേ അധികം ശരി എന്നു സംശയം തോന്നുന്നു.

കാരണം പട്ടയിൽ നിന്ന് ക്രിയാനന്തരം പിതൃത്വം ലഭിച്ച മൃതൻ ('പ്രേതത്വം വിട്ട്) വിമുക്തനായി കഴിഞ്ഞുവല്ലോ.

അവിടെവെച്ചിരിക്കുന്ന ദീപം മൃതന്റെ ആത്മപ്രതീകമാണല്ലോ. പ്രതീകം മാത്രം.



അതിനാൽ ആ ദീപത്തിന് പട്ടപറിച്ച ശേഷം സ്ഥാനമില്ല എന്നാണ് ഒരു വിനീതാഭിപ്രായം.

സന്ധ്യാകാലത്തിനുള്ള പ്രസക്തിയും മനസ്സിലാകുന്നില്ല.

## **സഞ്ചയനം** (അസ്ഥിശേഖരിക്കൽ)

കുറിപ്പ്:- ചയനം എന്നാൽ ഒന്നിച്ചു ചേർക്കൽ, അഗ്നിസംസ്ക്കാരം എന്നൊക്കെ അർത്ഥം സമ്യക്കാകും വണ്ണം (വേണ്ടവിധം) ചയനം ചെയ്യൽ സഞ്ചയനം.

ശേഷക്രിയകളോട് നേരിട്ടു ബന്ധമില്ലെങ്കിലും സഞ്ചയനം സുപ്രധാനമായ ഒരു കർമ്മമാണ്. അതായത് ശ്മശാനത്തിൽ ചെന്ന് മൃതന്റെ ദേഹത്തിലെ അസ്ഥികളെ ശേഖരിക്കുക.

സ്വന്തം സ്ഥലത്താണ് ദഹനം നടന്നിരിക്കുന്നതെങ്കിൽ സൗകര്യം പോലെ ചെന്നു സഞ്ചയനം നടത്താം. പൊതു സ്ഥലത്താണെങ്കിൽ നേരത്തെ സഞ്ചയനം കഴിക്കയാണ് നല്ലത്. നല്ല ദിവസം - മുഹൂർത്തം നോക്കി വേണം ചെയ്യുക.

പട്ടനാട്ടിയ ക്രിയ നടക്കുന്ന ദിവസമാണെങ്കിൽ അന്നത്തെ ക്രിയാദികൾ കഴിഞ്ഞശേഷം മതി സഞ്ചയനം.

## കരുതേണ്ട സാധനങ്ങൾ

✸ പച്ചമൺകലം (ചൂളയിൽ വെയ്ക്കാത്ത കലം) അടപ്പോടെ. അല്പം ചെറിയ മൺപാത്രം - അടപ്പോടെ, (പച്ച മൺകലത്തിൽ ശേഖരിക്കുന്ന അസ്ഥിശേഷങ്ങൾ നദിയിൽ സ്ഥാപിക്കാനുള്ളതാണ്.വേവാത്ത മൺകലമായാലേ പാത്രം ഉടഞ്ഞ് അസ്ഥികൾ വെള്ളത്തിനടിയിലെ മണ്ണിൽ എളുപ്പത്തിൽ ചേരുകയുള്ളൂവല്ലോ.

ചെറിയ പാത്രത്തിലെ അസ്ഥി പുണ്യനദികളിൽ ഗംഗാദി തീർത്ഥ നദികളിൽ സ്ഥാപിക്കാനുള്ളതാണ്. അതുവരെ വീട്ടുവളപ്പിലെ ഒരു ദിക്കിൽ വെയ്ക്കുകയാണ് പതിവ്.)

- ✷ കോടിത്തോർത്ത് -1 (വലിയ മൺപാത്രം പൊതിയുവാൻ)

- ✷ പച്ചപ്പാളകൊണ്ട് ചെരിപ്പുപോലെ ഉപയോഗിക്കാവുന്ന വിധം ഉണ്ടാക്കിയ ചെരിപ്പുകൾ. ക്രിയ (അസ്ഥി പെറുക്കൽ) ചെയ്യുന്ന ഓരോരുത്തർക്കും ഒരു ജോഡി വീതം. ചിതാവശിഷ്ടങ്ങളിലെ വിഷാംശങ്ങൾ പാദങ്ങൾ വഴി ബാധിക്കാതിരിപ്പാൻ വേണ്ടിയാണിത്. അതിനാൽ ഇടതുകാലിൽ മാത്രം പോരാ. അധികമാളുകൾ സംബന്ധിക്കേണ്ടിയിരുന്നാൽ മാറി മാറിയിടുകയും ആവാമല്ലോ. പാളകോട്ടി ഉണ്ടാക്കിയ മൂന്നു പാത്രങ്ങളും (കുമ്പിളുകൾ) വേണം.
- ✷ പ്ലാശിൻ ചില്ലകൾ പൊളിച്ചുണ്ടാക്കിയ കൊടിലുകൾ (ഒന്നരചാൺ)
- ✷ ഒരു പരന്ന പാത്രത്തിൽ ഗോമൂത്രം (ഗോമൂത്രവും പാലും നാഴിവീതം അസ്ഥികൾ മുക്കിയെടുപ്പാൻ)
- ✷ നെയ്യ്, പാൽ, നവധാന്യങ്ങൾ, എള്ള്, പൂവ്.
- ✷ വാഴക്കന്ന്
- ✷ എണ്ണയും തിരിയുമിട്ട വിളക്ക്, തീപ്പെട്ടി, ദർഭ, ഒരാൾക്ക് രണ്ടുവീതം പവിത്രങ്ങൾ.
  (സഞ്ചയന സമയം വലിയ മൺകലം നദിയിൽ സ്ഥാപിക്കും വരെ) നദിയിൽ പിന്നീടുള്ള ബലിയിടുമ്പോൾ.



- ✷ ദർഭക്കഷണങ്ങൾ (ഒരു ചാൺ നീളത്തിൽ) നാല്.
- ✷ ചെറിയ കഷണങ്ങൾ നാല് (ഓരോ പാത്രത്തിൽ 2 വീതം ഇടുവാൻ)
- ✷ ഇളനീർ
- ✷ പുണ്യാഹച്ചുണ്ട ഒരു ചരടിൽ കോർത്തത്. വാച്ച് കെട്ടും പോലെ കൈയിൽ കെട്ടാനാണ്. ആളുക്കൊന്നു വീതം. (ഇത് കൈകളുടെ രക്ഷയ്ക്കാണ്.)
- ✷ കുടത്തിൽ വെള്ളം, ഒരു കിണ്ടി.
- ✷ കൈക്കോട്ടും കൊടുവാളും പേനക്കത്തിയും.
- ✷ ശേഷം (മൂത്ത ആളുടെ അരയിൽ)
  (സഞ്ചയനം ചെയ്യരുതാത്ത ദിവസങ്ങൾക്ക് അവസാനമുള്ള കുറിപ്പുകൾ നോക്കുക)

## **സഞ്ചയനക്രിയ** (ശീതികന്ന് ഇതിൽ പങ്കുണ്ട്)

കുറിപ്പ് : ഗോദാനമോ മറ്റോ ഉദ്ദേശമുണ്ടെങ്കിൽ പുറപ്പെടും മുമ്പ് ചെയ്യാം.

- ✷ സഞ്ചയനത്തിൽ പങ്കെടുക്കുന്നവർ കുളിച്ച് തറ്റുടുത്ത് (മൂത്ത ആളുടെ അരയിൽ ശേഷം വേണം) വേണ്ടുന്ന ദ്രവ്യങ്ങളോടെ ശ്മശാനത്തിലേക്ക് പോവുക.

- ✷ ചിതാസ്ഥാനത്തു നിന്ന് വിട്ട് വിളക്കുകൊളുത്തി വെയ്ക്കുക.

- ✷ പവിത്രം ഇടുക

- ✷ ചിതയിൽ ഉടനീളം തീർത്ഥസങ്കല്പത്തോടെ കുടത്തിലെ ജലം തളിക്കുക. ചിത ആറിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.

✷ പാളച്ചെരിപ്പുകൾ ധരിക്കുക.

✷ കിണ്ടിയിലെ ജലത്തിൽ എള്ളും പൂവുമിട്ട് തീർത്ഥ സങ്കൽപ്പത്തോടെ തൊഴുക.

✷ കിണ്ടിയുമെടുത്ത് ചിതയെ മൂന്നു വലത്തു വരിക.

✷ തലയ്ക്കലും നടുക്കും പാദങ്ങളിലും (അതാതു സ്ഥാനങ്ങളിൽ) വെള്ളം തളിയ്ക്കുക. തൊഴുക, പ്ലാശിൻ കൊടിൽ കൈയിലെടുക്കുക.

✷ പാളക്കുമ്പിളുകളിൽ - മൂന്നെണ്ണമുള്ളതിൽ - ഓരോ സ്ഥാനത്തേയും അസ്ഥികൾ പ്ലാശിൻ കൊടിൽ കൊണ്ടെടുത്തു ഓരോന്നിൽ ഇടുക. (മൂന്നു തുണ്ടുകൾ വീതം) (ഇതു ഒരേ ആൾ ചെയ്യണമെന്നില്ല എന്നു പറയേണ്ടതില്ലല്ലോ)

✷ പിന്നീട് ബാക്കിയുള്ളവയെ (എടുത്തശേഷം ബാക്കിയുള്ള എല്ലാ അസ്ഥി ഭാഗങ്ങളേയും) കൊടിലുകൾ കൊണ്ടുതന്നെയെടുത്ത് ആ വലിയ മൺപാത്രത്തിൽ നിക്ഷേപിക്കുക.

✷ അതിന്മേൽ തീർത്ഥവും ഗോമൂത്രവും പാലും നെയ്യും തളിച്ച് ആ കോടി വസ്ത്രത്തിന്മേൽ വെയ്ക്കുക. പാത്രത്തിൽ രണ്ടു ദർഭക്കഷണങ്ങൾ ഇടുക കോടിവസ്ത്രത്താൽ മൂടികെട്ടി, ദൂരെ വൃത്തിയായ സ്ഥലത്ത് വെയ്ക്കുക.

✷ ചിതയിൽ ബാക്കിയുള്ളതെല്ലാം എടുത്ത് ദൂരെക്കളയുക.

✷ ചിതയുടെ ചുററും അതിനോട് സംബന്ധപ്പെട്ട എല്ലാറ്റിനേയും (കുപ്പകൾ) എടുത്തുകളഞ്ഞ്, ചിതയുടെ



നാലുവശത്തുനിന്നും മണ്ണുവെട്ടിയെടുത്ത് ചിടുതാ സ്ഥാനത്തിട്ട് ഒരു തിട്ട് - തറ ഉണ്ടാക്കുക..

✷ ഇനി പാളകുമ്പിളുകളിലെ അസ്ഥികഷണങ്ങൾ ഓരോന്നായെടുത്ത് ഗോമൂത്രത്തിൽ മുക്കി, പാലിൽമുക്കി സൂര്യനെ കാണിച്ച് ആ ചെറിയ മൺപാത്രത്തിൽ ഇടുക.

✷ എല്ലാം ഇട്ടുകഴിഞ്ഞാൽ മൃതന്റെ വീട്ടുപേരും, പേരും,

ന ാ ള ു ം

സ്മരിച്ച്, അത് പരേതന്റെ സദ്ഗതിക്കായി തീർത്ഥ ന ദിയിൽ സ്ഥാപിക്കാൻ ഉള്ളതാണെന്നു സങ്കൽപ്പിച്ച് തീർത്ഥം തളിച്ച് എള്ളും പൂവും രണ്ടു ദർഭഷണങ്ങളും അതിലിട്ട് അടച്ചുവക്കുക.

✷ പാളചെരിപ്പുകൾ, കുമ്പിളുകൾ, കൊടിലുകൾ മുതലാ

യ

വയെല്ലാം (അഴിച്ച പവിത്രവും) ദൂരെ കളയുക. കൈകൾ കഴുകുക.

✷ ചിതാസ്ഥാനത്തുണ്ടാക്കിയ തറ മേൽ നവധാന്യങ്ങൾ വിതക്കുക. നടുക്ക് വാഴകന്നു നടുക. വിളക്കിലെ കത്തുന്നതിരി അതിന്നരികെ വാഴയുടെ വടക്കുവശത്ത് തെക്കോട്ട് നാളമാക്കി വക്കുക.

✷ വലിയ പാത്രം അസ്ഥിയോടെ (കോടിത്തോർത്തിൽ പൊതിഞ്ഞത്) എടുത്തുചുമലിൽ വെച്ചു അടുത്ത പുഴ

യ ് ക്ക േ ല ക്ക ു

പോവുക. (പുഴയില്ലാത്ത ദിക്കാണെങ്കിൽ ഒരൊഴിഞ്ഞ ദിക്കിൽ ആക്കേണ്ടിവരും.

✷ പുഴമണലിൽ ഒരു കുഴി - ആ പാത്രം നല്ലപോലെ ഇറങ്ങിയിരിക്കും വിധത്തിൽ ഉണ്ടാക്കുക.

✷ കോടിവസ്ത്രം നീക്കി ശീതികണ കൊടുക്കുക.

✷ പാത്രം കുഴിയിൽ ഇറക്കിവെച്ച് നന്നായി മൂടുക. ഒഴു

ക്കുള്ള സ്ഥലമല്ലെങ്കിൽ ധാരാളം വെള്ളം അതിനുമേൽ പകരുക.

- ✸ എല്ലാരും ഇനി കുളിക്കണം ശേഷം നനച്ചു പിഴിയുക.

കുറിപ്പ്: ഇവിടെ പുഴയ്ക്കൽ ഒരു സാധാരണ ഉദക ക്രിയ പതിവുണ്ട്. പിണ്ഡാർപ്പണമില്ല. (ഇതിനു വേണ്ട സാധനങ്ങൾ ആദ്യം കൊടുത്ത ലിസ്റ്റിൽ പറഞ്ഞിട്ടുണ്ട്)

- ✸ കുളിച്ച് തറ്റുടുത്ത് പവിത്രമിട്ട് ശേഷം ഉള്ള ആൾ ശേഷം ചുറ്റി) ഒരു കല്ലിന്നരികെയിരിക്കുക. മണൽകൊണ്ട് കല്ലി ന്മേൽ തിട്ട് ഉണ്ടാക്കുക.
- ✸ കിണ്ടി കഴുകി വെള്ളമെടുക്കുക. (പുഴയിൽ നിന്നു തന്നെ വെള്ളമെടുക്കാൻ സൗകര്യമുണ്ടെങ്കിൽ കിണ്ടി വെള്ളം ആവശ്യമില്ല.
- ✸ ദർഭകഷണങ്ങളിൽ നാല് കഷണങ്ങൾ എടുക്കുക, എള്ളും പൂവും ഇട്ടു തൊടുക.
- ✸ തലയുള്ള ഒരു ദർഭകഷണമെടുത്ത് പരേതനെ സ്മരിച്ച് അതിന്മേൽ വെക്കുക, തീർത്ഥം തളിക്കുക.
- ✸ എള്ളുകൊണ്ട് 3 വെള്ളം
  ചന്ദനം കൊണ്ട് 3 വെള്ളം
  ശുദ്ധജലം 3 പ്രാവശ്യം
  അർപ്പിക്കുക. പൂവിട്ട് വന്ദിക്കുക.
  എല്ലാരും തൊഴുതു കഴിഞ്ഞാൽ ആ ബലി വസ്തുക്കളെ പുഴവെള്ളത്തിലിട്ട് പവിത്രമൂരി, സ്ഥലം വൃത്തിയാക്കു ക. ചെറിയപാത്രത്തിലെ അസ്ഥി : പാത്രം ശേഷത്തിൽ ചുറ്റിയെടുക്കുക.
- ✸ ശിരസ്സിൽവെച്ച് വീട്ടുവളപ്പിലുള്ള ഏതെങ്കിലും പാലുള്ള വൃക്ഷത്തിന്ന് കീഴിൽചെന്നുനിൽക്കുക, ആ വൃക്ഷചുവ ട്ടിൽ ഒരു കുഴിയുണ്ടാക്കുക, കുഴിയിൽ പൂവും എള്ളും



രണ്ടുദർഭത്തുണ്ടുകളും നിക്ഷേപിക്കുക, ശേഷം കൈ യിൽവെച്ച് പാത്രം കുഴിയിൽ ഇറക്കിവെക്കുക, കുഴിമൂടി മേലെ ഒരു കല്ലുവെക്കുക.

- ♦ നാളികേരം ഉടച്ച് മുറികളിൽ എണ്ണയും തിരിയുമിട്ടു കത്തിച്ച് വെയ്ക്കുക.
- ♦ തൊഴുത് പ്രദക്ഷിണം വെച്ച് പോരിക.
- ♦ കുളിയ്ക്കുക.
- ♦ നെല്ലും പൊന്നും തൊടുക.

## പുലപിണ്ഡം (ഏകോദ്ദിഷ്ടം)

- ♦ കാലത്ത് 3 മണിയ്ക്ക് തുടങ്ങി 4 മണിയ്ക്കുള്ളിൽ കഴി യണം)
- ♦ പുലപോകുന്ന അന്ന് പുലർച്ചെ ചെയ്യുന്ന പിണ്ഡസമർപ്പ ണം.
- ♦ ഇത് കാക്കയിറങ്ങും മുമ്പ് കഴിയണം എന്നാണ് നിശ്ചയം പിതൃക്കളുടെ പ്രതിനിധികളാണ്. കാകന്മാർ പുപ്പിണ്ഡം പരേതനെമാത്രം ഉദ്ദേശിച്ചു ചെയ്യുന്ന പിണ്ഡാർപ്പണ മായതിനാലാവാം ഈ സമ്പ്രദായം മറ്റുള്ളവയിൽ പഞ്ച ഭൂതകൾക്കും യമഭൂതന്മാർക്കും കുടുംബത്തിൽ മുമ്പുമ രിച്ചവരിൽ ഗതികിട്ടാത്തവരുണ്ടെങ്കിൽ അവർക്കും അവ കാശമുണ്ട്.
- ♦ ഇതിന്ന് കവ്യം ഉണ്ടാക്കണം എന്നതിനെക്കാൾ പ്രധാനം നാലുകറികൾ വേണ്ട, എന്നതാണ്, ശ്രാദ്ധമുണ്ണാൻവവരുന്ന നമ്പൂതിരിതന്നെ ഇവയെല്ലാം തയ്യാറാക്കണമെന്നും ഉണ്ടെന്നുതോന്നുന്നു സാധിക്കു മെങ്കിൽ നല്ലതുതന്നെ.
- ♦ ഈ ദിവസത്തെ ഒരിടത്ത് "അനുസ്ഥരണി" എന്നും

വേറൊരിടത്തു "അനിസ്തരണി" എന്നും മറ്റൊരിടത്ത് 'അനുസ്ഥരിണി' എന്നും പറഞ്ഞുകാണുന്നു. 'അനുസ്ഥ രണി' ചെയ്യുക എന്നല്ലാതെ എങ്ങിനെ എന്നുപറഞ്ഞു കാണുന്നില്ല. അതെന്തെണെന്നു മനസ്സിലായില്ല. അനു സ്മരണ ദിനമെന്നാലും യുക്തിപോരാം അനിസ്തരണി എന്നത് എന്താണെന്നു അറിയുന്നവർ പറഞ്ഞറിയേണ്ടി യിരിക്കുന്നു.

******

- കരുതേണ്ട സാമഗ്രികൾ: ദാനങ്ങൾ കൊടുക്കുന്നുണ്ടെ ങ്കിൽ വേണ്ട ഏർപ്പാടുകൾ
- ബലിയ്ക്ക് കവ്യം, നാക്കിലയിൽ.
- ചെറിയ പാത്രങ്ങളിൽ പാൽ, നെയ്യ്, തൈര്, എള്ള്.
- അഞ്ജനം (ദർഭക്കുറ്റികൾ കത്തിച്ച് കെടുത്തിഇലയിൽ കുത്തിയാൽ കിട്ടുന്ന 'മഷി')
- നൂൽ ക്കഷണം
- പൂവ് ചന്ദനം
- നാക്കിലകൾ
- ദർഭ-പവിത്രങ്ങൾ (ആളുക്കൊന്ന് ഒന്നധികവും ) കൂർച്ചം 1 ഒരു ചാൺ നീളത്തിൽ നാലുതുണ്ടുകൾ ഒന്നരച്ചാൺ നീളത്തിൽ രണ്ട്
- എണ്ണയും തിരിയുമിട്ട് നിലവിളക്ക് 2 (1 ബ്രാഹ്മണൻ ഇരി ക്കുന്നവിടെ 1 ബലി ചെയ്യുന്നവിടെയ്ക്ക്.)
- ബ്രാഹ്മണന്നിരിപ്പാൻ പലക.
- ക്രിയചെയ്യുന്ന ആൾക്കും ഒരു പലക
- രണ്ടു കിണ്ടികൾ ഇടത്തേത് കൈകഴുകുവാൻ വല ത്തേതു ബലിയ്ക്കുപയോഗിക്കാൻ-
- പുണ്യാഹത്തിന്ന ബ്രാഹ്മണനോട് അന്വേഷിക്കുക.



( വേറെ ബ്രാഹ്മണൻ പുരോഹിതൻ ആയാൽ നന്ന്
1 കുംഭം (മൊന്ത)
മാവിലകൾ
നാളികേരം
നിവേദ്യത്തിനു വേറെ നാളികേരം മലർപഴം
കുംഭരത്നം. (കുംഭത്തിലിടുവാൻ പണം. 1 ക ആവാം)
കുംഭത്തെ ചുറ്റുവാൻ നൂൽ
കുംഭം വെയ്ക്കുവാൻ ഉണങ്ങലരി
നാക്കിലകൾ
ദർഭ (പവിത്രത്തിന്ന്)

- ക്രിയ ചെയ്യുന്നവരും ബ്രാഹ്മണരും കുളിച്ച് (ഈറനോടെ) തറ്റുടുത്തു തയ്യാറാവുക.
- കുളക്കരയിൽത്തന്നെ വിളക്കു കൊളുത്തിവെച്ച്, പവിത്രമിട്ട്-
- ബ്രാഹ്മണനെ പലകയിൽ ഇരുത്തി മൃതനെ സ്മരിച്ച് മൃതന്റെ സദ്ഗതിക്കായി പ്രാർത്ഥിച്ച് ദാനം കൊടുക്കു ക. (ദക്ഷിണ സഹിതം)
(ഭൂദാനമോ ഗോദാനമോ വേറെ ദാനമോ എന്തായാലും)
- ഗൃഹത്തിൽവന്ന് വിഘ്നനിവാരണത്തിന് മഹാഗണപ തിയെ പ്രാർത്ഥിക്കുക.
- പിന്നെ തെക്കോട്ടു തിരിഞ്ഞിരുന്ന് (ബ്രാഹ്മണൻ വട ക്കോട് തിരിഞ്ഞിരുന്ന നോക്കിയിരുന്ന്) ശ്മശാന ദക്ഷിണ എന്ന് സങ്കൽപിച്ച് ദാനം കൊടുക്കുക.

(വെറ്റില അടയ്ക്ക എല്ലാ ദക്ഷിണകൾക്കും വേണം ദാന ങ്ങളുടെ കൂടെ ദക്ഷിണകളും വേണം)

- ശ്രാദ്ധബലിക്കിരിക്കുക-മുമ്പ് ചെയ്തതിൽ നിന്ന് (പട്ട യ്ക്കൽ ) വലിയ വ്യത്യാസങ്ങളൊന്നുമില്ല.

- ഇത് പൂർണ്ണമായും മൃതന്റെ സദ്ഗതി ഉദ്ദേശിച്ചുള്ളതാണ്.
- ബലിയിടാൻ തുടങ്ങും മുമ്പ് ബ്രാഹ്മണന്ന് ഉണ്ണാൻ തയ്യാറായിരിക്കണം. നിലവിളക്ക്- താഴെ നാക്കിലമേൽ ഇടങ്ങഴിയും നാഴിയും നിറച്ചുവെച്ച്, ബ്രാഹ്മണൻ ഇലയിട്ട് എല്ലാം വിളമ്പി ഉണ്ണാൻ ഇരുന്നാൽ ബലികർമ്മം തുടങ്ങുക.

  (ഓർമ്മയുണ്ടല്ലോ ? പവിത്രമിടുക)
- നിലത്ത് ജലം തളിച്ച് കിണ്ടികൾ വെച്ച് ജലം നിറക്കുക.
- വലത്തെ കിണ്ടിയിൽ തീർത്ഥസങ്കല്പം ചെയ്യുക. പൂവും ചന്ദനവും എടുത്ത് ആരാധിച്ചു തൊഴുക.
- മുൻവശത്ത് തീർത്ഥം തളിച്ച് പൂവും ചേർത്ത് ആ 4 ദർഭകഷ്ണങ്ങൾ പ്രാർത്ഥിച്ചു വക്കുക.
- നീളം കൂടുതലുള്ള 2 പുല്ലുകൾ എടുത്ത് പൂ ചേർത്ത് അതിന്മേൽ വെക്കുക. ഇടത്തേത് എടുത്ത് മണത്ത് മുറിച്ച് പിന്നോട്ടിടുക.
- കുർച്ചം വെച്ച് മുമ്പുചെയ്തിട്ടുള്ളതുപോലെ പിണ്ഡാർപ്പണം ചെയ്യുക. കൂർച്ചത്തിന്റെ കെട്ടഴിക്കുക.
- ബ്രാഹ്മണർ 'കുടിക്കുന്നീര്' കഴിപ്പാൻ തയ്യാറായാൽ കൂർച്ചത്തിന്റെ തലയ്ക്കൽ തിലോദകം - 3 ഗന്ധോദകം - 3, ശുദ്ധോദകം - 1

  പൂവും ചന്ദനവും ഇട്ട് ആരാധിക്കുക.

  (അവിടെ വെച്ചിട്ടുള്ള പാൽ, തൈര്, നെയ്, അഞ്ജനം എല്ലാം പിണ്ഡങ്ങളിൽ പകർന്നുവല്ലൊ. നൂൽ ചുറ്റിയല്ലൊ.
- നാക്കിലയിൽ ചില വറ്റുകൾ ബാക്കിയുണ്ട്.
- ഇലയെടുത്ത് കീറാതെ കോട്ടി അതിൽ ബാക്കിയുള്ള



  പാലും നെയ്യുമെല്ലാം കോട്ടിയ ഇലയിൽ വീഴ്ത്തുക. കിണ്ടിയിൽ നിന്ന് അല്പം തീർത്ഥവും പകരുക. വലത്തെ തള്ളവിരൽ കൊണ്ടു കലക്കുക. പതുക്കെ പിണ്ഡകൂർച്ചങ്ങളെച്ചുറ്റി അതിലുള്ളതു മൂന്നുവട്ടം വീഴ്ത്തുക.
- ഇലകൊണ്ടു മൂടുക.
- ഇലയുടെ തലപ്പ് - നാക്ക് അല്പം കീറി തീർത്ഥം തളിച്ചെടുക്കുക,
- നടുവെ നീളത്തിൽ ചീന്തി പിണ്ഡങ്ങളുടെ ഇരുവശത്തും വെക്കുക.
- മുമ്പുചെയ്തിട്ടുള്ളതുപോലെ പിണ്ഡഭാഗങ്ങൾ മാത്രം വലത്തെ കഷ്ണത്തിൽ എടുത്തുവെക്കുക. എല്ലാവരും നമസ്കതരിക്കുക.
- പിണ്ഡസമർപ്പണത്തിന് ബ്രാഹ്മണന്റെ അനുമതിവാങ്ങി അതങ്ങനെ എടുത്ത് അടുത്തുള്ള കുളത്തിലോ പുഴയിലോ ഇടുക. വന്ന് ദക്ഷിണാദികൾ ചെയ്യുക.

സ്ഥലമെല്ലാം വൃത്തിയാക്കി എല്ലാവരും കുളിച്ച് ഈറനോടെ വന്ന് മുറ്റത്ത് നിൽക്കുക. ബ്രാഹ്മണൻ പുണ്യാഹം കൊണ്ടുവന്ന് എല്ലാവരുടെയും ദേഹത്തിൽ തളിക്കണം. എല്ലാവരും പുണ്യാഹതീർത്ഥം കയ്യിൽ വാങ്ങി സേവിക്കയും വേണം. പിന്നെ ഭസ്മചന്ദനാദികൾ ഇഷ്ടംപോലെ ധരിക്കുക. ഈറൻ മാറ്റാം. എല്ലാവരും ഇപ്പോൾ പരിശുദ്ധരായിരിക്കുന്നു.

******

## ഉച്ചക്ക് ശ്രാദ്ധം ഊട്ടൽ (ഇതും ഏകോദ്ദിഷ്ടം)

- സാധാരണ ശ്രാദ്ധത്തിന് വേണ്ടഎല്ലാം.
- ദാനസാധനങ്ങൾ,പണം(ബ്രാഹ്മണരെ കണ്ടുവെക്കണം)
- ശ്രദ്ധയാ കരണീയം ഇതിശ്രാർദ്ധം (ശ്രദ്ധയോടെ ചെയ്യേണ്ടതാകയാൽ ശ്രാർദ്ധം)
- ആദ്യം ബ്രാഹമണരെ കാൽ കഴുകുപ്പിച്ച് (അവർ തന്നെ കഴുകും) ആരാധിച്ച് ദക്ഷിണ നല്കുക. (പാദജലം കൊണ്ട് കണ്ണുതുടക്കാം, ശിരസ്സിൽ പ്രോക്ഷണം ചെയ്യാം) ഭോജനത്തിനുമുമ്പ് ഒരു പലക ഇരിക്കാൻ മറ്റൊരു പലകമേൽ ദർഭപ്പുല്ലുകൾ (കഷ്ണങ്ങൾ) വിരിച്ച് അതിനുമേൽ പാദങ്ങൾ വെച്ചുകഴുകണം. (ബ്രാഹ്മണർക്കറിയും)
- ബ്രാഹ്മണൻ ഊണുകഴിഞ്ഞ് 'കുടിക്കുന്നീർ 'കുടിക്കുമ്പോഴാണ് പിണ്ഡാർപ്പണത്തിനുമേൽ ഉദകം (കൂർച്ചത്തിൽ) സമർപ്പിക്കുക പതിവ്.
- ബലി പൂർത്തിയായാൽ മുറ്റത്തു മെഴുകിയതിനുമേൽ പിണ്ഡം സമർപ്പിക്കുക. കിണ്ടിയിലെ തീർത്ഥത്താൽ എല്ലാവരും അർഘ്യം കൊടുക്കാം. പവിത്രങ്ങൾ അഴിച്ചുകളയുക.
- കാക്കയെ ക്ഷണിക്കുന്ന താളത്തിൽ കൈകൊട്ടുക.
- പിതൃപ്രതിനിധി, കാക്കകൾ വന്നു പിണ്ഡം സ്വീകരിക്കും.
- ബ്രാഹ്മണർക്ക് ഭോജനദക്ഷിണ, വസ്ത്രദാനാദികൾ. കാശിയാത്രയെന്ന പതിവ് വേണമെങ്കിൽ ചെയ്യാം.
- കാശിയാത്ര പണ്ടെല്ലാം കാശിക്കു പോയിവരിക വളരെ വിഷമം പിടിച്ചതും കാലതാമസം നേരിടുന്നതുമായിരുന്നതിനാൽ ഇങ്ങിനെ സങ്കല്പംകൊണ്ടൊരു കാശിയാത്ര ഏർപ്പടുത്തിയതാണ്. ഇന്ന് കാശിക്ക് പോയി വരു വാൻ വിഷമമില്ലല്ലോ.



ദാനങ്ങൾ എത്രയെത്ര:

ഒരു ബ്രഹ്മണൻ ഒരു ദാനമേ സ്വീകരിക്കാവു എന്നുണ്ട്. കുട, വടി, ചെരുപ്പ്, (പുതിയജോഡി) വസ്ത്രം, വിളക്ക് (എണ്ണയും തിരിയുമിട്ട് കത്തുന്ന നിലയിൽ) ഉഴുന്ന്, എള്ള്, അരി, എണ്ണ, ഉപ്പ്, (ചെമ്പു പാത്രങ്ങളിൽ) വെള്ളി, സ്വർണ്ണം, (നാണ്യങ്ങൾ) ഗോദാനം - പ്രത്യക്ഷം, പ്രതീകം, ഭൂദാനം, കിടക്ക, ജലപാത്രം.

✳✳✳✳✳✳

പുനരാവിഷ്ക്കാരം

സാമന്തസമാജം, കൊച്ചി

21/09/2014